# ബൈബിൾഭാഷ്യം

## ദൈവത്തിൻെറ കാരുണ്യം

പത്രാധിപക്കുറിപ്പ്

യാഹ്‌വെ, കരുണയുടെ ദൈവം
റവ. ഡോ. ജോസഫ് കോട്ടയ്ക്കൽ

പ്രവചനങ്ങളിലെ കരുണാമയനായ ദൈവം
ഡോ. ജി. കണിയാരകത്ത്

"കൃപയുടെ ദൈവം"
വി. പൗലോസിൻെറ വീക്ഷണത്തിൽ
ഫ്രാൻസീസ് പെരേര എസ്. ജെ.

സുവിശേഷ കാരുണ്യം
ജോർജ്ജ് മങ്ങാട്ട്

ബൈബിൾ പ്രശ്നങ്ങൾ

ബൈബിൾ ആരാധനക്രമത്തിൽ



1981
മാർച്ച്

www.malankaralibrary.com

MALANKARA
LIBRARY
www.malankaralibrary.com

# പത്രാധിപസമിതി

ചീഫ് എഡിറ്റർ

മാത്യു വെള്ളാനിക്കൽ

അസി: എഡിറ്റർ

ജോസഫ് കോട്ടയ്ക്കൽ

മാനേജിംഗ് എഡിറ്റർ

തോമസ് കയ്യാലപ്പറമ്പിൽ

ബുക്ക്സ് റിവ്യൂ എഡിറ്റർ

ജോർജ്ജ് മണ്ഡാട്ട്

അസോ: എഡിറ്റേഴ്സ്

ജോൺ ബക്ക്മാൻസ്, കോട്ടയം
സി. എം. ചെറിയാൻ, ഡൽഹി
ജോർജ്ജ് കുന്താനം, ആലുവാ
ലൂസിയൻ ലെഗ്രാൻഡ്, ബാംഗ്ളൂർ
കെ. ലൂക്ക്, തൃശ്ശൂർ
ജോസഫ് പാത്രപാങ്കൽ, ബാംഗ്ളൂർ
ആർ. ജെ. രാജാ, തിരുച്ചിറപ്പള്ളി
ജോർജ്ജ് സ്വാരസ് പ്രഭു, പൂനാ

എഡിറ്റോറിയൽ അഡ്വൈസേഴ്സ്

റുഡോൾഫ് പെഷ്, ഫ്രെയ്ബർഗ്, പ. ജർമ്മനി
ഇഞ്ഞാസ് ദ് ലാ പോത്തെരി, റോമാ, ഇറ്റലി
റുഡോൾഫ് ഷ്നാക്കെൻബുർഗ്, വ്യൂർസ്ബർഗ്, പ. ജർമ്മനി
ബ്രൂസ് വോട്ടെർ, ഷിക്കാഗോ, അമേരിക്ക

പബ്ലിഷർ

മോൺ. സക്കറിയാസ് വാഴപ്പിള്ളി

www.malankaralibrary.com

ബൈബിൾ വിജ്ഞാനീയത്തിനു്

ഒരു ത്രൈമാസികം

# ബൈബിൾ ഭാഷ്യം

വാല്യം X ലക്കം 1 മാർച്ച്, 1981

## ദൈവത്തിൻെറ കാരുണ്യം


പേജ്

പത്രാധിപക്കുറിപ്പ്

യാഹ്‌വേ, കരുണയുടെ ദൈവം 5
റവ. ഡോ. ജോസഫ് കോട്ടയ്ക്കൽ

പ്രവചനങ്ങളിലെ കരുണാമയനായ ദൈവം 18
ഡോ. ജി. കണിയാരകത്തു്

''കൃപയുടെ ദൈവം''
വി. പൗലോസിൻെറ വീക്ഷണത്തിൽ 31
ഫ്രാൻസീസ് പെരേര എസ്. ജെ.

സുവിശേഷ കാരുണ്യം 46
ജോർജ്ജ് മങ്ങാട്ട്

ബൈബിൾ പ്രശ്നങ്ങൾ 62

ബൈബിൾ ആരാധനക്രമത്തിൽ 66


സെൻറ് തോമസ് അപ്പസ്തോലിക് സെമിനാരി
വടവാതൂർ, കോട്ടയം – 686010.

www.malankaralibrary.com

# മാന്യവരിക്കാരുടെ ശ്രദ്ധയ്ക്ക്

ബൈബിൾഭാഷ്യത്തിന്റെ പത്താം വാല്യത്തിന്റെ ഒന്നാം ലക്കം പ്രസിദ്ധീകരിക്കുന്ന ഇത്തരുണത്തിൽ മാന്യവരിക്കാരിൽ നിന്നും നാളിതുവരെ ലഭിച്ചിട്ടുള്ള എല്ലാ പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും സഹകരണവും ഞങ്ങൾ കൃതജ്ഞതാപുരസ്സരം അനുസ്മരിക്കുന്നതോടൊപ്പം ഏതാനും കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുന്നു:

1. ബൈബിൾഭാഷ്യം മാർച്ച്, ജൂൺ, സെപ്റ്റംബർ, ഡിസംബർ മാസങ്ങളിലാണ് പ്രസിദ്ധീകരിക്കുക.

2. ലേഖകരുടെ വ്യക്തിപരമായ അഭിപ്രായങ്ങൾ പത്രാധിപസമിതി അംഗീകരിക്കുന്നതാകണമെന്നില്ല.

3. പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ, പകരം അയയ്ക്കുന്ന പ്രസിദ്ധീകരണങ്ങൾ, നിരൂപണത്തിനുള്ള ഗ്രന്ഥങ്ങൾ, അന്വേഷണങ്ങൾ, അഭിപ്രായങ്ങൾ എന്നിവ ചീഫ് എഡിറ്റർ, ബൈബിൾഭാഷ്യം, വടവാതൂർ, കോട്ടയം-686010 എന്ന വിലാസത്തിൽ അയയ്ക്കുക.

4. വരിസംഖ്യ മുൻകൂർ, മണിയോർഡറായി അയയ്ക്കുക. കുടിശ്ശിക ഉണ്ടെങ്കിൽ തീർക്കുക. ചെക്കുകൾ സ്വീകരിക്കുന്നതല്ല.

5. കത്തിടപാടുകളിൽ രജിസ്റ്റർനമ്പർ പ്രത്യേകം കാണിച്ചിരിക്കണം.

മേൽവിലാസം
മാനേജർ
ബൈബിൾഭാഷ്യം
വടവാതൂർ
കോട്ടയം-686010

വാർഷികവരിസംഖ്യ

| | |
|---|---|
| മലയാളം | 10. 00 |
| ഒററപ്രതി | 2. 50 |
| ഇംഗ്ലീഷ് | 12. 00 |
| ഒററപ്രതി | 3. 00 |

www.malankaralibrary.com

# പത്രാധിപക്കുറിപ്പ്

"എന്നാൽ കരുണാസമ്പന്നനായ ദൈവം, നമ്മോടുള്ള തന്റെ സ്നേഹാധിക്യംനിമിത്തം, പാപംവഴി നാം മൃതരായിരുന്നിട്ടും മിശിഹായിൽ നമ്മെ ജീവിപ്പിച്ചു" (എഫേ. 2: 4–5).

കരുണാസമ്പന്നനായ ദൈവത്തെ അവതരിപ്പിക്കുന്ന വി. പൗലോസ്ശ്ലീഹായുടെ ലേഖനഭാഗമാണ് മേലുദ്ധരിച്ചതു്. ദൈവം കാരുണ്യത്തിന്റെ മൂർത്തീഭാവമാണ്. ഇതുതന്നെയാണ് പരിശുദ്ധ പിതാവു് യോഹന്നാൻ പൗലോസ് മാർപ്പാപ്പയുടെ ഈ അടുത്തകാലത്തു പ്രകാശനംചെയ്ത ചാക്രികലേഖനത്തിന്റെ ശീർഷകവും_ "കരുണാസമ്പന്നൻ" (Dives in Misericordia). പ്രസ്തുത ചാക്രികലേഖനത്തിൽ പരിശുദ്ധ പിതാവു പ്രസ്താവിക്കുന്നു, "ഇന്നത്തെ ലോകത്തിൽ അവശ്യാവശ്യമായിരിക്കുന്നതു് നീതിയേക്കാളുപരി കരുണയാണ്." ഇവിടെ കരുണകൊണ്ടു വിവക്ഷിക്കുന്നതു് ഉപരിപ്ലവമായ ഒരർത്ഥമല്ല, മറിച്ചു് വിപുലവും ഗഹനവുമായ ഒരർത്ഥമാണ്. കരുണ നീതിയെ ഉൾക്കൊള്ളുന്നുവെന്നു മാത്രമല്ല അതു നീതിയുടെ അതിർവരമ്പുകളെ മറികടക്കുകയും ചെയ്യുന്നു.

ആധുനികലോകത്തിൽ നീതിക്കുവേണ്ടിയുള്ള അടങ്ങാത്ത അഭിനിവേശം പല പ്രസ്ഥാനങ്ങൾക്കും സംരംഭങ്ങൾക്കും വഴി തെളിച്ചു. എന്നാൽ പലപ്പോഴും അത്തരം സംരംഭങ്ങൾ അക്രമാസക്തമായിത്തീരുകയും അനീതിയുടെ അഴിഞ്ഞാട്ടത്തിനു കാരണമാവുകയും ചെയ്തു. അതുകൊണ്ടു്, ദൈവത്തിന്റെ കാരുണ്യം ശരിയായ വിധത്തിൽ ഗ്രഹിക്കുകയും, മനസ്സിലാക്കുകയും അനുഭവവേദ്യമാക്കുകയും ചെയ്തെങ്കിൽ മാത്രമെ മനുഷ്യനു് യഥാർത്ഥമായ നീതിയിലധിഷ്ഠിതമായ ഒരു ജീവിതം നയിക്കുവാൻ സാധിക്കുകയുള്ളു. വെറും നീതി സമ്പത്തിന്റെ തുല്യമായ വിതരണത്തിനു് ശ്രമിക്കുമ്പോൾ, കരുണ മനുഷ്യനെ അവന്റെ മനുഷ്യമഹത്വത്തിലേക്കു പുനഃപ്രതിഷ്ഠിക്കുന്നു.

ദൈവം തന്റെ അനന്തമായ കാരുണ്യത്തിലൂടെ നമ്മെ അവിടുത്തെ മക്കളാക്കിത്തീർത്തു. അതുകൊണ്ടു്, നാമും നമുക്കു ലഭിച്ചിരിക്കുന്ന ദൈവകരുണയെ മറ്റുള്ളവർക്കുകൂടി പങ്കുവയ്ക്കുവാൻ പരിശ്രമിക്കണം. അങ്ങനെ മറ്റുള്ളവരും അവരുടെ മനുഷ്യമഹത്വത്തിലേക്കു് ഉയർത്തപ്പെടണം. കരുണയ്ക്കായി ദാഹിക്കുന്ന അനേകായിരങ്ങൾക്കു് സ്നേഹത്തിന്റേയും കാരുണ്യത്തിന്റേയും

www.malankaralibrary.com

ഔഷധം പകർന്നുകൊടുക്കുവാൻ വിളിക്കപ്പെട്ടവരാണ് നാം. ആകയാൽ, കരുണയുടെ അർത്ഥവും വ്യാപ്തിയും വ്യക്തമാക്കുവാനും, അതു നമ്മുടെ ജീവിതത്തിൽ പകർത്തുവാനും സഹായകമാകുന്നതിനും വേണ്ടിയാണ് ഈ ലക്കത്തിലെ ബൈബിൾഭാഷ്യത്തിൻെറ വിഷയമായി 'കരുണ' സ്വീകരിച്ചിരിക്കുന്നത്.

കോട്ടയം സെൻറ് തോമസ് അപ്പസ്തോലിക് സെമിനാരിയിലെ ബൈബിൾ പ്രൊഫസ്സറായ ഡോക്ടർ ജോസഫ് കോട്ടയ്ക്കൽ രചിച്ചതാണ് പ്രഥമലേഖനം. പഴയനിയമത്തിലെ കരുണയുടെ ദൈവത്തെ അവതരിപ്പിക്കുകയാണ് അദ്ദേഹം തൻെറ ലേഖനത്തിലൂടെ.

കോട്ടയം അപ്പസ്തോലിക് സെമിനാരിയിലെ പ്രൊഫസ്സറായ ഫാദർ ജോർജ്ജ് കണിയാരകത്ത്, ദൈവകരുണയെക്കുറിച്ച് പ്രവാചകന്മാർക്കുള്ള ഉൾക്കാഴ്ചകളെ വിശകലനം ചെയ്യുകയാണ്, "പ്രവചനങ്ങളിലെ കരുണാമയനായ ദൈവം" എന്ന ലേഖനത്തിലൂടെ.

ഈ ലക്കത്തിലെ മൂന്നാമത്തെ ലേഖനം, കോട്ടയം സെൻറ് തോമസ് അപ്പസ്തോലിക് സെമിനാരിയിലെ പ്രൊഫസ്സറായ ഫാദർ ജോർജ്ജ് മങ്ങാട്ടിൻേറതാണ്. സുവിശേഷകാരുണ്യത്തെ താരതമ്യപഠനംവഴി സമ്യക്കായി അവതരിപ്പിക്കുകയാണ് ലേഖനകർത്താവ്.

നാലാമത്തെ ലേഖനം പൂന പൊന്തിഫിക്കൽ അത്തിനിയത്തിലെ പ്രൊഫസ്സറായ ഫ്രാൻസീസ് പെരേര എസ്. ജെ.യുടേതാണ്. പൗലോസിൻെറ ലേഖനങ്ങളിലെ കരുണാസമ്പന്നനായ ദൈവത്തെ സജീവമായി അവതരിപ്പിക്കുകയാണ് അദ്ദേഹം തൻെറ ചെറുലേഖനത്തിലൂടെ.

www.malankaralibrary.com

# യാഹ്‌വേ, കരുണയുടെ ദൈവം

റവ. ഡോ. ജോസഫ് കോട്ടയ്ക്കൽ

കരുണാസമ്പന്നനും ദയാവല്ലഭനും, ക്ഷമാപൂർണ്ണനുമായി ദൈവത്തെ അനുഭവിച്ചറിഞ്ഞ മനുഷ്യൻെറ ചേതോവികാരങ്ങൾ പലവിധത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരു ഗ്രന്ഥസമാഹാരമാണ് പഴയനിയമം.

കാരുണ്യത്തിൻെറ പ്രകടനമെന്നോണം മനുഷ്യനോട് സ്നേഹത്തിലധിഷ്ഠിതമായ സംഭാഷണത്തിനു ദൈവം സ്വയം തയ്യാറാകുന്നുണ്ട്. ദൈവകരുണയുടെ ഈ പ്രകടനം മൂന്നു തലങ്ങളിൽ നമുക്കു മനസ്സിലാക്കാം.

I ദൈവകരുണ— ദൈവത്തിൻെറ പ്രത്യേക തിരഞ്ഞെടുപ്പിൽ

II ദൈവകരുണ— മാനസാന്തരത്തിനുള്ള അത്യുത്തമ മാർഗ്ഗം

III ദൈവകരുണ— സാഹോദര്യസ്നേഹത്തിനാധാരം

**പദപ്രയോഗം**

ദൈവകരുണയെ പ്രതിപാദിക്കാൻ പഴയനിയമകർത്താക്കൾ 'hesed' (ഹേസദ്) 'rahamim' (റഹാമിം) എന്നീ പദങ്ങളാണ് പ്രധാനമായും ഉപയോഗിക്കുക.

മനുഷ്യൻെറ സന്മനോഭാവത്തെയാണ് 'Hesed' ദ്യോതിപ്പിക്കുക. പരസ്പരസ്നേഹബന്ധത്തിൽ നിന്നുത്ഭവിക്കുന്ന ഒന്നാണീ മനോഭാവം. സ്നേഹിതന്മാർ തമ്മിലും, അതിഥിയും ആതിഥേയനും, ഗുരുവും ശിഷ്യനും, ഉടമ്പടിക്കാർ തമ്മിലുമുള്ള സ്നേഹബന്ധങ്ങൾ ഇതിനുദാഹരണമാണ്. 'Hesed' എന്നതു് ഒരു മനോഭാവമെന്നതിലുപരി, വിശ്വാസത്തിലും പ്രത്യാശയിലുമധിഷ്ഠിതമായ സ്നേഹബന്ധത്തിൻെറ ഒരു പ്രകടനംകൂടിയാണ്. ഈ അർത്ഥത്തിൽ hesed ദൈവത്തിൻെറ കൃപയും സ്നേഹവും വ്യക്തമാക്കുന്നുണ്ടു്.

യാഹ്‌വേയുമായി ബന്ധപ്പെടുത്തി 'hesed' ഉപയോഗിക്കുമ്പോഴെല്ലാം ഇതു് ഇസ്രായേൽ ജനതയുമായുള്ള അവിടുത്തെ ഉടമ്പടിയുമായി ബന്ധപ്പെട്ടാണു കിടക്കുക. ദൈവം തൻെറ

www.malankaralibrary.com

അനന്തകാരുണ്യത്താൽ പ്രേരിതനായി സ്വാതന്ത്ര്യമനസ്സോടെ ഉടമ്പടിയിലൂടെ മനുഷ്യരുമായി ബന്ധപ്പെടുന്നു. ഈ ഉടമ്പടി കാത്തുസൂക്ഷിക്കുകയും, പുലർത്തുകയും, അതിലെ നിബന്ധനകൾ പാലിക്കുകയും ചെയ്യുന്നവരെ വിശ്വസ്തരെന്നാണ് വിളിക്കുക (സങ്കീ. 50: 5). ഇവരെ നീതിമാന്മാരെന്നും (ഏശ. 57: 1); സത്യസന്ധരെന്നും (മിക്ക. 7: 2); ദൈവഭയമുള്ളവരെന്നും (സങ്കീ. 85: 8) വി. ഗ്രന്ഥം വിളിക്കുന്നുണ്ട്. അതുകൊണ്ട് നീതിമാന്മാർക്ക് ഉടമ്പടിപ്രകാരം ദൈവത്തിന്റെ കരുണയെ ന്യായപൂർവ്വം അവകാശപ്പെടാമെന്ന് ഇസ്രായേൽക്കാർ കരുതുന്നു.

എന്നാൽ ഇസ്രായേൽക്കാർ ഉടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കുന്നതോടെ ഉടമ്പടിപ്രകാരമുള്ള ദൈവത്തിന്റെ സകല ബാദ്ധ്യതകളും തീരുന്നു. ഈ പ്രത്യേകാവസരത്തിലാണ് ദൈവത്തിന്റെ കാരുണ്യം (hesed) പ്രത്യക്ഷമാവുന്നത്. ഈ കാരുണ്യം അടങ്ങിയിരിക്കുന്നത് വഞ്ചനയെ അതിജീവിക്കുന്ന സ്നേഹവും, പാപത്തിന്റെ ശക്തിയെ അധീനപ്പെടുത്തുന്ന കൃപാവരവും പ്രദാനം ചെയ്യുന്നതിലാണ്.

ചുരുക്കത്തിൽ കാരുണ്യത്തിന്റെ ഈ വശം ദൈവത്തിന് തന്നോടുതന്നെയുള്ള വിശ്വസ്തതയുടെ പ്രത്യക്ഷീകരണമാണ്. അതുകൊണ്ടാണ് എസക്കിയേൽ ദീർഘദർശിവഴി കർത്താവ് പറയുന്നത്: ''അല്ലയോ ഇസ്രായേൽ ഗോത്രമേ, ഞാൻ നിങ്ങളോട് അനുഭാവം പ്രകടിപ്പിക്കുന്നത് നിങ്ങളെപ്രതിയല്ല, മറിച്ച്, വിജാതീയരുടെയിടയിൽ നിങ്ങൾ അശുദ്ധമാക്കിയ എന്റെ തിരുനാമത്തെ പ്രതിയാണ് (എസ. 36: 22). അതിനാൽ ഇസ്രായേൽക്കാർ തങ്ങൾ ഉടമ്പടി ലംഘിച്ച എന്ന മനോവേദനയാൽ പശ്ചാത്താപവിവശരായിത്തീർന്നാൽപ്പോലും സാമാന്യനീതിയനുസരിച്ച് അവർക്ക് ദൈവകരുണയെ അവകാശപ്പെടാനാവില്ല. എന്നിരുന്നാലും ഉടമ്പടിയുടെ അടിസ്ഥാനവും ആദികാരണവും ദൈവത്തിന്റെ സ്നേഹമാകയാൽ ദൈവത്തിന്റെ കാരുണ്യം ലഭിക്കുമെന്ന പ്രതീക്ഷയിൽ അവർക്ക ജീവിക്കാം. ഈ കരുണയുടെ ഫലമായി തങ്ങളുടെ തെററുകൾക്ക് പൊറുതിയും, കൃപാവരത്തിന്റെ പൂർണ്ണതയിലുള്ള പുന:സ്ഥാപനവും സമുദ്ഭൂതമാകുന്നു. ഇതുവഴി ദൈവവും മനുഷ്യനുമായുള്ള ആന്തരികബന്ധവും പുന:സ്ഥാപിക്കപ്പെടുന്നു. ചുരുക്കത്തിൽ hesed ന്റെ ധ്വനിയും ഉടമ്പടിയുടെ ആശയവും അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. ദൈവം തന്റെ ഉടമ്പടിയോടും വാഗ്ദാനങ്ങളോടും, മനുഷ്യന്റെ അവിശ്വസ്തതയ്ക്കിടയിൽപ്പോലും വിശ്വസ്തനായിരിക്കുകയാൽ. അവിടുത്തെ കരുണയിൽനിന്ന് യഥാർത്ഥരക്ഷയും നമുക്ക പ്രതീക്ഷിക്കാം. അങ്ങനെ കരുണ രക്ഷാകരചരിത്രത്തിലെ ഒരു കണ്ണിയായി മാറുന്നു[1].

www.malankaralibrary.com

കാരുണ്യത്തെ നിർവ്വചിക്കാനും ദ്യോതിപ്പിക്കുവാനും വേണ്ടി പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന രണ്ടാമത്തെ പദമാണ് 'rahamim'. 'Hesed'ൽ നിന്നും വ്യതിരിക്തമായ ഒരാശയമാണ് ഇതുൾക്കൊള്ളുക. ദൈവത്തിന്റെ സ്നേഹത്തേയും അതിൽനിന്ന് ഉദ്ഭൂതമാകുന്ന വിശ്വസ്തതയേയും ഉത്തരവാദിത്വത്തേയും 'hesed' സൂചിപ്പിക്കുമ്പോൾ, മാതൃസ്നേഹത്തെയാണ് rahamim സൂചിപ്പിക്കുന്നത് (ഉല്പ. 43: 30; രാജ. 3: 26; ഏശ. 49: 15; സുഭാ. 12: 10). 'Rehem' എന്ന വാക്കിന്റെ അർത്ഥംതന്നെ 'മാതാവിന്റെ ഉദരം' എന്നാണ്. അതുകൊണ്ട് ഈ വാക്കു സൂചിപ്പിക്കുന്ന കാരുണ്യം പ്രധാനമായും ശാരീരികവും വികാരപരവുമാണ്. ശാരീരികബന്ധമാണല്ലോ ഒരു കുട്ടിയെ അമ്മയുമായി അടുപ്പിക്കുന്നത്. ഇവിടെ അമ്മയ്ക്കു കുട്ടിയോടു് ഒരു പ്രത്യേക സ്നേഹവും ബന്ധവും ഉടലെടുക്കുന്നു.

ഈ സ്നേഹം വ്യക്തിഗതമായ ഗുണഗണങ്ങൾകൊണ്ട് സാധിച്ച ഒന്നല്ല, മറിച്ച് പൂർണ്ണമായും ഒരു ദാനമാണ്. ഈ അർത്ഥത്തിൽ ഇതു് ആന്തരികമായ ഒരു ബന്ധവും ഹൃദയത്തിന്റെ ഐക്യവും ഉൾക്കൊള്ളുന്നുണ്ട്. ഈ മാനസിക പശ്ചാത്തലത്തിനാനുപാതികമായി 'rahamim' നന്മനോഭാവം, ആർദ്രത, ദയ, സഹനം, ക്ഷമ എന്നീ സദ്‌വികാരങ്ങൾ ധ്വനിപ്പിക്കുകയും സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്[2]. അങ്ങനെ rahamim അതിന്റെ തനതായ അർത്ഥത്തിൽ ഹൃദയഐക്യത്തെ— മാതാപിതാക്കളും മക്കളും, സഹോദരീസഹോദരന്മാർ തമ്മിലുമുള്ള ഐക്യത്തെ— സൂചിപ്പിക്കുന്നു.

വിശ്വസ്തതനിറഞ്ഞതും, കീഴടക്കാനാവാത്തതുമായ ഈ സ്നേഹം പഴയനിയമത്തിൽ പല തരത്തിൽ പ്രകടിപ്പിച്ചിട്ടുണ്ട്. അപകടങ്ങളിൽനിന്നും, ശത്രുക്കളിൽനിന്നുമുള്ള രക്ഷയും വ്യക്തിപരവും സാമൂഹികപരവുമായ പാപങ്ങളിൽ നിന്നുമുള്ള മോചനവും, കർത്താവു ചെയ്ത വാഗ്ദാനം മനുഷ്യരുടെ അവിശ്വസ്തതക്കിടയിൽപ്പോലും നിറവേററുവാനുള്ള സന്നദ്ധതയുമെല്ലാം ഈ സ്നേഹത്തിന്റെ പ്രകടനമാണ്. ഈ ആശയം ഓസിയ ദീർഘദർശിയുടെ പുസ്തകത്തിൽ കാണുന്നുണ്ട്: "ഞാനവരുടെ അവിശ്വസ്തതയെ സുഖപ്പെടുത്തും, ഞാനവരെ സ്നേഹിക്കും" (ഓസി. 14: 5).

ദൈവത്തിന്റെ കരുണയെ വ്യക്തമാക്കുന്ന മററു പല പ്രതിപാദനങ്ങളും പഴയനിയമത്തിൽ നമുക്കു കാണാം. എന്നാൽ മേല്പറഞ്ഞ രണ്ടു പദങ്ങളും പ്രത്യേകം ശ്രദ്ധാർഹങ്ങളാണ്. കാരണം, അവ കരുണയുടെ മാനുഷിക വശങ്ങളെ അതിന്റെ തനതാത്മകതയിൽ അവതരിപ്പിക്കുന്നു എന്നതുതന്നെ. ഇതിനാനുപാതികമായി 'സപ്തതി' തർജ്ജമയിൽ ഉപയോഗിച്ചിരിക്കുന്നതു്

www.malankaralibrary.com

'Eleos' ഉം 'Pathos' ഉം ആണ്. ഇവക്കു് ഹീബ്രുവിലുള്ള അത്ഥം മുഴുവനായും ധ്വനിപ്പിക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ പുതിയ നിയമത്തിൽ ഇവക്കു് പഴയനിയമത്തിൽ ഉണ്ടായിരുന്ന അത്ഥങ്ങൾക്കു പുറമേ കൂടുതൽ അത്ഥവും വ്യാപ്തിയും കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. ക്രിസ്തുനാഥൻ തന്റെ പഠനങ്ങളിലൂടെയും പ്രവത്തനങ്ങളിലൂടെയും ദൈവകരുണയെ അതിന്റെ പൂണ്ണതയിൽ വെളിപ്പെടുത്തി.

പഴയ ഉടമ്പടിയിലെ പങ്കുകാരെന്ന നിലക്കു് സ്വജീവിതാനുഭവങ്ങളിലൂടെ, അനുഭവിച്ചറിഞ്ഞ ദൈവകരുണയുടെ പശ്ചാത്തലത്തിലാണു് ക്രിസ്തുനാഥൻ ജനങ്ങളെ പഠിപ്പിച്ചതു്. അതിനാൽ പുതിയ നിയമത്തിലെ ദൈവകരുണയുടെ അനുഭവം സാമൂഹികവും സംഘാതാത്മകവും, വ്യക്തിഗതവും ആന്തരികവുമാണു്.

## 1. ദൈവകരുണ– ദൈവത്തിന്റെ പ്രത്യേക തിരഞ്ഞെടുപ്പിൽ

ദൈവത്തിന്റെ അനന്തമായ സ്നേഹം അവിടുത്തെ സൃഷ്ടികമ്മത്തിലും ഇസ്രായേൽ ജനതയുടെ തിരഞ്ഞെടുപ്പിലും, പഴയ ഉടമ്പടിയിലും അവണ്ണനീയമാംവിധം പ്രതിഫലിക്കുന്നുണ്ടു്.

സൃഷ്ടികർമ്മം:

സൃഷ്ടികമ്മത്തിന്റെ വിവരണത്തിൽ പ്രീസ്റ്റലി പാരമ്പര്യവും (Priestly tradition) യാഹ്‌വിസ്റ്റ് പാരമ്പര്യവും (Yahavist tradition) ഒരുപോലെ സ്ഥിരീകരിക്കുന്ന ഒന്നാണു് മനുഷ്യന്റെ നേക്കുള്ള ദൈവത്തിന്റെ അനന്തമായ സ്നേഹം. പ്രീസ്റ്റലി പാരമ്പര്യമനുസരിച്ചുള്ള വിവരണത്തിൽ ദൈവം ആകാശവും ഭൂമിയും അവയിൽ സ്ഥിതി ചെയ്യുന്ന സകലവും സൃഷ്ടിച്ച ശേഷമാണു് അവിടുന്നു് മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കുവാനുള്ള തീരുമാനമെടുക്കുന്നതു്. (ഉല്പ. 1: 26f) ദൈവത്തിന്റെ സൃഷ്ടിപരമായ എല്ലാ കഴിവുകളും അവിടുന്നുപയോഗിച്ചിരിക്കുന്നതു് മനുഷ്യനന്മയെ ലക്ഷ്യമാക്കിയാണു് (ഉല്പ. 1: 28–31).

യാഹ്‌വിസ്റ്റു പാരമ്പര്യമനുസരിച്ചുള്ള വിവരണത്തിലും ദൈവത്തിനു് മനുഷ്യനോടുള്ള അനന്തമായ സ്നേഹത്തെയാണു് സൂചിപ്പിക്കുക. ഇതനുസരിച്ചു് ദൈവം മനുഷ്യനെയാണു് ആദ്യം സൃഷ്ടിക്കുന്നതു്. അവനുവേണ്ടിയാണു് ഒരു മനോഹര പറുദീസാ അവിടുന്നു തയ്യാറാക്കിയതും. തന്റെ സൃഷ്ടിയായ മനു

www.malankaralibrary.com

ഷ്യനോടുള്ള സ്നേഹം മൂലമാണ് (rahamim) അവനു സഹായി യായി ഹവ്വായെ സൃഷ്ടിക്കുവാൻ ദൈവത്തെ പ്രേരിപ്പിച്ചതും (ഉല്പ. 2: 15–18).

തിരഞ്ഞെടുപ്പ്:

ഇസ്രായേലിനെ ദൈവം തിരഞ്ഞെടുത്തത് അവരുടെ കഴിവുകളുടെ അടിസ്ഥാനത്തിലായിരുന്നില്ല, മറിച്ച് അവിടുത്തെ കരുണയുടേയും സ്നേഹത്തിന്റേയും പ്രകടനമായിരുന്നു അത്. ആവർത്തന പുസ്തകകർത്താവ് ഈ വസ്തുതയെ പലപ്പോഴും സ്മരിക്കുന്നുണ്ട്.

"നിങ്ങളുടെ ദൈവമായ കർത്താവിനു് നിങ്ങൾ വിശുദ്ധ ജനമാകുന്നു. ഭൂമിയിലുള്ള എല്ലാ ജനങ്ങളിൽ നിന്നും നിങ്ങളുടെ ദൈവമായ കർത്താവ് തന്റെ പ്രത്യേക ജനമായി നിങ്ങളെ തിരഞ്ഞെടുത്തു. എണ്ണത്തിൽ മറ്റെല്ലാ ജനതകളേയും പിന്നിലാക്കിയതിനാലല്ല, നിങ്ങളെ ദൈവം സ്നേഹിച്ചതും തിരഞ്ഞെടുത്തതും. കാരണം, നിങ്ങൾ മറ്റെല്ലാ ജനതകളേയുമപേക്ഷിച്ച് എണ്ണത്തിൽ കുറവാണ്. ദൈവം നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പിതാക്കന്മാരോട് ചെയ്ത വാഗ്ദാനം പാലിക്കുകയും ചെയ്യുക നിമിത്തമാണ്, അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്നു് നിങ്ങളെ ആനയിക്കുകയും ഫറവോന്റെ കയ്യിൽ നിന്നു് കരുത്തേറിയ തന്റെ കരം വഴി നിങ്ങളെ രക്ഷിക്കുകയും ചെയ്തതു് (ആവ. 7: 6–8).

ഇസ്രായേൽ ജനതയുടെ തിരഞ്ഞെടുപ്പിനു വഴിയൊരുക്കിയതു് അതിനു മുമ്പ് വ്യക്തികളിലൂടെ നടന്ന തിരഞ്ഞെടുപ്പാണ്. അബ്രാഹത്തിനു മുമ്പുവരെ നാം ഒരു തിരഞ്ഞെടുപ്പും കാണുന്നില്ലെങ്കിൽപോലും, അവിടെയും ചില വ്യക്തികൾക്ക്– ആബേൽ (ഉല്പ. 4: 4), ഏനോക്ക് (5: 24), നോഹ് (7: 1), ഷേം (9: 26) – ദൈവം പ്രത്യേക മുൻഗണനകളും ആനുകൂല്യങ്ങളും കൊടുക്കുന്നതായി കാണുന്നുണ്ട്. ഇവയെല്ലാം ആത്യന്തികമായി അബ്രാഹത്തിന്റെ തിരഞ്ഞെടുപ്പാകുന്ന ആ നിർണ്ണായക സംഭവത്തെ മുന്നിൽ കണ്ടുകൊണ്ടുള്ളതായിരുന്നു. ഭൂമിയിലെ സകല ജനപദങ്ങളേയും അനുഗ്രഹിക്കുന്നതിനുവേണ്ടി, ദൈവം തന്റെ കരുണയാൽ പ്രേരിതനായി പാപമാർഗ്ഗത്തിൽ ചരിച്ചിരുന്ന ജനപദങ്ങളുടെയിടയിൽനിന്നു് അബ്രാഹത്തെ അവിടുന്നു് തിരഞ്ഞെടുത്തു (ഉല്പ. 11: 4).

"ഞാൻ നിന്നിൽനിന്നൊരു വലിയ ജനവിഭാഗത്തെ നിർമ്മിക്കും, നിന്നെ ഞാൻ അനുഗ്രഹിക്കും, നിന്റെ നാമം മഹത്വമുള്ളതാക്കും, നീ അനുഗൃഹീതനാവുകയും ചെയ്യും. നിന്നെ ആ

www.malankaralibrary.com

ശീർവ്വദിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും, നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നീ വഴി ലോകത്തിലെ എല്ലാ വംശവും അനുഗ്രഹിക്കപ്പെടും (ഉല്പ. 12: 2–3).

ദൈവം തന്റെ തിരഞ്ഞെടുപ്പിന്റെ ഉദ്ദേശ്യം പിന്നീടു വെളിപ്പെടുത്തിയതു് ഗോത്രപിതാക്കന്മാരിലൂടെയായിരുന്നു. അപ്പോഴെല്ലാം അവിടുത്തേയ്ക്കു് ഒരു പദ്ധതിയുണ്ടായിരുന്നു. പ്രകൃത്യാ അവകാശികളായ, ഏലിയാസറോ, ഇസ്മായേലോ, ഏസാവോ, രൂബനോ അല്ല, മറിച്ചു് ഇസഹാക്കും, യാക്കോബും, യൂദായും മററുമാണു് ദൈവത്തിന്റെ തിരഞ്ഞെടുപ്പിലൂടെ അനുഗ്രഹം പ്രാപിക്കുന്നതു്.

ദൈവത്തിന്റെ തിരഞ്ഞെടുപ്പും അതിനെത്തുടർന്നുള്ള സ്വാഭാവിക പ്രതിസന്ധികളും മനുഷ്യദൃഷ്ടിയിൽ വിരോധാഭാസങ്ങളായി തോന്നിയേക്കാം. ദൈവത്തിന്റെ പ്രവർത്തനം പലപ്പോഴും മാനുഷിക പദ്ധതികളേയും പ്ലാനുകളേയും തകിടം മറിക്കുന്നവയായിരിക്കും. എന്നിരുന്നാലും അവിടുന്നു് എപ്പോഴും തന്റെ വാഗ്ദാനങ്ങളോടു് വിശ്വസ്തത പുലർത്തിക്കൊണ്ടു തന്റെ തിരഞ്ഞെടുപ്പിന്റെ ലക്ഷ്യത്തിലേക്കു മനുഷ്യനെ നയിക്കുന്നു.

ഉല്പത്തി മുഴുവനും നിറഞ്ഞു നില്ക്കുന്ന അബ്രാഹത്തിന്റെ വിളിയും, അതിന്റെ പരിണിത ഫലങ്ങളും ഇതാണു വ്യക്തമാക്കുക. ഇതേ അനുഭവം തന്നെ പിന്നീടു് മോശയുടേയും, പ്രവാചകന്മാരുടേയും, രാജാക്കന്മാരുടേയും, പുരോഹിതന്മാരുടേയും, വിളിയിലും (തിരഞ്ഞെടുപ്പിലും) കാണാവുന്നതാണു് 3.

ഉടമ്പടി:

ദൈവത്തിന്റെ തിരഞ്ഞെടുപ്പുകളുടെയെല്ലാം ലക്ഷ്യം മറെറല്ലാ ജനതകളുടേയും ലക്ഷ്യത്തിൽ നിന്നു് വ്യത്യസ്തമായ ഒന്നായിരുന്നു. എന്നാൽ ഈ വിളിയുടെ അടിസ്ഥാനം ഏതെങ്കിലും യാദൃച്ഛിക സംഭവങ്ങളോ, മാനുഷിക പരിഗണനയോ ആയിരുന്നില്ല, മറിച്ചു്, ദൈവത്തിന്റെ സ്വതന്ത്രമായ മനസ്സിൽ നിന്നുത്ഭവിച്ച തീരുമാനമായിരുന്നു അതു്. ഈ ബോധ്യം ഉടമ്പടിയുടെ അവിഭാജ്യഘടകമാണു്.

ജോഷ്വായുടെ നേതൃത്വത്തിൽ ഷെക്കേമിൽവച്ചു് ദൈവം നടത്തിയ ഉടമ്പടി, ഇസ്രായേലിന്റെ ചരിത്രത്തിലെ തിരഞ്ഞെടുപ്പിലേയ്ക്കുള്ള ഒരു പിന്തിരിയലും, അതിനു പ്രത്യുത്തരം നല്കുവാനുള്ള ഒരാഹ്വാനവുമായിരുന്നു. (ജോഷ്വാ 24: 3, 15). ഇതേ ആശയം തന്നെ സീനായു് മലയിൽവച്ചു നടത്തിയ ഉടമ്പടിയുടെ നടപടി ക്രമത്തിലും കാണുന്നുണ്ടു്: "നീ ഞങ്ങളെ നി

www.malankaralibrary.com

ന്റെ അവകാശികളാകും (പുറ. 34: 9); നിങ്ങളെ ഞാൻ മററു ജനതകളുടെയിടയിൽ എന്റെ ജനമായി കണക്കാക്കും (പുറ. 19: 5). ഇതേ ആശയം തന്നെ ബാലാമിന്റെ പ്രവചനങ്ങളിലും കാണാം: "ദൈവം ശപിക്കാത്തവനെ എനിക്കെങ്ങനെ ശപിക്കാനാവും ....... ഇതാ ഒരു ജനത, മററു ജനങ്ങളിൽ നിന്നു് വ്യതിരിക്തമായി ജീവിക്കുകയും, അവരിൽ നിന്നു് വിഭിന്നരായി കണക്കാക്കപ്പെടുകയും, ചെയ്യുന്ന ഒരു ജനത" (സംഖ്യ. 23: 8–9).

ദൈവം എപ്പോഴും ഇസ്രായേലുമായി ബന്ധപ്പെട്ടിരുന്നതു് ഈ തിരഞ്ഞെടുപ്പിന്റേയും ഉടമ്പടിയുടേയും വെളിച്ചത്തിലാണു്. ആമോസു് പ്രവാചകൻ പറയുന്നതുപോലെ, ചില കാലങ്ങളിൽ അവിടുന്നു് അവരെ ശിക്ഷിച്ചിരുന്നു: "ഭൂമിയിലെ എല്ലാ ജനതകളിലും വച്ചു് ഞാൻ നിങ്ങളെ മാത്രമേ അറിഞ്ഞിട്ടുള്ളു. അതുകൊണ്ടു് നിങ്ങളുടെ എല്ലാ തെററുകൾക്കും ഞാൻ നിങ്ങളെ ശിക്ഷിക്കും" (ആമോ. 3: 2). എന്നാൽ പലപ്പോഴും ദൈവം തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനതയോടു് പ്രത്യേകമാം വിധം കാരുണ്യം പ്രകടിപ്പിച്ചിരുന്നു. ജറമിയാസു് പ്രവാചകനിലൂടെ ദൈവം പറയുന്നു: "ആകാശത്തിന്റെ ഉയരവും ഭൂമിയുടെ അടിസ്ഥാനങ്ങളുടെ ആഴവുമളക്കുവാൻ ആർക്കെങ്കിലും കഴിയുമെങ്കിൽ, എനിക്കു് ഇസ്രായേൽ ജനതയേയും ഉപേക്ഷിക്കാനാവും" (ജറ. 31: 37). ഏശയായും ഇതേ ആശയം വ്യക്തമാക്കുന്നുണ്ടു്; ഒരു സ്ത്രീയ്ക്കു് തന്റെ കുഞ്ഞിനെ മറക്കാനാവുമോ? തന്റെ ഉദരത്തിൽ നിന്നുള്ള ശിശുവിനോടു് അവൾ ദയ കാണിക്കാതിരിക്കുമോ? ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറന്നാലും, ഞാൻ നിന്നെ മറക്കുകയില്ല (ഏശ. 49: 19; 50: 1).

ചുരുക്കത്തിൽ ദൈവം തന്റെ കാരുണ്യവർഷംകൊണ്ടു് ലോകത്തിന്റേയും അതിന്റെ ചരിത്രത്തിന്റേയും കേന്ദ്രബിന്ദുവായി ഇസ്രായേൽ ജനതയെ തിരഞ്ഞെടുത്തു. അതുപോലെ തന്നെ തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനതയെക്കുറിച്ചാണു് അവിടുന്നു ചിന്തിക്കുന്നതും, അവരുടെ നന്മയ്ക്കു വേണ്ടിത്തന്നെയാണു് അവിടുന്നു് ഈ ലോകം ഭരിക്കുന്നതും പരിപാലിക്കുന്നതും.

## 2. ദൈവകരുണ— മാനസാന്തരത്തിനുള്ള അത്യുത്തമമാർഗ്ഗം

മനുഷ്യൻ എപ്പോഴെല്ലാം തന്റെ നീചവും പാപകരവുമായ ജീവിതത്തെപ്പററി ബോധവാനാകുന്നുവോ, അപ്പോഴെല്ലാം ദൈവം തന്റെ അനുപമ കാരുണ്യത്തിന്റെ മുഖം അവർക്കു വെ

www.malankaralibrary.com

ളിപ്പെടുത്തിയതായി പഴയനിയമം ആവർത്തിച്ചു പറയുന്നുണ്ട്. അതുകൊണ്ടാണ് "ദൈവത്തിനു നന്ദി പറയുവിൻ എന്തെന്നാൽ അവിടുത്തെ കാരുണ്യം അനന്തമാകുന്നു" (സങ്കീ. 107: 1) എന്നും, "തങ്ങളുടെ പരാധീനതയിൽ അവിടുത്തോട് യാചിക്കുന്നവർക്ക് അവിടുന്ന് അളവില്ലാത്തവിധം കാരുണ്യം കാട്ടുന്നുവെന്നും" സങ്കീർത്തകൻ പറയുന്നതും. (സങ്കീ. 107: 23; 4: 2; 6: 3; 9: 14; 25: 16)

ദൈവമായ കർത്താവ് കാരുണ്യവും കൃപയുമുള്ളവനാണ്; ക്ഷമയും മഹാദയയും വിശ്വസ്തതയുമുള്ളവനത്രേ അവിടുന്ന്. അനേകായിരം തലമുറകളോളം കാരുണ്യം കാണിക്കുന്നവനും ദുഷ്ടതയും അക്രമവും പാപവും ക്ഷമിക്കുന്നവനുമത്രേ അവിടുന്ന്. എങ്കിലും കുററക്കാരെ കുററമില്ലാത്തവരെന്ന് പ്രഖ്യാപിക്കാത്തവനും, എന്നാൽ പിതാക്കന്മാരുടെ ദുഷ്ടതകൾക്ക്, മക്കളേയും മക്കളുടെ മക്കളേയും മൂന്നും നാലും തലമുറകൾ വരെ ശിക്ഷിക്കുന്നവനുമാണ് (പുറ. 34: 6–7).

### കരുണയും ശിക്ഷയും

പാപത്തിന്റെ ഫലങ്ങൾ നാലാം തലമുറവരെ ഒരുവനെ പിന്തുടരാൻ ദൈവം അനുവദിക്കുന്നു. പാപത്തിന്റെ ഗൗരവം മനസ്സിലാക്കാൻ വേണ്ടിയാണ് അവിടുന്നിങ്ങനെ ചെയ്യുന്നത്. ഇത് പാപിയുടെ ഹൃദയത്തോടു സംസാരിക്കാനുള്ള ഒരു വഴിയുമാണ് (ഓസി. 2: 16). എന്നാൽ അവിടുത്തെ കാരുണ്യം അനേകായിരം തലമുറകളിലേയ്ക്കു നീണ്ടുകിടക്കുന്നു, എന്നതിനാൽ ഇത് അവിടുത്തെ അനന്തക്ഷമയുള്ളവനാക്കിത്തീർക്കുന്നു. സ്വപുത്രന്റെ ആഗമനംവരെ ദൈവത്തിന്റെ മനുഷ്യനുമായുള്ള ബന്ധങ്ങൾ കാരുണ്യത്തിലും ശിക്ഷയിലും അധിഷ്ഠിതമായിരുന്നു.

നാം ലോകത്തിന്റെ ആരംഭം മുതലുള്ള മനുഷ്യചരിത്രം പഠിക്കുമ്പോൾ രണ്ടു തലങ്ങൾ നമുക്കു മനസ്സിലാക്കാനാവും:– മനുഷ്യന്റെ പക്ഷത്തു നിന്നുള്ള പാപത്തിന്റെ വദ്ധനവും ദൈവത്തിന്റെ ഭാഗത്തുനിന്നുള്ള അനന്ത കാരുണ്യത്തിന്റെ വർദ്ധനവും.

ആദിമാതാപിതാക്കളുടെ ആദ്യപാപത്തിനു് ദൈവം അവരെ ശിക്ഷിച്ചു. എന്നാൽ അവിടുന്ന് അവർക്ക് ഒരു വലിയ പ്രതീക്ഷയും അവസാനം നിത്യരക്ഷയും വാഗ്ദാനം ചെയ്തു (ഉല്പ. 3: 15). പിന്നീട് കായേനും ശിക്ഷിക്കപ്പെട്ടു. എന്നാൽ അവിടുത്തെ കാരുണ്യം ആ ശിക്ഷയേക്കാൾ വലുതായിരുന്നു (ഉല്പ. 4: 15). കായേന്റെ സന്താനപരമ്പരയിലുണ്ടായ രക്തച്ചൊരിച്ചിലും (ഉല്പ. 4: 23; 5: 28–29). 'ദൈവപുത്രന്മാരും മനുഷ്യപുത്രി

www.malankaralibrary.com

കളും' തമ്മിലുണ്ടായ അവിഹിത ബന്ധങ്ങളിലും (6: 1–4), ബാബേൽ ഗോപുരം പണിയാൻ തുടങ്ങിയ ജനങ്ങളുടെ അഹങ്കാരത്തിലും (11: 4, 7–8; 12: 1–3) ദൈവത്തിന്റെ കാരുണ്യം പ്രകടമാണ്.

ന്യായാധിപന്മാരുടെ പുസ്തകത്തിലും നാം കാണുന്നത്, മനുഷ്യരുടെ അവിശ്വസ്തതയിൽനിന്നുടലെടുക്കുന്ന ദൈവകോപവും, എന്നാൽ ഒരു രക്ഷകനെ അയയ്ക്കുന്നതുവഴി പ്രകടമാകുന്ന ദൈവകരുണയുമാണ് (ന്യായ. 2: 18; 3: 7–9).

പ്രവാചകന്മാർ ദൈവകരുണയെ ദൈവത്തിന്റെ അനന്തസ്നേഹവുമായി ബന്ധിപ്പിക്കുന്നു. ദൈവത്തിന് ഇസ്രായേലിനോടുണ്ടായിരുന്ന സ്നേഹത്തെ ഭാര്യാഭർത്തൃബന്ധത്തോടാണ് പ്രവാചകന്മാർ ഉപമിക്കുന്നത് (ഓസി. 2: 21–25; എശ. 54: 6–8). ദൈവം എപ്പോഴെല്ലാം ഇസ്രായേലിനോടു കരുണ കാണിക്കുകയില്ലെന്നും അവളെ ശിക്ഷിക്കുമെന്നും തീരുമാനിക്കുകയും ചെയ്തിട്ടുണ്ടോ (ഓസി. 1: 6) അപ്പോഴെല്ലാം അവിടുത്തെ ഹൃദയം പരിവർത്തനവിധേയമാവുകയും അവിടുത്തെ ഹൃദയം ഉണർത്തപ്പെടുകയും അങ്ങനെ തന്റെ കോപം പ്രാവർത്തികമാക്കുകയില്ലെന്ന് തീരുമാനിക്കുകയും ചെയ്യുന്നു (ഓസി. 41: 8–9) എന്ന് ഓസിയാ പ്രവാചകൻ പറയുന്നു.

പ്രവാചകന്മാർ എത്ര വലിയ ദുഃഖദുരിതങ്ങൾ ഇസ്രായേലിനെതിരായി പ്രവചിച്ചാലും അവർക്ക് ദൈവത്തിന്റെ ഹൃദയവിശാലത അറിയാമായിരുന്നു. കാരണം, ദൈവം ചോദിക്കുന്നു: ''എഫ്രായിം എന്റെ പ്രിയ ഭാജനമാണോ? അവൻ എന്റെ വാത്സല്യ പുത്രനാണോ? എന്തെന്നാൽ ഞാനവനെ ഭയപ്പെടുത്തുന്നതിനനുസരിച്ച് ഞാൻ അവനെക്കുറിച്ച് ചിന്തിക്കുന്നു. എന്റെ ഹൃദയം അവന്റെ നേരെ ചലിക്കുന്നു. അതിനാൽ എനിക്ക് അവനോട് ദയയുണ്ടാകണം'' (ജറ. 31: 20; എശ. 49: 14: 57: 7; സങ്കീ. 103: 8; 130: 7; 136: 2).

### കരുണയും മാനസാന്തരവും

പശ്ചാത്താപവും മാനസാന്തരവും എപ്പോഴെല്ലാം ദൈവം കാണുന്നുവോ അപ്പോഴെല്ലാം തന്റെ ജനത്തെ കൃപാവരത്തിലേക്കും സൗഭാഗ്യത്തിലേക്കും അവിടുന്നു കൊണ്ടുവരുന്നു (ജറ. 31: 20; എശ. 39: 25–29). കരുണയുടെ ആത്യന്തികലക്ഷ്യം പാപികളുടെ മാനസാന്തരമാണ്. ഇതിന്റെ ഒരു ഉദാഹരണമാണ് നാം യോനായുടെ പുസ്തകത്തിലെ നിനിവേ നിവാസികളുടെ മാനസാന്തരചരിത്രത്തിൽ വായിക്കുന്നത്: ''തങ്ങളുടെ ദുഷ്ടതയിൽ നിന്ന് അവർ പിന്മാറിയിരിക്കുന്നുവെന്ന് അവരുടെ പ്രവൃത്തി

www.malankaralibrary.com

കളിൽനിന്നുതന്നെ തെളിഞ്ഞപ്പോൾ ദൈവത്തിനു സഹതാപമു ണ്ടായി, താൻ ചെയ്യാനുദ്ദേശിച്ചവ അവിടുന്നു പ്രാവർത്തികമാ ക്കിയില്ല" (യോന: 3: 10).

ജറമിയാസ് പറയുന്നു: "ദൈവത്തിന്റെ കോപം നിത്യ കാലത്തേയ്ക്കു് നീണ്ടുനില്ക്കുകയില്ല." എന്നാൽ പാപി തന്റെ ദുഷ് പ്രവൃത്തികളെ അറിയണമെന്നു് ദൈവം ആഗ്രഹിക്കുന്നു. (ജറ. 3: 12). "പാപി തനിക്കു് ദൈവത്തിൽനിന്നു് ക്ഷമയും കാരുണ്യവും കിട്ടുവാൻവേണ്ടി തന്റെ ദൈവവും കർത്താവുമായ യാഹ്‌വേയുടെ പക്കലേക്കു തിരിയട്ടെ" (ഏശ 55: 7; 30: 18).

പ്രവാചകന്മാരുടെ പുസ്തകങ്ങൾ പരിശോധിക്കുമ്പോൾ കരുണയെന്നതു് തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ പാപത്തിനും അവിശ്വസ്തതയ്ക്കും മേലുയർന്നുനില്ക്കുന്ന സ്നേഹത്തിന്റെ ഒരു പ്രത്യേ ക ശക്തിയാണെന്നു് നമുക്കു കാണാം. എന്നാൽ ഒന്നുകൂടി വ്യാ പകാർത്ഥത്തിൽ കരുണയെന്നതു് കുററബോധത്തിന്റെ അവസ്ഥ യിൽ വ്യക്തികൾക്കനുഭവപ്പെടുന്ന പരിതാപവും, വേദനയുടേയും ക്ലേശങ്ങളുടേയും മദ്ധ്യേ അനുഭവപ്പെടാവുന്ന, വിമുഖതയിൽ കുടു ങ്ങാതെ, ദൈവത്തിലേക്കു തിരിയുവാനുള്ള മന:ശക്തിയുമാണു്. അങ്ങനെ ആത്മീയവും ശാരീരികവുമായ ഏതൊരു തിന്മയും ഇസ്രായേൽമക്കളെ ദൈവത്തിലേക്കു തിരിക്കുവാനും അവിടുത്തെ കാരുണ്യം യാചിക്കുവാനും പ്രേരിപ്പിക്കുന്നു.

ഇങ്ങനെ തന്റെ തെററിന്റെ ഗൗരവത്തെപ്പററി കുററ ബോധമുണ്ടായപ്പോഴാണു് ദാവീദ് ദൈവത്തിലേക്കു തിരിഞ്ഞ തു് (2 സാമു. 11: 12; 24: 10). അതുപോലെതന്നെ ജോബും ദൈവവുമായുള്ള എതിർപ്പിനുശേഷം, അദ്ദേഹം തന്റെ വേദനയി ലും ബുദ്ധിമുട്ടിലും ദൈവത്തിലേയ്ക്കു തിരിയുന്നു[4]. യൂദിത്തും എ സ്തേറും തങ്ങളുടെ സമൂഹത്തിനു വരുവാനിരിക്കുന്ന ശിക്ഷയെ അറിഞ്ഞുകൊണ്ടെന്നോണം ദൈവത്തിന്റെ കാരുണ്യം ലഭിക്കു വാനായി പ്രാർത്ഥിക്കുന്നുണ്ടു്.

സാമൂഹികവും വ്യക്തിഗതവുമായ ഈ ബോധ്യങ്ങൾക്കെ ല്ലാം നിദാനമായി നിലകൊള്ളുന്നതു്, തങ്ങൾ ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരാണെന്ന അവരുടെ ഉറച്ച ബോ ധ്യമായിരുന്നു. പുറപ്പാടിലൂടെ അവർക്കു ലഭിച്ച ആ പ്രഥമവും പ്രധാനവുമായ അനുഭവമാണു് ഈ ബോധ്യങ്ങൾക്കെല്ലാമടി സ്ഥാനം. ദൈവത്തിന്റെ ശക്തിയേറിയ കരങ്ങൾവഴിയുള്ള ഈ മോചനപ്രക്രിയയിൽ ദൈവത്തിനു് തന്റെ ജനത്തോടുള്ള സ്നേഹവും സഹതാപവുമാണു് ഏശയ്യാപ്രവാചകൻ കാണുന്നതു് (ഏശ. 63: 9). ദൈവത്തിന്റെ സ്നേഹത്തിന്റേയും കരുണയുടേ തുമായിട്ടുള്ള ഈ പ്രത്യേക വെളിപാടാണു്, ഇസ്രായേൽ ജന

www.malankaralibrary.com

ത്തിന്, തങ്ങൾ പാപം ചെയ്തപ്പോഴും ഭയങ്കര ദുഃഖദുരിതങ്ങൾക്ക് അടിമകളായിരുന്നപ്പോഴും, ദൈവമായ യഹോവയെ വിളിച്ച് അവിടുത്തെ കരുണ യാചിക്കുവാൻ വേണ്ട ശക്തിയും പ്രചോദനവും നല്കിയത്.

ഇങ്ങനെയൊക്കെയായാലും കരുണയെന്നത് പഴയനിയമത്തിലെ ദൈവത്തോടുമാത്രം ബന്ധപ്പെട്ടുകിടക്കുന്ന ഒന്നല്ല എന്നു നാം ഓർക്കണം. എന്നാൽ ഇതു് ഇസ്രായേൽ ജനത്തിന്റെ മുഴുവൻ, അതായതു് ഇസ്രായേലിലെ ഓരോ വ്യക്തിയുടേയും ജീവിതത്തിന്റെ ഭാഗംതന്നെയാണ്. അവക്കു ദൈവമായ കർത്താവുമായുള്ള സ്നേഹബന്ധത്തിന്റേയും ആഭിമുഖ്യത്തിന്റേയും അടിസ്ഥാനവും ഉള്ളടക്കവും ദൈവത്തിന്റെ കരുണയാണെന്നതിൽ സംശയമില്ല 5.

ദൈവം തനിക്കുവേണ്ടി തിരഞ്ഞെടുത്ത ജനതയുടെ ആരംഭംമുതൽ തന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും അവിടുന്നു തന്റെ കാരുണ്യം വെളിപ്പെടുത്തി. അവരുടെ ചരിത്രത്തിന്റെ വിഭിന്നഘട്ടങ്ങളിൽ– അവർ വിവിധ ക്ലേശങ്ങളാലും പരാധീനതകളാലും അടിച്ചമർത്തപ്പെട്ടിരുന്നപ്പോഴും, അവരുടെ പാപത്തെപ്പററി അവക്കു ബോധ്യമുണ്ടായിരുന്നപ്പോഴും– അവർ കരുണയുടെ ദൈവമായ യഹോവയ്ക്കു് (കരുണാവല്ലഭനായ ദൈവത്തിന്) സ്വയം സമർപ്പിച്ചിരുന്നു. യാഹ്വേയിൽ അവക്കുണ്ടായിരുന്ന ഉറച്ച വിശ്വാസവും പ്രത്യാശയുമാണ് ഇതു് കാണിക്കുക.

## 3 ദൈവകരുണ— സാഹോദര്യസ്നേഹത്തിനുച്ചാരം

ദൈവമായ യഹോവയുടെ മനസ്സ് (ദൈവത്തിന്റെ ഇഷ്ടം) കരുണ കാണിക്കുക എന്നതാണെങ്കിൽ, അവിടുന്നു കരുണ കാണിക്കുന്ന തന്റെ സൃഷ്ടികളിൽനിന്നും അതേ മനോഭാവംതന്നെയാണ് അവിടുന്നു പ്രതീക്ഷിക്കുക. ഹോമാപ്പണങ്ങളേക്കാളും മററു ബലികളെക്കാളും ദൈവമാഗ്രഹിക്കുന്നതു് സാഹോദര്യസ്നേഹത്തിലധിഷ്ഠിതമായ (കരുണയിലധിഷ്ഠിതമായ) ഒരു ജീവിതമാണ് (പുറ. 22: 26; ഓസി. 4: 2; 6: 8). കാരുണ്യം കാണിക്കാത്ത വിജാതീയരെ അവിടുന്നു ശപിക്കുന്നു (അമോ, 1: 11). നീതിപാലനം സ്നേഹത്തിലധിഷ്ഠിതമായിരിക്കണമെന്നു അവിടുന്നു് അഗ്രഹിക്കുന്നു (മിക്ക. 6: 8) ഒരുവൻ യഥാർത്ഥത്തിൽ ഉപവസിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അവൻ സ്വയം തന്റെ പ്രവൃത്തികളിൽനിന്നു് പിൻവാങ്ങുന്നതിലുപരി, പാവപ്പെട്ടവരേയും, വിധവകളെയും, അനാഥരെയും, സഹായിക്കുവാനും ശുശ്രൂഷിക്കുവാനും, പരിരക്ഷിക്കുവാനും കടപ്പെട്ടിരിക്കുന്നു (ഏശ. 58: 6–11; ജോബ് 31: 16–23).

www.malankaralibrary.com

സഹോദരസ്നേഹം ഇസ്രായേൽ ജനങ്ങൾ തങ്ങളുടെ സ്വന്തം വംശത്തിലും ആ വിശ്വാസം സ്വീകരിച്ച മററു ജാതിക്കാരുടെ ഇടയിലും മാത്രം ഒതുക്കി നിർത്തിയിരുന്നു (ലേവ്യ. 19: 18). എന്നാൽ അവരുടെ തന്നെ ദൈവത്തിൻെറ മാതൃക അവരുടെ സഹോദരസ്നേഹത്തിൻെറ മനോഭാവവും പരിധിയും വർദ്ധിപ്പിച്ചു. ദൈവത്തിൻെറ ഹൃദയവുമായി അവർ കൂടുതൽ അടുക്കുംതോറും ആ ഹൃദയവിശാലത അവരും ഉൾക്കൊണ്ടു 6. മററുള്ളവരോടു് വിരോധവും വൈരാഗ്യവും വച്ചുപുലർത്തരുതെന്നും, നിങ്ങളുടെയിടയിലെ അപരിചിതനെ സ്നേഹിക്കണമെന്നും (ആവ. 10: 18) ബലഹീനരോടും, പാവപ്പെട്ടവരോടും പതിതരോടും ദയയുള്ളവരായിരിക്കണമെന്നുമുള്ള നിയമങ്ങൾ സഹോദരസ്നേഹത്തിൻെറ ചക്രവാളസീമകൾ വർദ്ധിപ്പിക്കുക തന്നെ ചെയ്തു (ഏശ. 58: 6; 59: 2: ജറ. 22: 14).

എന്നാൽ, ഈ ആശയം ഏററവും പ്രകടമായി കാണുന്നതു് പഴയനിയമത്തിലെ അവസാന ഗ്രന്ഥങ്ങളിലാണു്. എല്ലാവരോടും കരുണാപൂർവ്വം വർത്തിക്കണമെന്ന ക്രിസ്തുവിൻെറ സന്ദേശത്തിൻെറ ഏകദേശരൂപം ഈ ഗ്രന്ഥങ്ങളിൽ തെളിഞ്ഞുവരുന്നതായി കാണാം (പ്രഭാ. 27: 30; 28: 7).

മനുഷ്യരുടെയിടയിലുള്ള കാരുണ്യത്തിൻെറ അടിസ്ഥാനവും ഉത്ഭവവും ദൈവത്തിൻെറ കാരുണ്യം തന്നെയാണു്. മനുഷ്യൻെറ കരുണ ഒരിക്കലും അവൻെറ ഭാഗത്തുനിന്നുള്ളതല്ല. മറിച്ചു് അവൻ ദൈവത്തിൽ നിന്നു സ്വീകരിച്ച കരുണയുടെ ഒരു പങ്കു വയ്ക്കൽ മാത്രമാണു്. അതുകൊണ്ടു് ഒരുവൻ മററുള്ളവരോടു് എന്തുമാത്രം കാരുണ്യം പ്രകടിപ്പിക്കുന്നുവോ അതിനനുസരിച്ചു് ദൈവത്തിൻെറ പക്കൽ നിന്നു് അവനും കാരുണ്യം ലഭിക്കുന്നു.

മററുള്ളവരോടു് ദയ കാണിക്കുകയെന്ന മനോഭാവം മനുഷ്യനു് സ്വതസിദ്ധമല്ല. ദാവീദു് ഇതറിഞ്ഞതുകൊണ്ടാണു് മനുഷ്യരുടെ കരുണയിലാശ്രയിക്കാതെ കരുണാവല്ലഭനായ ദൈവത്തിൻെറ കരങ്ങളിൽ തന്നെത്തന്നെ സമർപ്പിച്ചതു് (2 സാമു. 24: 19). തങ്ങളുടെ സഹോദരങ്ങളോടു് കരുണ കാണിക്കുവാനും ദയകാണിക്കുവാനും അവരുടെ അരിഷ്ടതകളിൽ അവരോടൊത്തു് സഹതപിക്കുവാനും അവനെ (മനുഷ്യനെ) നിർബ്ബന്ധിക്കുന്നതു് ദൈവത്തിൽനിന്നും അവൻ സ്വന്ത ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ കാരുണ്യത്തിൻെറ ശക്തിയാണു് 7. അതിനാൽ ഒരുവനു് ദൈവത്തെ യഥാർത്ഥത്തിൽ സ്നേഹിക്കുവാൻ അവൻെറ സഹോദരനെ സ്നേഹിക്കേണ്ടിയിരിക്കുന്നു.

വിവ: ജോസു് പുതിയിടത്തു്

www.malankaralibrary.com

1. R. Bultmann, ThDNT, "Eleos", Vol. II, P. 480

2. Cfr. J. Pedersen, Israel, 1926, pp. 309–525.

3. Cfr. Ex: 3; Am 7:15; Is 8:11; Jer 15:16f; 20:7; Ps 106: 23; 1 Sm 10:24; 16:1; 2 Sm. 7:14f; 1 Kgs 2:15; Nun 10:8; 18:5 etc.

4. Cfr. also Neh. 9:30–32; Tob 3:2-3, 11–12; 8:16–17; 1 Mac 4:24

5. Pope John Paul II, Encycl. "Dives Misericordia", On the mercy of God - pp. 18-20.

6. J. Cambier-X.L. Dufour, "Mercy" Dictionary of Biblical Theology, TPI, 1973, pp.351-363

7. A Darlap, Mercy, Sacramentum Mundi, Vol. IV, p. 11



www.malankaralibrary.com

# പ്രവചനങ്ങളിലെ കരുണാമയനായ ദൈവം

## ഡോ. ജി. കണിയാരകത്ത്

ചരിത്രത്തിലെ സന്നിഗ്ദ്ധാവസരങ്ങളിലും ദുർഘടനിമിഷങ്ങളിലും വാക്കുകൊണ്ടും പ്രതിരൂപാത്മകമായ ചെയ്തികൊണ്ടും ദൈവജനത്തോടു സംസാരിക്കുവാൻ ദൈവം നിയോഗിച്ചവരാണ് പ്രവാചകർ. ചരിത്രത്തിന്റെ ഗതിവിഗതികളിൽ ദൈവജനത്തെ ശാസിക്കുന്നതിനും ഉപദേശിക്കുന്നതിനുമുള്ള പ്രത്യേക ദൗത്യം പേറിയവരാണവർ. അടിമത്തകാലത്തിനു മുമ്പു വന്ന ആമോസ്, ഹോശായാ, ജെറുസലേമിലെ ഏശായാ, മിക്കാ, സെഫനിയാ, ഹബക്കുക്ക് തുടങ്ങിയവർ ഇസ്രായേലിനും യൂദയായിക്കുമെതിരായി വിധിവാചകം ഉച്ചരിച്ചവരാണ്. അസ്സീറിയായുടെ പതനത്തിൽ ആഹ്ളാദിച്ച നാഹും മാത്രം ഒരപവാദമാണ്. ജെറമിയായും, എസക്കിയേലും, രണ്ടാം ഏശായായും വിപ്രവാസകാലത്ത് രക്ഷാകരചരിത്രത്തെപ്പററി പുതിയൊരുകാഴ്ച നൽകി. ഇവർ, ഇസ്രായേൽ വേണ്ടത്ര സഹിച്ചതിനാൽ ആശ്വാസം പ്രാപിക്കുമെന്നും പുന:സംഘടനയും തിരിച്ചുവരവും സാധിക്കുമെന്നും പഠിപ്പിച്ചു. ഇവിടെ എസക്കിയേൽ വിപ്രവാസപാരമ്പര്യത്തിൽ കാലൂന്നിക്കൊണ്ടുതന്നെ വിധിയുടെ പ്രവാചകനായി വർത്തിക്കുന്നു. അദ്ദേഹം പുതിയ ഒരു ഉടമ്പടി ബന്ധത്തെപ്പററി സംസാരിച്ചു. വിപ്രവാസത്തിനുശേഷം വന്ന പ്രവാചകർ വിപ്രവാസകാലത്തു വന്നവരെ അനുഗമിച്ചു. അവരും ശുഭാപ്തി വിശ്വാസികളും പ്രതീക്ഷയുള്ളവരുമായിരുന്നു. മൂന്നാം ഏശായാ, ഹഗ്ഗായി, സഖറിയാ (1–8), മലാക്കി, ഒബാദിയ, ജോയേൽ എന്നിങ്ങനെ ചിലർ (സഖറിയാ 9–11, 12–14) വിപ്രവാസശേഷം പ്രവാചകരായിരുന്നു.

ദൈവത്തിനു തന്റെ ജനതയോടുള്ള അലിവും കരുണയും പ്രവാചകർ അനുഭവിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിനെപ്പററി നമുക്കിപ്പോഴം പഠിക്കാം. പ്രവാചകഗ്രന്ഥങ്ങളിൽ കരുണയെപ്പററിയുള്ള വാക്കുകളും പ്രയോഗങ്ങളും പഠിക്കുന്നത് ഇതിനു സഹായകമാണ്. ഇവിടെ ദൈവ–മനുഷ്യബന്ധത്തെ വ്യക്തമാക്കാനുപയോഗിച്ചിട്ടുള്ള ചില ഉപമകളും പ്രതിരൂപങ്ങളുമാണ് ചർച്ച ചെയ്യുന്നത്. "തീർച്ചയായും ദൈവത്തെപ്പററി

www.malankaralibrary.com

പറയുമ്പോഠം എല്ലാ ചിത്രങ്ങളും, ഉപമകളും, പ്രതിരൂപങ്ങളും നിഷ്പ്രഭമാവുകയാണു്''' 1. പ്രവാചകന്മാർ യാഹ്വേയ്ക്കു് ഇസ്രായേലിനോടുള്ള ബന്ധമാണു് പ്രധാനമായും കൈകാര്യം ചെയ്യുന്നതു്. രക്ഷാകരചരിത്രത്തിന്റെ കേന്ദ്രബിന്ദുവായി നിലകൊള്ളുന്ന ഉടമ്പടിയാണു് ദൈവ_മനുഷ്യബന്ധം കുറിക്കുന്ന പഴയനിയമത്തിലെ ഏററം പ്രധാന സംഭവം. പ്രവാചകന്മാരുടെ കേന്ദ്രാശയവും ഇതുതന്നെ. അവരുടെ മതവീക്ഷണത്തിന്റെ ഹൃദയത്തുടിപ്പിവിടെയാണു് 2. ആമോസിനും, ഹോശായാക്കും, ജെറമിയാക്കും എസക്കിയേലിനും എല്ലാം സീനായ് ഉടമ്പടിയാണു് അവരുടെ ചിന്തയുടെ ആധാരശില 3. വിധിപ്രസ്താവകരായ പ്രവാചകർ ജനങ്ങളെ മാനസാന്തര (ഷൂബ്ബ്) ത്തിനു് ക്ഷണിച്ചു. ഉടമ്പടിവിശ്വസ്തതയിലേക്കുള്ള ഒരു തിരിച്ചുവരവാണിതു്. ദൈവമനുഷ്യബന്ധത്തെക്കുറിക്കുന്ന ഓരോ ചിത്രങ്ങളും ഉടമ്പടിയുടെ ഒരു വശം ഊന്നിപ്പറയുന്നു.

## I· യാഹ്വേയും അവിടുത്തെ ജനവും

യാഹ്വേ ഇസ്രായേലിന്റെ ദൈവമാണെന്നും ഇസ്രായേൽ യാഹ്വേയുടെ സ്വന്ത ജനമാണെന്നും ഉള്ള വസ്തുതയാണു് ഉടമ്പടിയുടെ അടിസ്ഥാനാശയം. ഇസ്രായേൽ ദൈവജനമാണെന്നു പറയുന്നതു് വെറും ആലങ്കാരിക ഭാഷയല്ല, ഇതൊരു യാഥാർത്ഥ്യം തന്നെയാണു്. ഉടമ്പടിയിലൂടെ അവർ ദൈവജനമായിത്തീർന്നു; ഇതു മൂലം ദൈവത്തോടും ഉടമ്പടിഅംഗങ്ങളോടും സവിശേഷമായ ഒരു വ്യക്തിബന്ധം സംജാതമായി. ദൈവത്തോടുള്ള ബന്ധവും ഉടമ്പടിഅംഗങ്ങഠം തമ്മിലുള്ള പരസ്പരബന്ധവും പ്രവാചക കാഴ്ചപ്പാടിൽ തുല്യപ്രാധാന്യം ഉള്ളവയാണു്. മനുഷ്യരോടുള്ള ബന്ധം ശരിപ്പെടാതെ ദൈവത്തോടുള്ള ബന്ധം ശരിയാകയില്ലാത്തതിനാൽ മനുഷ്യബന്ധത്തെ ആമോസ് ഊന്നിപ്പറഞ്ഞിരിക്കുന്നു. ഇതുകൊണ്ടു് ദൈവജനത്തിന്റെ ഇടയിലുള്ള സാമൂഹ്യാനീതികളെ ആമോസിനു് സഹിക്കാനാവുന്നില്ല (2: 6_7; 5: 21_23). ദൈവജനത്തിന്റെ അവസാനമായിക്കഴിഞ്ഞു: അവർ പൂജ്യരേഖയിൽ എത്തിയിരിക്കുന്നു (ആമോസ് 8: 2). ആമോസിനു് മുമ്പു് വന്നവർ അനീതിക്കെതിരായി സംസാരിച്ചിട്ടുണ്ടു്. എന്നാൽ ഇദ്ദേഹമാണു് ആദ്യമായി ഒരു ജനതയ്ക്കെതിരായി, വടക്കേ ഇസ്രായേലിനെതിരായി ആദ്യം സംസാരിച്ചതു്. ഉടമ്പടി ബന്ധം വിച്ഛേദിതമാകാൻ പോകുന്നു. ബി. സി. 721 ൽ അസ്സീറിയക്കാർ ശമറിയാ പിടിച്ചടക്കുകയും ജനങ്ങളെ നാടുകടത്തുകയും ചെയ്തപ്പോഠം ഇതെല്ലാം സംഭവിച്ചു. ദൈവം തിരഞ്ഞെടുത്തതു് ദൈവത്തിന്റെ കാര്യം നോക്കാനുള്ള ആനുകൂല്യത്തിനോ, ശിക്ഷയിൽ നിന്നുള്ള മോച

www.malankaralibrary.com

നത്തിനോ കാരണമാകുന്നില്ലെന്നു് ആമോസ് പ്രഖ്യാപിച്ചു. തിരഞ്ഞെടുപ്പു് അവരെ കൂടുതൽ ഉത്തരവാദിത്വമുള്ളവരാക്കി.

"ഭൂമിയിലെ എല്ലാ ജനതകളിലും വെച്ചു് നിങ്ങളെ മാത്രമാണു് ഞാൻ അറിഞ്ഞതു്; അതുകൊണ്ടു് നിങ്ങളുടെ എല്ലാ തെററുകൾക്കുമായി ഞാൻ നിങ്ങളെ ശിക്ഷിക്കും" (ആമോ. 3: 1–2). "നിങ്ങളെ മാത്രമാണു് ഞാൻ അറിഞ്ഞതു്" എന്ന പ്രസ്താവം വളരെ അർത്ഥവത്താണു്. അറിയുക എന്നതിന്റെ പിന്നിലുള്ള എബ്രായ പദം (yada) ബൗദ്ധികമായ ഒരറിവിനേക്കാളുപരി അടുത്ത വ്യക്തിബന്ധത്തെ, വൈവാഹികബന്ധം പോലുള്ള ഒന്നിനെ കുറിക്കുന്നു. യാഹ്വേയ്ക്കു് ദൈവജനത്തോടുണ്ടായിരുന്ന ബന്ധം ഇത്തരത്തിൽപ്പെട്ട ഒന്നായിരുന്നു. എന്നാൽ ഇസ്രായേൽ സ്വയം ഇതിനു് അയോഗ്യയെന്നു തെളിയിച്ചു. ഏശായായും, മിക്കായുംപോലെ ആമോസും വാഗ്ദാനം തരാത്ത ഒരു വിധിപ്രവാചകനായി കരുതപ്പെടുന്നു[4]. അദ്ദേഹം ഒരു വിധിപ്രവാചകൻ തന്നെ, പക്ഷെ, വ്യവസ്ഥയോടുകൂടിയ ഒരു വിധിയാണതു്. "കർത്താവിനെ അന്വേഷിക്കുക, ജീവിക്കുക" (5: 4–6); "ജീവിക്കേണ്ടതിനു നിങ്ങൾ തിന്മയല്ല പകരം നന്മയെ തേടുക" (5:14). ഒരു വിലാപഗാനത്തിൽ ആവർത്തിച്ചു് ഒമ്പതു പ്രാവശ്യം യാഹ്വേ വിലപിക്കുന്നു; "എങ്കിലും നിങ്ങൾ എന്നിലേക്കു തിരിച്ചു വന്നില്ല" (4: 6–13).

ഉടമ്പടി ജനതയുടെ ഇടയിലുണ്ടാകേണ്ട പരസ്പരബന്ധത്തെ മററു പ്രവാചകരെക്കാളുമുപരിയായി ആമോസ് ഊന്നിപ്പറഞ്ഞു. ഉടമ്പടിയിൽ അടിസ്ഥിതമായ സാഹോദര്യത്തിനും കൂട്ടായ്മയ്ക്കും എതിരായിരുന്ന ബി. സി. എട്ടാം നൂററാണ്ടിലെ ജെറോബോവാം രണ്ടാമന്റെ ഭരണകാലത്തു് നടമാടിയിരുന്ന സാമൂഹ്യനീതിയെ ആമോസ് നിശിതമായി വിമർശിച്ചു. ആമോസിൽ കോപത്തിലൂടെ കരുണകാണിക്കുന്ന ദൈവത്തെ നമുക്കു കാണാം. സ്വന്തം ജനതാമധ്യേ നീതിയും കരുണയും ഇല്ലാത്തതിനാൽ ദൈവം കോപാകുലനായിരിക്കുന്നു[5]. ധനികർ ജീവിതം ആസ്വദിക്കുന്നതു് എപ്പോഴും നീതിയുടെ ഒരു പ്രശ്നമല്ലായിരിക്കാം; തീർച്ചയായും അതു് കരുണയുടേയും, സഹാനുഭൂതിയുടേയും, സഹജീവിതത്തിന്റേയും ഒരു പ്രശ്നമാണു് (ആമോ. 6: 1, 4–7). നീതിമാനും കരുണാമയനുമായ ദൈവത്തിനു് അവിടുത്തെ ജനതാമധ്യത്തിലുള്ള ഉടമ്പടിഐക്യം മറക്കാനാവില്ല.

ജെറൂസലേമിലെ ഏശായായുടെ വാക്കുകളിൽ, മൃഗങ്ങൾ പോലും അവയുടെ നാഥനെ അറിയുന്നെങ്കിലും ഇസ്രായേൽ അറിയുന്നില്ല, അവർ കർത്താവിനെ ഉപേക്ഷിക്കുന്നു (ഏശാ 1:34).

www.malankaralibrary.com

വിവേചനമില്ലാത്ത ഈ ജനതയ്ക്കു കരുണ ലഭിക്കുകയില്ല (ഏശ. 27: 11). ഏശാ 30: 18–26ൽ ഏശായായുടെ ചിന്തയുടെ ഒരു പിൽക്കാല വിശദീകരണം കാണാം. ഏശായായുടെ സമകാലികനെങ്കിലും ഏശായാ ആരംഭിച്ചു കുറേനാൾ കഴിഞ്ഞു പ്രവചിച്ച മിക്കാ ജനങ്ങളെ അധാർമ്മികരും ദുഷ്ടരുമായി കാണുന്നു (3: 1 ff). കള്ളപ്രവാചകർ ജനതയെ വഴിതെറ്റിക്കുന്നു (3: 5ff). ദൈവം അവിടുത്തെ ജനതയുമായി നടത്തുന്ന ന്യായവാദം ശ്രദ്ധേയമാണ് (6: 1–5). ഉടമ്പടി അടിസ്ഥാനത്തിലുള്ള ദൈവജനത്തിന്റെ കൂട്ടായ്മയും പരസ്പരബന്ധവും മിക്കയും ഊന്നിപ്പറയുന്നുണ്ട്.

അരപ്പട്ടയുടെ ഉപമയിൽ ദൈവവും ജനതയും തമ്മിലുള്ള ബന്ധത്തിന്റെ അടുപ്പം ജെറമിയാ വ്യക്തമാക്കുന്നു (13: 11). എങ്കിലും ജീവജലത്തിന്റെ ഉറവിടമായ യാഹ്‌വേയെ ഉപേക്ഷിച്ച് പൊട്ടക്കിണർ കുഴിക്കുന്നവരാണിവർ (2: 13).

വിപ്രവാസികളെ ആശ്വസിപ്പിക്കുന്നവനാണ് രണ്ടാം ഏശായായുടെ ദൈവം. "എന്റെ ജനതയെ ആശ്വസിപ്പിക്കുക, അലിവോടെ സംസാരിക്കുക, യുദ്ധംകഴിഞ്ഞു, തെറ്റുകൾ ക്ഷമിച്ചിരിക്കുന്നു, തിന്മയെല്ലാം ഇരട്ടിയായി ഇസ്രായേൽ സഹിച്ചുകഴിഞ്ഞു" (ഏശ. 40: 1–2).

## അവശേഷിക്കുന്നവർ രക്ഷപ്പെടും

നാശങ്ങളും വിധിയും അതിജീവിക്കുന്ന ചിലരുണ്ടാകും എന്ന ആശയം പഞ്ചഗ്രന്ഥത്തിൽത്തന്നെ ഉള്ളതാണ്. പ്രാഗ് ചരിത്രത്തിലെ നോഹയിലും കുടുംബത്തിലും ദൈവത്തിന്റെ രക്ഷാകരചരിത്രം മുമ്പോട്ടുപോകുന്നു. ദൈവം സോദോമും ഗോമോറായും ദഹിപ്പിച്ചപ്പോൾ അവശേഷിച്ച കഷണങ്ങളെപ്പറ്റി ആമോസ് പറയുന്നുണ്ട് (4: 11). സിംഹത്തിന്റെ വായിൽനിന്നും വലിച്ചെടുത്ത ആടുകളുടെ അസ്ഥിശേഷിപ്പുകളെക്കുറിച്ചും ആമോസ് പറയുന്നുണ്ട്. ഏശയ്യായുടെ കാഴ്ചപ്പാടിൽ സോദോമിൽ ഏതാനും ചിലരെ ദൈവം അവശേഷിപ്പിച്ചു (1: 9); ജെറുസലേമിൽ അവശേഷിച്ചവർ വിശുദ്ധരായി ഗണിക്കപ്പെടും (4: 3). സിറിയാ– എഫ്രായ്മിറ്റ് യുദ്ധാവസരത്തിൽ പ്രതിരൂപാത്മകമായി 'ഷെയാർ യാഷുബ്' (ഒരു ശേഷിപ്പ് തിരിച്ചുവരും) എന്ന നാമംധരിച്ച മൂത്തമകനുമായി ആഹാസിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ ദൈവം ഏശായായിയ്ക്കു നിർദ്ദേശം നൽകി (7:3). വരുന്നൊരുകാലത്ത് ദൈവം 'ശേഷിക്കുന്നവർക്ക്' അനുഗ്രഹമായിത്തീരും (28: 5). ഇവരെയെല്ലാം ദൈവം ഒന്നിച്ചുകൂട്ടും (മിക്ക. 2; 12ff). ഇവ മനുഷ്യവർഗ്ഗത്തിനുതന്നെ അനുഗ്രഹത്തിനു നിദാനമാകും (മിക്ക. 5: 7ff).

www.malankaralibrary.com

ശേഷിച്ചവരെത്തന്നെ നന്നായി ശോധനചെയ്യുവാൻ ദൈവം നിർദ്ദേശിക്കുന്നു. (ജെറേ. 6: 9) ഒരു പക്ഷേ ശേഷിച്ച വരെല്ലാം എപ്പോഴും നീതിമാന്മാരല്ലെങ്കിലും ദൈവത്തിന്റെ വാഗ്ദാനങ്ങളും അനുഗ്രഹങ്ങളും ഇവരിലും തുടരുന്നു. ഒരു സമൂഹ ത്തെ അതിന്റെ പ്രത്യേകതകളും പാരമ്പര്യങ്ങളും സംരക്ഷിക്കു ന്ന ഒരു ന്യൂനപക്ഷത്തിൽ സംഗ്രഹിക്കുന്നതായികാണാം. കർത്താ വിന്റെ കാരുണ്യംതന്നെയാണ് ഇങ്ങനെയൊരു ന്യൂനപക്ഷത്തെ അവശേഷിപ്പിക്കുന്നത്.

## 2 മുന്തിരിത്തോപ്പ്

മുന്തിരി പലയിടത്തും ദൈവജനത്തെ പ്രതിരൂപവൽക്ക രിക്കുന്നു (സങ്കീ. 80: 9ff). നല്ലവിത്തുകൊണ്ട് യാഹ്വേ നട്ടു വളർത്തിയ മുന്തിരിത്തോപ്പാണ് ഇസ്രായേൽ (ജെറേ 2: 21). തീ യിലിടാൻമാത്രം കൊള്ളാവുന്ന ഉണങ്ങിയ മുന്തിരിവള്ളിയെ പ്പോലെയാണീജനം (എസ 15: 1–6). യൂദയായിലെ രണ്ടു വംശ ത്തേയും മുന്തിരി പ്രതിരൂപവൽക്കരിക്കുന്നു (എസ 19: 10ff).

ഏശായാ 5: 1–7ൽ മുന്തിരിത്തോട്ടത്തെപ്പററിയുള്ള ഹൃദയ ഹാരിയായ ഒരു വിലാപഗാനമുണ്ട്. മുന്തിരിത്തോപ്പ് നട്ടുപി ടിപ്പിച്ച പ്രിയനെപ്പററി ഏശായാ പാടുന്നു. പ്രതീക്ഷകളെ ല്ലാം പൂവണിയേണ്ട കാലമായപ്പോഴും മുന്തിരിയിൽ ഫലങ്ങ ളൊന്നും കണ്ടില്ല. ഒരുത്സവാവസരത്തിൽ ആഹ്ലാദത്തിൽ മുഴുകി യിരുന്ന ജനമധ്യേ ഹൃദയസ്പർശിയായി ആ ഗാനം ഏശയാ ആല പിച്ചു. മുന്തിരിത്തോപ്പിനുവേണ്ടി കർത്താവു ചെയ്തതെല്ലാം ഹൃദ യാവർജ്ജകമായി വിവരിച്ചിരിക്കുന്നു. ‘‘ഇനിയും കൂടുതലായി എന്താണ് ഞാൻ എന്റെ മുന്തിത്തോട്ടത്തിനുവേണ്ടി ചെയ്യാനു ണ്ടായിരുന്നത്? എല്ലാം ചെയ്തിട്ടും ഫലംതരാത്ത തോട്ടം നാശ ത്തിനു വിധിക്കപ്പെട്ടിരിക്കുന്നു’’ (5: 6).

യാഹ്വേയും ദൈവജനവും തമ്മിലുള്ള ബന്ധത്തിൽ ശൈഥല്യം ഭവിച്ചതാണ് ഇവിടെ വിവരിച്ചിട്ടുള്ളത്. ദൈവ ത്തിന്റെ ദുഃഖവും നൈരാശ്യവും ഇവിടെ വ്യക്തമാക്കിയിരിക്കു ന്നു. അത്ര താല്പര്യപൂർവ്വം കാത്തുസൂക്ഷിക്കുകയും പ്രതീക്ഷിച്ചിരി ക്കുകയും ചെയ്തിരുന്നതിനു വന്ന കെടുതിയിൽ അവിടുന്നു അതീ വ ദുഃഖിതനാണ്. നീതി പ്രതീക്ഷിച്ചു, കിട്ടിയതു രക്തച്ചൊ രിച്ചിൽ; ധർമ്മം അന്വേഷിച്ചു, കണ്ടതു് വിലാപം. മധുരനാരങ്ങ കൊതിച്ചതിന് കിട്ടിയതു് കയ്പുമുന്തിരിയും.

ഏശായാ 27: 2–6ൽ മറെറാരു ഗാനമുണ്ട്. ഇവിടെ പല അവ്യക്തതകളുമുണ്ട്. കുറച്ചുകൂടി ശുഭപ്രതീക്ഷയുള്ളതാണീഗാനം.

www.malankaralibrary.com

ഏശായായുടെ വെളിപാട് എന്നറിയപ്പെടുന്ന 24–27 അധ്യായങ്ങളും ഇദ്ദേഹത്തിന്റെ കാലശേഷം എഴുതിച്ചേർത്തതായിരിക്കും 6.

## 3. ഇടയനും ആടും

ആടുവളർത്തൽ സ്ഥിരതാമസമാക്കിയിരുന്നവരുടേയും ചുററിനടന്നിരുന്നവരുടേയും ഒരു മുഖ്യതൊഴിൽ ആയിരുന്നു. മെസൊപ്പൊട്ടാമിയായിലും ഈജിപ്തിലും രാജാക്കന്മാരെപ്പററിയും ഇടയന്മാർ എന്നു പറഞ്ഞിരുന്നു (2 സാമു. 5: 3). ഇടയൻ ആടുകളെ മേയ്ക്കുകയും നയിക്കുകയും, സുരക്ഷിതത്വം നൽകുകയും ചെയ്യുന്നു. ദൈവശാസ്ത്രാലങ്കാരികഭാഷയിൽ ഇടയൻ– ആടുകൾ ഹൃദയസ്പർശകമായവിധം ഉപയോഗിച്ചിട്ടുണ്ട് 7. നല്ല ഇടയനെപ്പററിയുള്ള 23–ാം സങ്കീർത്തനം ആരാണു മറക്കുക!

മിക്ക. 2: 12–13 ൽ യാഹ്‌വേ ചിതറിപ്പോയ ആട്ടിൻപററത്തെ പുന:സംഘടിപ്പിക്കുന്നതിനെപ്പററി പറയുന്നുണ്ട്. രണ്ടാം ഏശായായുടെ വാക്കുകൾ പ്രത്യേകം ശ്രദ്ധാർഹമാണ്. "അവിടുന്ന് ഒരിടയനെപ്പോലെ ആടുകളെ മേയിക്കും, കുഞ്ഞാടുകളെ അവൻ കൈകളിൽച്ചേർക്കും, മാർവിടത്തിൽ അവയെ അവിടുന്ന് സംവഹിക്കും, കുഞ്ഞുങ്ങളുള്ളവയെ സാവകാശം നയിക്കും" (ഏശ. 40: 11).

ഇസ്രായേലിൽ രാജാക്കന്മാരായിരുന്ന ഇടയന്മാരെപ്പററി എസക്കിയേലും (34) സംസാരിച്ചിട്ടുണ്ട്. ഉടമ്പടി സമൂഹത്തിന്റെ ശ്രേഷ്ഠനേതൃത്വത്തെ പ്രവാചകൻ കുററപ്പെടുത്തുന്നു. അവർ സ്വാർത്ഥമതികളും ആടുകളുടെ ചിലവിൽ ജീവിച്ചവരുമാണ്. അവർ തടിച്ച ആടുകളെ കൊന്നു ഭക്ഷിച്ചു, അവയുടെ തോൽ വസ്ത്രമാക്കി. ദുർബലരെ അവർ പരിരക്ഷിച്ചില്ല, രോഗമുള്ളതിനെ സൗഖ്യമാക്കിയില്ല. മുറിവേററതിനെ വച്ചുകെട്ടിയില്ല, കാണാതെപോയതിനെ തിരിച്ചുകൊണ്ടുവന്നില്ല. ക്രൂരതയോടെ സ്വേച്ഛാനുസാരം അവയെ ഭരിക്കുക മാത്രം ചെയ്തു (34: 2–6). ഇനി കർത്താവു തന്നെ ആടുകളെ തേടിപ്പിടിച്ച് രക്ഷിക്കും, അവയെ തീററിപ്പോററും (എസ. 34: 11–16). യാഹ്‌വേ സാക്ഷാൽ നല്ല ഇടയനാകുന്നു (എസ. 40: 11; ജെറേ. 31: 10). ജെറേമിയാ 23: 1–6–ലെ പ്രമേയം എസക്കിയേൽ 34– ന് സമാന്തരമാണ്.

എസക്കിയേൽ 34 ൽ ആടും ഇടയനും തമ്മിലുള്ള ബന്ധം മാനുഷിക തലത്തിലേക്ക് ഉയർന്നിരിക്കുന്നു. പരമോന്നത ഇടയനായ ദൈവം അവിടുത്തെ ഇടയന്മാരെപ്പററിയും ആടുകളെപ്പററിയും ചിന്തയുള്ളവനാണ്. എസ. 34: 11–16–ൽ പഴയനിയമ ദൈവത്തിന്റെ കരുണാമസൃണമായ സ്നേഹം വിവരിച്ചിരിക്കുന്നു 8.

www.malankaralibrary.com

പുതിയനിയമത്തിൽ ആടുകൾക്കായി സ്വന്തം ജീവൻ തന്നെയും നൽകുന്ന നല്ല ഇടയനാണ് ക്രിസ്തു (യോഹ. 10: 11).

## 4. പിതാവ് / മാതാവ്— ശിശു

ഇസ്രായേൽ ദൈവത്തിന്റെ ദത്തുപുത്രനാണ്. പിതാവ് (ആബ്) എന്ന വാക്കു ചേർത്ത ഏതാണ്ട് നാല്പതു നാമങ്ങൾ പഴയനിയമത്തിൽ ഉള്ളവയിൽ മിക്കവയും ദൈവനാമത്തോടു ചേർത്തിരിക്കുന്നു[9]. അബിയാ (= ദൈവം എന്റെ പിതാവാകുന്നു) ഒരു നല്ല ഉദാഹരണമാണ് (1 ദിന. 7: 8). യാഹ്‌വേ ദൈവജനത്തിന്റെ പിതാവാണ്, രാജാവിന്റെ പിതാവാണ്. ഇവിടെയെല്ലാം അധികാരത്തിന്റെ സൂചനയാണ് മുൻതൂക്കം. ഹോശയായുടെ കാലം (750 ബി. സി) മുതൽ ഇതിന് കൂടുതൽ വ്യക്തിപരമായ ഒരു അർത്ഥം കൈവന്നു[10]. ജെറൂസലേമിലെ ഏശയായുടെ ദൈവം ഇസ്രായേലിനെ "പുത്രന്മാർ" (1: 2) എന്നു വിളിക്കുന്നു. മൂന്നാം ഏശായായിൽ ഇസ്രായേൽക്കാർ ദൈവത്തോടു പറയുന്നു: "അങ്ങു ഞങ്ങളുടെ ദൈവമാകുന്നു" (ഏശാ. 63: 16; 64: 8). ജെറമിയാ പ്രവാചകനിലും ഇതു കാണാം (3: 19; 31: 20). ഹോശെയാ 11: 1–4: ശിശുവായ ഇസ്രായേലിനെ ദൈവം വളർത്തിയെടുത്തതിനെപ്പററി സുന്ദരമായ ഒരു വിവരണം ഇവിടെയുണ്ട്. എന്തൊരു കരുണാമസൃണമായ സ്നേഹത്തോടും സൂക്ഷത്തോടും കൂടിയാണ് അവിടുന്ന് പെരുമാറിയത്. മരുഭൂമിയിൽവെച്ച് ഇസ്രായേലിനെ ദത്തുപുത്രനായി തിരഞ്ഞെടുത്തു. ഇസ്രായേൽ ചെറുപ്പക്കാരനും, അറിവില്ലാത്തവനും പ്രലോഭിതനുമായിരുന്നു. ഒരു പിതാവ് സ്വന്തം മകനേയെന്നപോലെ ദൈവം ഇസ്രായേലിനെ സ്നേഹിച്ചു. കരുണയുടെ ചരടുകൊണ്ടും സ്നേഹത്തിന്റെ പാശംകൊണ്ടും ഞാൻ അവരെ നയിച്ചു; അവരുടെ ചുമലിലിരുന്ന നുകത്തിന്റെ ഭാരം ഞാൻ കുറച്ചു; താണിറങ്ങി അവരെ ഞാൻ പോഷിപ്പിച്ചു (ഹൊശ. 11: 4).

ദൈവത്തിന്റെ സ്വഭാവം ഏററവും നന്നായി വെളിപ്പെടുന്നതു് ഹൊസേയാ പ്രവാചകന്റെ പുസ്തകത്തിലെ 11: 1–11 വരെയുള്ള വാക്യങ്ങളിലാണ്.[11] ആദ്യത്തെ നാലു വാക്യങ്ങൾ പുറപ്പാടിന്റെ പശ്ചാത്തലത്തിൽ ഇസ്രായേലിന്റെ ആരംഭദശയെ അനുസ്മരിക്കുന്നവയാണ്. 5 മുതൽ 7 വരെ വാക്യങ്ങൾ അവളുടെ പാപത്തെയും അതെ തുടർന്നുണ്ടായ ശിക്ഷയെയുംകുറിച്ചു പരാമർശിക്കുന്നു. 10, 11–ഈ വാക്യങ്ങൾ വിപ്രവാസത്തിനുശേഷമുണ്ടായതാണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ടെങ്കിലും അതൊരു തർക്കവിഷയമാണ്[12].

www.malankaralibrary.com

എന്നാൽ പ്രവാചകൻെറ വാക്കുകളിൽ പ്രത്യാശയുടെ വ ർണ്ണപ്രഭ ഉണ്ടായിരുന്നുവെന്നുള്ളതു് വളരെ വ്യക്തമാണു്. 8, 9 വാക്യങ്ങളിൽ ദൈവത്തിൻെറ കോപവും സ്നേഹവും എങ്ങനെ ആ ഹൃദയത്തെ മഥിക്കുന്നുവെന്നു് ചിത്രീകരിക്കുന്നു. ഇതു് മ റൊരു പ്രവചനത്തിലും കാണാനാവാത്തവിധം വികാരോജ്ജ്വ ലമാണു്[13].

"എഫ്രേം, ഞാൻ നിന്നെ എങ്ങനെ വിട്ടുകൊടുക്കും? ഇ സ്രായേലേ, ഞാൻ നിന്നെ എങ്ങനെ അവക്കു് ഏല്പിച്ചുകൊടു ക്കും? ഞാൻ നിന്നെ എങ്ങനെ അദ്മായേപ്പോലെയോ, സെ ബോയിംപോലെയോ ആക്കും? എനിക്കു ഹൃദയപരിവത്തനമു ണ്ടായിരിക്കുന്നു; എൻെറ കാരുണ്യം ഉണർത്തപ്പെട്ടിരിക്കുന്നു. എൻെറ ഉഗ്രകോപം ഞാൻ പ്രാവത്തികമാക്കയില്ല. എഫ്രേമി നെ ഞാൻ വീണ്ടും നശിപ്പിക്കുകയില്ല. ഞാൻ മനുഷ്യനല്ല, ദൈവമത്രേ. നിൻെറ നടുവിൽത്തന്നെയുള്ള പരിശുദ്ധൻ. ഞാൻ നിങ്ങളെ നശിപ്പിക്കുകയില്ല." ഇവിടെ ഇസ്രായേൽക്കാരിൽ ഉണ്ടാകേണ്ട മാനസാന്തരം ദൈവത്തിൽത്തന്നെയാണു് ഉണ്ടായി രിക്കുന്നതു്[14].

ജറമിയാസിൻെറ സാന്ത്വനത്തിൻെറ പുസ്തകത്തിൽ (അ ദ്ധ്യാ. 30_33); ദൈവം എഫ്രേമിൻെറ നേരെ എപ്പോഴെല്ലാം കോപിക്കുന്നുവോ അപ്പോഴെല്ലാം അവിടുത്തേക്കു് അവനോടു കരുണതോന്നിയിട്ടുമുണ്ടു് എന്ന വസ്തുത വളരെ വ്യക്തമായിക്കാ ണാം. "ഞാൻ അവനോടു് അത്യധികം ദയ കാണിക്കും" (ജറ. 31: 20). ഇവിടെ ദയയും സ്നേഹവായ്പും ഒരു പ താവിൻെറ ഭാഗത്തുനിന്നുള്ളതല്ല, മറിച്ചു് ഒരു മാതാവിൻെറ ഹൃദയതുടിപ്പാ ണു്. ഇതു് വളരെ വ്യക്തമായി ചിത്രീകരിച്ചിരിക്കുന്നതു് ഏ ശായാ പ്രവാചകനാണു്: "സ്ത്രീയ്ക്കു തൻെറ കുഞ്ഞിനെ മറക്കു വാൻ കഴിയുമോ? തൻെറ ഉദരത്തിൽ നിന്നുള്ള ശിശുവിനോ ടു് അവരം കാരുണ്യം കാണിക്കാതിരിക്കുമോ? ഒരു സ്ത്രീ തൻെറ കുഞ്ഞിനെ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല" (ഏശാ. 49: 15).

ഒരുപക്ഷേ, ഇതുതന്നെയായിരിക്കും ദൈവത്തിൻെറ സ്നേഹം വ്യക്തമാക്കുന്ന ഏററവും ഹൃദ്യമായ ബൈബിൾഭാഗം[15]. നമ്മുടെ ജീവിതാനുഭവങ്ങളിൽ മാതൃസ്നേഹമാണു് ഏററവും ഉദാ ത്തമായിട്ടുള്ളതു്. എന്നാൽ ദൈവത്തിൻെറ സ്നേഹം അതിനെ യും മറികടക്കുന്നു. അതിനാൽ ദൈവത്തിനു് ഒരു മാതൃഹൃദയവും ഉണ്ടു് എന്നു് പറയുക ഒട്ടും അതിശയോക്തിയല്ല[16].

അരൂപനായ ഈശ്വരനെ വ്യത്യസ്തരൂപത്തിൽ മനുഷ്യൻ ദർശിക്കുന്നതായി ശ്വേതാശ്വതര ഉപനിഷത്തിലും നമുക്കു കാണാം:

www.malankaralibrary.com

ത്വം സ്ത്രീ ത്വം പുമാനസി
ത്വം കുമാര ഉത വാ കുമാരീ /
ത്വം ജീർണോ ദണ്ഡേന വഞ്ചസി
ത്വം ജാതോ ഭവസി വിശ്വതോമുഖഃ // IV. 3.

("ഹേ പരമാത്മൻ, അങ്ങുതന്നെയാണ് സ്ത്രീ; പുരുഷനും അങ്ങു തന്നെ; കുമാരനും കുമാരിയുമെല്ലാം അങ്ങുന്നാകുന്നു; വടികുത്തി വേച്ചുവേച്ചു നടക്കുന്ന വൃദ്ധനും അങ്ങുന്നാണല്ലോ. എല്ലായിടത്തേക്കും തിരിഞ്ഞിരിക്കുന്ന മുഖത്തോടുകൂടി അങ്ങു ജാതനായിരിക്കുന്നു."; ഡോ. ജെ. കട്ടയ്ക്കൽ, ശ്വേതാശ്വതര– ഈശാവാസ്യോപനിഷത്തുകൾ; ദീപികാ ബുക്കഹൗസ്, കോട്ടയം, 1979, പേജ് 40 )

## 5. ഭാര്യാഭർത്തൃബന്ധം

അത്യുന്നതനായ ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധത്തെ വിവാഹബന്ധത്തോടു ഉപമിക്കുക തികച്ചും അസാധാരണമാണ്. കാനാന്യരുടെ ഇടയിലുണ്ടായിരുന്ന ദേവദാസീസമ്പ്രദായം (hieros gamos) ഇത്തരുണത്തിൽ പ്രവാചകന്മാർ ശപിച്ചുതള്ളുകയത്രേ ചെയ്തിട്ടുള്ളതു്. എന്നിരുന്നാലും ഹോശേയാ പ്രവാചകൻ മാനുഷികസ്നേഹബന്ധത്തിലെ ഏററവും ഹൃദ്യമായ വിവാഹബന്ധത്തിലൂടെയാണ് ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധത്തെ ചിത്രീകരിച്ചിരിക്കുന്നതു്.

ഇസ്രായേലിലെ രാജാവായിരുന്ന ജറോബാം രണ്ടാമന്റെ കാലത്താണ് ഹൊശേയാ തന്റെ പ്രവചനദൗത്യം നിർവ്വഹിച്ചിരുന്നതു് (ഏതാണ്ടു് ബി. സി. 750 നോടടുത്തു്). അദ്ദേഹം തന്റെ ദൗത്യം വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും വെളിവാക്കി. അദ്ദേഹത്തിന്റെ വൈവാഹികബന്ധം ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധത്തെ പ്രതിഫലിപ്പിക്കുന്നു. ഒന്നു മുതൽ മൂന്നുവരെയുള്ള അദ്ധ്യായങ്ങൾ ഇതുതന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നതു്. ദൈവം ഹൊശേയായോടു് പറഞ്ഞു: "നീ പോയി ഒരു വേശ്യയെ വിവാഹം കഴിക്കുക" (1: 2). കഴിഞ്ഞകാലങ്ങളിലെ ബൈബിൾപണ്ഡിതന്മാർ ഇതിനു് രൂപകാത്ഥത്തിലുള്ള ഒരു വ്യാഖ്യാനമാണ് നല്കിയിട്ടുള്ളതു്. എന്നാൽ ഇന്നുള്ളവർ കൂടുതലായും ചരിത്രപരമായ വ്യാഖ്യാനമാണ് നല്കുക. ഇവിടെ വേശ്യാവൃത്തി എന്നതു് ഒരു പ്രവൃത്തിയെന്നതിലധികമായി ഒരു സ്വഭാവവിശേഷത്തെയാണ് സൂചിപ്പിക്കുക[17]. ഇസ്രായേൽ ആദ്യകാലങ്ങളിൽ വിശ്വസ്തയാ

www.malankaralibrary.com

യായിരുന്നു (1: 3ff; 2: 15; 9: 10; 10: 11). എന്നാൽ കാലക്രമേണ അവരം അവിശ്വസ്തയാകുകയും സ്നേഹബന്ധം ഉലച്ചുകളയുകയും ചെയ്തു.

ഹൊശേയാ തന്റെ ദാമ്പത്യജീവിതത്തിലൂടെ ദൈവം എങ്ങനെ ഇസ്രായേലിന്റെ കാര്യങ്ങളിൽ തല്പരനായിരുന്നുവെന്നു വ്യക്തമാക്കുന്നുണ്ട്. ഇവിടെ പ്രധാനമായും പ്രവാചകന്റെ ദാമ്പത്യജീവിതമാണോ അതോ ഇസ്രായേലിന്റെ ചരിത്രമാണോ ഇത്തരത്തിലുള്ള പ്രതിപാദനത്തിനു നിദാനം എന്നു ചോദിച്ചാൽ ഇസ്രായേലിന്റെ ചരിത്രം തന്നെയാണെന്നു പറയുകയാണ് യുക്തം [18]. ദൈവം ഉടമ്പടിയുടെ നിയമപരിധിയിൽ നിന്നു വളരെയധികം മുമ്പോട്ടു പോയി എന്നുള്ളത് അവിടുത്തെ വ്യക്തിപരമായ സ്നേഹവും താല്പര്യവുമാണ് പ്രകടമാക്കുന്നത്. എന്നാൽ ഇതിനോട് ഇസ്രായേൽ, ദൈവത്തെ അറിഞ്ഞും, സ്നേഹിച്ചും വിശ്വസിച്ചും യോജിപ്പ് പ്രകടിപ്പിക്കേണ്ടതായിരുന്നു. എന്നാൽ ഇസ്രായേൽ മററു ദേവന്മാരുടെ പക്കലേക്ക് ഓടിപ്പോവുകയത്രെ ചെയ്തത് (2: 5; 4: 10; 9: 1). ഈജിപ്തിനോടും അസ്സീറിയയോടുമുണ്ടായിരുന്ന ബന്ധവും അവളുടെ ഈ അധ:പതനത്തിനു കാരണമായി (7: 11).

ഹോശേയായുടെ ഭാര്യ അവിശ്വസ്തയായിരുന്നു. അദ്ദേഹം മക്കരംക്ക് പ്രതീകാത്മകങ്ങളായ പേരുകളാണ് കൊടുത്തത്. മൂത്ത പുത്രനെ 'ജസ്രായേൽ' എന്നു വിളിച്ചു. ഇത് ജസ്രായേൽ എന്ന സ്ഥലത്തുവച്ചു നടന്ന രക്തച്ചൊരിച്ചിലിനെയാണ് പ്രതിനിധാനം ചെയ്യുന്നത് (2 രാജാ.9: 10). രണ്ടാമത്തെ കുട്ടിക്ക് (പെൺകുട്ടി) 'ലൊരുഹാമ്മാ' എന്നാണ് പേരിട്ടത്. എന്തെന്നാൽ, ദൈവം ഇനിമേൽ ഇസ്രായേലിനോടു കരുണ കാണിക്കുകയില്ലത്രെ. മൂന്നാമത്തെ കുട്ടിക്ക് 'ലോ–അമ്മി' എന്ന പേരും നിർദ്ദേശിച്ചു. അതിന്റെ അർത്ഥം, നിങ്ങരം ഇനിമേൽ എന്റെ ജനതയോ, ഞാൻ നിങ്ങളുടെ ദൈവമോ ആയിരിക്കുകയില്ല എന്നാണ് (1: 4–8).

ഇങ്ങനെയെല്ലാമായിരുന്നിട്ടും ദൈവം പിന്നെയും ഇസ്രായേലിന്റെ തിരിച്ചുവരവിനുവേണ്ടി കാത്തിരുന്നു. എന്നാൽ എല്ലാം വ്യർത്ഥമായി തീരുകയാണുണ്ടായത് (5: 15; 7: 7, 10, 14, 16). ''ഇസ്രായേൽ അന്യദേവന്മാരെ സേവിക്കുകയും മുന്തിരിയടകരം ഇഷ്ടപ്പെടുകയും ചെയ്തിട്ടും കർത്താവ് അവരെ സ്നേഹിക്കുന്നു.'' അതുപോലെ ജാരനാൽ സ്നേഹിക്കപ്പെട്ട വേശ്യയായി തീർന്നിരിക്കുന്ന ഭാര്യയെയും സ്നേഹിക്കുവാൻ അവിടുന്ന് ഹൊശേയായോടു കല്പിച്ചു (3: 1). ഉടമ്പടി ബന്ധം എന്നും സ്ഥിരവും ആഴമായ സ്നേഹവും പരസ്പരബന്ധപ്പെടലും ഉരംക്കൊള്ള

www.malankaralibrary.com

ന്നതാണ് (2: 1). എന്നിട്ടും, ദൈവത്തിന്റെ, ഇസ്രായേലിന്റെ തിരിച്ചുവരവിലുള്ള പ്രതീക്ഷ അനിതരസാധാരണമാണ്(2: 1). ''അപ്പോൾ നീ എന്നെ 'ബാൽ' എന്നായിരിക്കുകയില്ല 'ഭർത്താവ്' എന്നായിരിക്കും വിളിക്കുക'' (2: 16). ''ഞാൻ നിന്നെ എന്നേക്കുമായി വിവാഹത്തിനു നിശ്ചയിക്കും: അതെ, നീതിയോടും ന്യായത്തോടും കാരുണ്യത്തോടുംകൂടെ നിന്നെ ഞാൻ വിവാഹത്തിനു നിശ്ചയിക്കും. ഞാൻ നിന്നെ വിശ്വസ്തതയോടെ എന്റെ ഭാര്യയായി സ്വീകരിക്കും. ഞാൻ കർത്താവാണെന്ന് അപ്പോൾ നിനക്കു മനസ്സിലാകും (2: 19–20). ദൈവത്തിന്റെ സ്നേഹം അവിടുന്നിൽനിന്നുതന്നെയാണ് ഉത്ഭവിക്കുക; അല്ലാതെ അവിടുന്നു സ്നേഹിക്കുന്ന വസ്തുക്കളിൽ നിന്നല്ല. ''അവിശ്വസ്തരായിതീർന്നവരെ ഞാൻ സുഖപ്പെടുത്തും; അവരോടുള്ള കോപം എന്നിൽനിന്നു വിട്ടുമാറിയിരിക്കുന്നതിനാൽ സ്വമനസാ ഞാൻ അവരെ സ്നേഹിക്കും'' (14: 5).

ഭാര്യാഭർത്തൃപ്രതീകം ഏശായായും ജറമിയാസും എസക്കിയേലും ഉപയോഗിക്കുന്നുണ്ട് (ഏശ്ശാ, 50: 1; ജറ. 2: 1–3; 3: 1–5; എസ. 16). എന്നാൽ ഹൊശേയായെപ്പോലെ ഇത് ഇത്ര മാത്രം, വികാരപരമായി ആരുംതന്നെ ഉപയോഗിച്ചിട്ടില്ല എന്നു തന്നെ വേണം പറയുവാൻ. അതുപോലെ തന്നെ ദൈവത്തിന്റെ അനന്തകാരുണ്യത്തിന്റെ വക്താവുമാണദ്ദേഹം.

## ദൈവത്തിന്റെ കോപവും കരുണയും

പ്രവാചകന്മാർ ദൈവജനത്തിന്റെ മനഃസാക്ഷിയുടെ കാവൽക്കാരാണ്. അവർ ജനങ്ങളിൽ വിശ്വസ്തതയും നന്മയും വളർത്തിയെടുക്കുവാൻ പരിശ്രമിക്കുന്നു. പ്രവാചകന്മാരുടെ വീക്ഷണത്തിൽ ജനങ്ങളുടെ സുസ്ഥിതി ദൈവത്തിന്റെ ഇഷ്ടം പാലിക്കുന്നതിനെയാണ് ആശ്രയിച്ചിരിക്കുന്നത്. ദൈവം തന്റെ ജനത്തെ അനന്തമായി സ്നേഹിക്കുന്നതുകൊണ്ട്, അവിടുത്തേക്ക് ഒരിക്കലും മറിച്ച് ആയിരിക്കുക സാദ്ധ്യമല്ല. അതുകൊണ്ടുതന്നെയാണ് അവിടുന്ന് സ്നേഹനിധിയായ ദൈവമായിരിക്കുന്നതും. ഇസ്രായേൽ തിരഞ്ഞെടുക്കപ്പെട്ടു എന്നതിന്റെ പേരിൽ അവർക്ക് ഉത്തരവാദിത്വമൊന്നുമില്ല എന്ന് ഒരിക്കലും അർത്ഥമാകുന്നില്ല. കാരണം സ്നേഹമെന്നത് അമിതമായ ലാളനമോ, കോപമെന്നത് ഹൃദയകാഠിന്യത്തിന്റെ പ്രകടനമോ അല്ല[19]. തിരഞ്ഞെടുക്കപ്പെട്ടവർ അവരുടെ പ്രത്യേക വിളിക്കും തിരഞ്ഞെടുപ്പിനും ഉചിതമായവിധം ജീവിക്കേണ്ടവരാണ്.

എന്നാൽ ചരിത്രപരമായ അനുഭവം വളരെ വേദനാജനകമായിരുന്നു. ജനങ്ങളുടെ ദൈവത്തിലുള്ള വിശ്വാസവും ഉറപ്പും

www.malankaralibrary.com

ക്ഷയിച്ചുപോയി. അതുപോലെ പ്രവാചകന്മാരുടെ അനുശാസനങ്ങൾ മറന്നുകളയുകയും ചെയ്തു. ദൈവം അവരെ സ്നേഹിക്കുകയും ആവശ്യാനുസരണങ്ങളിൽ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ദൈവത്തിന്റെ കോപം അവിടുത്തേക്ക് തന്റെ ജനങ്ങളോടുള്ള അഗാധമായ സ്നേഹവും താല്പര്യവുമാണ് വ്യക്തമാക്കുക. ബൈബിളിൽ പ്രകടമാകുന്ന 'നന്മ' കാരുണ്യംതന്നെയാണ്. ലോകത്തോടുള്ള അവിടുത്തെ കാരുണ്യം തന്നെയാണ് അവിടുത്തെ സാധാരണ മനോഭാവവും [20].

യാഹ്വേ തന്നെയാണ് യഥാർത്ഥ ദൈവം. അതിനാൽ അന്യദേവന്മാരുടെ അടുത്തേക്കു പോകുന്നത് വ്യർത്ഥമാണ്. ഇസ്രായേൽക്കാർ എല്ലാവരും ഒരു സമൂഹമായി വർത്തിക്കുകയും ഓരോ വ്യക്തിയും കർത്താവിന്റെ കാര്യത്തിൽ പ്രഥമവും പ്രധാനവുമായി ശ്രദ്ധ വയ്ക്കുകയും വേണം. ദൈവം തന്റെ 'ഭാര്യയേയും കുഞ്ഞുങ്ങളേയും' സ്നേഹിക്കുന്നു. എന്നാൽ അവർ അവിടുത്തോട് വിശ്വസ്തരായിരിക്കണം. ഇസ്രായേൽക്കാരുടെ കർത്താവ് ആടുകളെ അന്വേഷിച്ചുപോകുന്ന ഒരു ഇടയനും, തന്റെ മുന്തിരിത്തോട്ടത്തെക്കുറിച്ച് അതീവ ശ്രദ്ധാലുവായ ഒരു കൃഷിക്കാരനുമത്രെ.

നേർപഥം വിട്ടുപോയ തന്റെ ജനങ്ങളോട് ദൈവത്തിന് അനുകമ്പയേ ഉള്ളു. കാരണം അവിടുന്ന് അയച്ച ഇടയന്മാരും പുരോഹിതന്മാരും പ്രവാചകന്മാരും അവരെ നേർപഥത്തിലേക്കു നയിച്ചില്ല. അതിനാൽ അവിടുന്നു തന്നെ ഇനിമേൽ അവരെ മേയ്ക്കുകയും അവരുടെ കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കുകയും ചെയ്യും. മുന്തിരിത്തോട്ടത്തിന്റെ രൂപകം ന്യായവിധിയുടെ ഒരു ചിത്രമാണ്. ദൈവ–മനുഷ്യബന്ധം അതിന്റെ പാരമ്യത്തിൽ പിതൃ/മാതൃശിശുബന്ധവും ഭാര്യാഭർത്തൃബന്ധവും ചിത്രീകരിക്കുന്നു. ദൈവ–മനുഷ്യബന്ധത്തിന്റെ ഭാവാവേശവും ത്യാഗനിർഭരമായ ഉത്തരവാദിത്വവും ഉൾക്കൊള്ളുന്നതിൽ ബൈബിളിലെ ഏററവുമധികം വിജയിച്ചിരിക്കുന്ന രണ്ടു രൂപകങ്ങളത്രെ പിതൃ/മാതൃശിശുബന്ധവും ഭാര്യാഭർത്തൃബന്ധവും [21].

www.malankaralibrary.com

1. Abraham J. Heschel, The Prophets, Harper Torch Books, 1969, p. 51
2. R. E. Clements, Prophecy and Covenant, SCM press, London, 1965, p. 18
3. Ibid. p. 121
4. E. W. Heaton, The Old Testament Prophets, Darton Longman and Todd, 1977, pp. 72 ff.
5. This is true of Isaiah (1:12-17), Micah (6:18), and Jeremiah (7:1-15).
6. J. Kenneth Kunt, The People of Ancient Israel, Harper & Row, New York, 1974, p. 292
7. B. D. Napier, "Sheep" in Interpreter's Dictionary of the Bible, Abingdon press, Nashville, 1962, p. 316
8. John B. Taylor, Ezakiel, an Introduction and commentary, Tyntale press, London, 1969, p. 221
9. Alfons Deissler, Die Gruntbotschaft desAlten Testaments, Ein Theológischer Durschblick, Herder, 1976, p. 105
10. A Deissler, "The spirit of the Lord's prayer in the faith and worship of the Old Testament in The Lord's prayer and the Jewish Liturgy", (Ed.), Jakob J. Petuchowski and Michael Brocke, Burns and Oates, London, 1976, p. 6
11. Dennis J. McCarthy, "Hosea", in the Jerome Biblical Commentary, vol. I, T. P. I. Bangalore, 1968, p. 262
12. John Mauchline and Harold Cooke Philips, "Hosea", in The Interpreter's Bible, vol. 6, Abingdon, 1956, p. 691
13. G. Von Rad, Old Testament Theology, vol. 1 (trans). D. M. G. Stalker, Oliver and Boyd, London, 1965, p. 145
14. Hans walter wolff "Guilt and salvation", in Interpretation, xv, 1961, p. 285
15. Alfons Deissler, Die Gruntbotschaft des Alten Testaments, p. 107
16. Carroll Stuhlmueller, "Deutro-Isaiah", J. B. C. Vol. 1, p. 376 cfr. James Muilenburg and Henry Sloane Coffin, "Isaiah" in Interpreter's Bible, vol, 5, p. 574. The words of Trito-Isaiah also are touching. As one whom his mother comforts, so I will comfort you (Is 66:13).
17. Walther Eichrodt, "The Holy One of in your midst", in Interpretation, xv, 1961, p. 260
18. James M. Ward, "The message of prophet Hosea", Interpretation, xxiiii 1969, p. 388
19. H. H. Rolly, The faith of the Israel, SCM press London, 1956
20. Abraham J. Heschel, The prophets, p. 219
21. James M. ward, "message of the prophet Hosea,' Interpretation, xxiii, 1969, p. 390.

www.malankaralibrary.com

# "കൃപയുടെ ദൈവം" വി. പൗലോസിൻെറ വീക്ഷണത്തിൽ

ഫ്റാൻസീസ് പെരേര എസ്. ജെ.

പിതാവായ ദൈവത്തേപ്പററി വി. പൗലോസ് സാധാരണ പറയുന്നത് "ഞങ്ങളുടെ പിതാവേ", "ഞങ്ങളുടെ കർത്താവായ ഈശോമിശിഹായുടെ പിതാവേ," എന്നോ, അല്ലെങ്കിൽ, "ആബാ" എന്ന സംബോധനയോടോ ആയിരിക്കം.[1] എന്നാൽ, കൊറീന്ത്യാക്കാർക്കുള്ള രണ്ടാം ലേഖനത്തിൽ ദൈവത്തെ "കൃപയുടെ പിതാവു" എന്നാണു പൗലോസ് വിളിക്കുന്നത് (2 കോറി. 1: 3). അപൂർവ്വമായിട്ടേ ഉപയോഗിക്കപ്പെട്ടിട്ടുള്ളവെങ്കിലും പൗലോസിൻെറ ദൈവശാസ്ത്രത്തോടു് പരിപൂർണ്ണമായും യോജിപ്പുള്ള ഒരു നാമമാണിതു്. വളരെ മനോഹരമായി പൗലോസിൻെറ ദൈവശാസ്ത്രത്തിൻെറ സത്തയെ ഈനാമം വെളിവാക്കുന്നു. ദൈവത്തേപ്പററിയും, കുരിശിലൂടെയുള്ള ക്രിസ്തുവിൻെറ രക്ഷാകരകർമ്മത്തേപ്പററിയും, കൃപയുടെ ദൈവത്താൽ രക്ഷിക്കപ്പെട്ട ദൈവജനമായ ക്രിസ്ത്യാനികളുടെ ധാർമ്മികജീവിതത്തേപ്പററിയുമുള്ള പൗലോസിൻെറ പഠനങ്ങളിലേക്കു ഇതു് വെളിച്ചം വീശുന്നു.

പണ്ഡിതന്മാർ ചൂണ്ടിക്കാട്ടുന്നതുപോലെ കൃപ (mercy–oiktirmos) എന്ന പദം, ദയ (pity–eleos), അനുകമ്പ (compassion–splanchna) എന്നീ വാക്കുകളുടെ ഗണത്തിൽപ്പെടുന്നു.[2] Oiktirmos എന്ന വാക്കിൻെറ മൂലാർത്ഥം മറെറാരാളുടെ ദൗർഭാഗ്യത്തിലോ, വ്യസനകരമായ അവസ്ഥയിലോ ഉണ്ടാകുന്ന ദയ എന്നാണു്, Eleos ദയയുടെ വികാരത്തേയും, Splanchna വികാരങ്ങളുടെ, മൃദുലഭാവങ്ങളുടെ ഇരിപ്പിടമായ ഹൃദയത്തേയും സൂചിപ്പിക്കുന്നു.

## 1. കൃപ (Oiktirmos): പഴയനിയമ പശ്ചാത്തലം

ഈ വാക്കും, സജാതീയ വാക്കുകളും 80 പ്രാവശ്യം സെപ്ത്വാജിന്തിൽ (Septuagint) ഉപയോഗിച്ചിട്ടുണ്ടു്; നാമമായി 30 പ്രാവശ്യവും. ക്രിയയായി 30 പ്രാവശ്യവും. ഇതിൻെറ ഹീബ്രു സമാനപദങ്ങൾ rhm (അനുകമ്പയുണ്ടായിരിക്കുക), hnn (ദയാ

www.malankaralibrary.com

ലുവായിരിക്കുക) എന്നീ മൂലങ്ങളിൽനിന്നുമുള്ളവയാണ്. ഇവയെല്ലാം eleos എന്നോ, ഇതിൻെറതന്നെ മററു ഘടകരൂപങ്ങളിലേക്കോ വിവർത്തനം ചെയ്യാം. സങ്കീർത്തനങ്ങളിലാണ് ഈ പദം കൂടുതലായി കാണുന്നത്.[3] ഹീബ്രുവിൽ rahamim എന്ന ബഹുവചനരൂപം ഉപയോഗിച്ചിരിക്കുന്നതുകൊണ്ട്, സെപ്റ്റ്വജിന്തിൽ എല്ലായ്പ്പോഴും oiktirmos എന്ന ബഹുവചനമാണുപയോഗിച്ചിരിക്കുന്നത്.[4] പൗലോസും oiktirmos എന്ന ബഹുവചനം ഉപയോഗിക്കുന്നതു് (കൃപയുടെ പിതാവു് (2 കോറി. 1: 3), ദൈവകൃപ (റോമ. 12: 1),[5] പഴയനിയമ പശ്ചാത്തലത്തെപ്പററി ഗ്രീഹായ്ക്കുള്ള അറിവിനേയാണ് സൂചിപ്പിക്കുന്നതു്. കൃപ (oiktirmos), ദയ (eleos), നീതി (dikaiosyne), അനുഗ്രഹം (charis)– ഈ വാക്കുകൾ തമ്മിലുള്ള അടുത്ത ബന്ധത്തേയും, സാധർമ്മ്യത്തേയും പണ്ഡിതന്മാർ ചൂണ്ടിക്കാട്ടുന്നുണ്ട്.[6] വി. പൗലോസ് ദൈവകൃപകൊണ്ടർത്ഥമാക്കുന്നതു് മനുഷ്യൻെറ അനുകമ്പാർഹവും, ക്ലേശഭൂയിഷ്ഠവുമായ അവസ്ഥയിൽ ദൈവം അവനുവേണ്ടി ചെയ്യുന്ന കൃപയുടേയും, സ്നേഹത്തിൻേറയും, കാരുണ്യത്തിൻേറയും പ്രവർത്തനം എന്നതാണ്. പൗലോസ് പ്രസംഗിച്ച സുവിശേഷം ക്രിസ്തുവിൻെറ കുരിശിലൂടെ പ്രകടമാക്കപ്പെട്ട ദൈവകരുണയാണ്. "കരുണാസമ്പന്നനായ ദൈവം, നമ്മോടുള്ള തൻെറ സ്നേഹാധിക്യം നിമിത്തം, പാപംവഴി നാം മൃതരായിരുന്നിട്ടും മിശിഹായിൽ നമ്മെ ജീവിപ്പിച്ച അവിടുത്തെ കൃപയാലാണ് നിങ്ങൾ രക്ഷിക്കപ്പെട്ടതു്. ഈശോമിശിഹായോടുകൂടെ അവിടുന്നു നമ്മേ ഉയിർപ്പിക്കുകയും സ്വർഗ്ഗത്തിൽ അവിടുത്തോടൊപ്പം നമ്മെ ഇരുത്തുകയും ചെയ്തു"(എഫേ. 2: 4–6).

## 2. കൃപയുടെ ദൈവം ദൈവജനത്തിൻെറ ചരിത്രത്തിൽ

ഇസ്രായേൽ ജനതയ്ക്കുവേണ്ടി ദൈവം ചെയ്തിട്ടുള്ള പ്രവർത്തനങ്ങളുടെ ചരിത്രമാണ് പഴയനിയമം. സ്നേഹത്താൽ ദൈവം ഇസ്രായേലിനെ തൻെറ സ്വന്തമായി തിരഞ്ഞെടുത്തു. അവരുടെമേൽ ദൈവം തൻെറ കൃപ പ്രകടമാക്കി.[7] പഴയനിയമ വിശ്വാസങ്ങളുടെ ആകെത്തുകയായ സങ്കീർത്തനങ്ങൾ. ഈ സത്യം വിവിധ പ്രാർത്ഥനകളിലൂടെ പ്രകടമാക്കുന്നുണ്ട്: "കർത്താവേ, അങ്ങയുടെ കാരുണ്യവും, അതിപ്രാചീനകാലം മുതലുള്ള കൃപയും ഓർമ്മിക്കണമേ" (സങ്കീ. 25: 6); കർത്താവേ, സ്ഥിരപ്രതിഷ്ഠിതമായ അങ്ങയുടെ പ്രാചീനസ്നേഹമെവിടെ....?" (സങ്കീ. 89: 49).

പുറപ്പാടനുഭവത്തിൽനിന്നുമാണ് ദൈവകൃപയേപ്പററിയും, ദൈവസ്നേഹത്തെപ്പററിയും ഉറച്ചബോദ്ധ്യം ക്കേതരായ യഹൂദ

www.malankaralibrary.com

രിൽ പൊട്ടിമുളച്ചതു്. പുറപ്പാടിൻെറ വിവരണത്തിൽ കൃപ (mercy) എന്ന വാക്കു് കാണുന്നില്ലാതെങ്കിലും, ഇസ്രായേൽ ജനത്തിൻെറ ഈജിപ്റ്റിൽനിന്നുള്ള വിമോചനത്തെ ദൈവ കൃപയുടെ ഒരു പ്രവൃത്തനമായാണു് ചിത്രീകരിച്ചിരിക്കുന്നതു്. മൂശയുടെ ദൈവവിളിയേപ്പററിയുള്ള ആദ്യ പാരമ്പര്യവിവരണത്തിൽ ഇതു വ്യക്തമാണു്: "എൻെറ ജനതയുടെ ക്ലേശങ്ങൾ ഞാൻ കണ്ടിരിക്കുന്നു. അവരുടെ നിലവിളി ഞാൻ കേട്ടു.... അവരുടെ സങ്കടങ്ങൾ എനിക്കു നന്നായറിയാം, അവരെ രക്ഷിക്കാൻ ഞാൻ വന്നിരിക്കയാണു്" (പുറ. 3: 7f). പിന്നീടു്, പുരോഹിതന്മാരുടെ കാലത്തു് അടിമത്തത്തിൽനിന്നും ഇസ്രായേൽക്കാരെ രക്ഷിക്കാനുള്ള ദൈവത്തിൻെറ തീരുമാനത്തെ ഉടമ്പടിയോടുള്ള ദൈവത്തിൻെറ വിശ്വസ്ഥതയായി വിശദീകരിക്കുന്നുണ്ടു് (പുറ. 6: 5). കൃപാസമ്പൂർണ്ണനും, അനുകമ്പാർദ്രനുമായ അവിടുത്തേക്കു്, തിരഞ്ഞെടുക്കപ്പെട്ട തൻെറ ജനത്തിൻെറ കഷ്ടപ്പാടുകൾ, താങ്ങാവുന്നതായിരുന്നില്ല. സ്നേഹംമൂലമാണു് ഇസ്രായേൽ ജനതയെ തൻെറ മാത്രം സ്വത്തു് (possession– ഇതിനു ഗ്രീക്കിലുപയോഗിച്ചിരിക്കുന്ന വാക്കു് segullah എന്നാണു്. അതിൻെറ അർത്ഥം അമൂല്യമായ സ്വത്തു്, സവിശേഷമായ നിധി എന്നൊക്കെയാണു്) ആയിട്ടു് ദൈവം തിരഞ്ഞെടുത്തതു്. അവരുമായി ഉടമ്പടിയിൽ പ്രവേശിച്ചതുമുതൽ നൈസർഗ്ഗികമായ ഒരു വാത്സല്യത്താൽ ദൈവം ഇസ്രായേലുമായി അഭേദ്യം ബന്ധപ്പെട്ടിരുന്നു.

എന്നിരുന്നാലും, പാപംവഴി ഇസ്രായേൽ ദൈവത്തിൽനിന്നുമകന്നാൽ എന്തു സംഭവിക്കും? ഇസ്രായേൽ അവരുടെ ഹൃദയം കഠിനമാക്കാത്തിടത്തോളം കാലം ദൈവത്തിൻെറ കൃപ അവരെ തിരികെക്കൊണ്ടുവരും. പാപം ചെയ്ത ഇസ്രായേലിനെ കഠിനമായി ശിക്ഷിക്കുന്ന ഒരു ദൈവത്തെ അവരുടെ ചരിത്രത്തിലുടനീളം നമുക്കു കാണാൻ സാധിക്കും. എന്നാലും, അവരുടെ കഷ്ടപ്പാടും വിഷമസ്ഥിതിയും അവിടുത്തെ കാരുണ്യത്തെ ഉദ്ദീപിപ്പിക്കുകയാണുണ്ടായിട്ടുള്ളതു്. അങ്ങനെ, പാപസാഹചര്യങ്ങളിലാണു് ദൈവവാത്സല്യത്തിൻെറ രഹസ്യത്തെ ഇസ്രായേൽ ആഴത്തിൽ ഗ്രഹിച്ചതു്. സീനായു് മലയിൽവച്ചു് ദൈവികസത്തയുടെ അടിസ്ഥാന വെളിപാടു് മൂശ ശ്രവിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട ജനം തങ്ങളുടെ ശരിയായ വിശ്വാസത്തിൽനിന്നും അപ്പോൾ വ്യതിചലിച്ചതേ ഉണ്ടായിരുന്നുള്ളു. പക്ഷേ, തനിക്കിഷ്ടമുള്ളവരുടെ മേൽ തൻെറ കൃപ വിതറാനുള്ള സ്വാതന്ത്ര്യത്തെ സ്ഥിരീകരിച്ചുകൊണ്ടു് (പുറ 33: 19) ദൈവം പ്രഖ്യാപിച്ചു; തൻെറ ദൈവിക വാത്സല്യത്തിൽ പാപത്തിനുമേൽ വി



www.malankaralibrary.com

ജയം വരിക്കുവാൻ സാധിക്കുമെന്നു്. "കർത്താവു്, ദൈവമായ കർത്താവു്, കാരുണ്യവും കൃപയും ഉള്ളവനാണു്; ക്ഷമയും മഹാദയയും വിശ്വസ്തതയുമുള്ളവനത്രേ; അനേകായിരം തലമുറകളോളം കാരുണ്യം കാണിക്കുന്നവനും, ദുഷ്ടതയും അക്രമവും, പാപവും ക്ഷമിക്കുന്നവനുമത്രെ; എങ്കിലും കുററക്കാരേ കുററമില്ലാത്തവരെന്നു പ്രഖ്യാപിക്കാത്തവനും, എന്നാൽ പിതാക്കന്മാരുടെ ദുഷ്ടതകൾക്കു മക്കളേയും മക്കളുടെ മക്കളേയും, മൂന്നും നാലും തലമുറകൾവരെ ശിക്ഷിക്കുന്നവനുമാണു്" (പുറ. 34: 6 f). പാപത്തിൻെറ ഗൗരവം സ്വയം മനസ്സിലാക്കുന്നതിനു വേണ്ടിയാണു് പാപത്തിൻെറ അനന്തരഫലം അനുഭവിക്കാൻ ദൈവം പാപിയെ കൈവിടുന്നതു്. പക്ഷേ, ആയിരം തലമുറകൾവരെ നീണ്ടുനിൽക്കുന്ന കൃപ, അവിടുത്തെ, അനന്തമായ ക്ഷമയുടെ പര്യായമാകുന്നു. പ്രവാചകാനുഭവങ്ങൾ ചരിത്രത്തിൽ ഇതുപോലുള്ള ദൈവിക പ്രവർത്തനങ്ങൾക്കു് അസാധാരണമായ ഒരു മാനുഷികത കൊടുക്കുന്നുണ്ടു്. നാശത്തിൻെറ പ്രവാചകനായ ജറമിയാ, പാപം ചെയ്ത ഇസ്രായേലിനു വന്നുഭവിക്കാനിരിക്കുന്ന കൊടും വിപത്തുകളെപ്പററി പ്രവചിക്കുന്നതോടൊപ്പം, ദൈവത്തിൻെറ മൃദുലഭാവത്തെപ്പററിയും പറയുന്നുണ്ടു്: "നിശ്ചയമായും എഫ്രേം എൻെറ വത്സലസന്താനമാണു്; എൻെറ ഓമനക്കുഞ്ഞാണു്. അവനെക്കുറിച്ചു് സംസാരിക്കുമ്പോഴെല്ലാം അവൻെറ സജീവസ്മരണ എന്നിൽ പ്രസ്ഫുരിക്കുന്നു. തന്നിമിത്തം എൻെറ ഹൃദയം അവനിലേക്കു് ആകൃഷ്ടമാകുന്നു. ഞാൻ അവനോടു് അത്യധികം ദയ കാണിക്കും എന്നു കർത്താവു് അരുൾച്ചെയ്യുന്നു" (ജെറ. 31: 20) "കർത്താവു് തന്നെ ഉപേക്ഷിക്കുകയും മറന്നുകളയുകയും ചെയ്തു" എന്നു തകർക്കപ്പെട്ട സീയോൻ വിലപിക്കുമ്പോൾ കർത്താവു് പറയുന്നു: "ഒരു സ്ത്രീക്കു തൻെറ കുഞ്ഞിനെ മറക്കാൻ കഴിയുമോ? തൻെറ ഉദരത്തിൽ നിന്നുള്ള ശിശുവിനോടു് അവൾ കാരുണ്യം കാണിക്കാതിരിക്കുമോ? ഒരു സ്ത്രീ തൻെറ കുഞ്ഞിനെ മറന്നാലും ഞാൻ നിന്നെ മറക്കയില്ല. ഞാൻ നിൻെറ പേരു് എൻെറ ഉള്ളംകൈയിൽ രേഖപ്പെടുത്തിയിരിക്കുന്നു" (ഏശ. 49: 14_16) "അല്പനേരത്തേക്കു മാത്രമാണു് നിന്നെ ഞാൻ ഉപേക്ഷിച്ചതു്. മഹാകാരുണ്യത്തോടെ ഞാൻ നിന്നെ വീണ്ടെടുക്കും.... സനാതനമായ കാരുണ്യത്തോടെ ഞാൻ നിന്നോടു കൃപ ചെയ്യും" (ഏശ. 54: 7f). ദൈവപുത്രൻെറ വരവുവരെ തൻെറ ജനത്തോടുള്ള ദൈവത്തിൻെറ സ്നേഹരാഗം (loving tone) ഇപ്രകാരമായിരുന്നു. പാപത്തിൻെറ ഫലം അനുഭവിക്കാൻ ദൈവം അവരെ കൈവിട്ടെങ്കിൽ അതവരെ മാനസാന്തരപ്പെടുത്തി തന്നിലേക്കു തിരികെക്കൊണ്ടുവരുന്നതിനായിരുന്നു. ഒരിക്കൽക്കൂടി അവിടുന്നവരെ മരുഭൂമിയിലൂടെ നയിച്ചെങ്കിൽ, അതവരുടെ "ഹൃദയത്തോടു് സംസാരിക്കാനുള്ള"

www.malankaralibrary.com

(ഹോശാ. 2: 16) അഭിവാഞ്ഛയാലായിരുന്നു. കർത്താവ് ''ഒരിക്കലും നിത്യമായി കോപിക്കയില്ല'' (എറെ. 3: 12f). പക്ഷേ, പാപി തന്റെ തെററായ മാർഗ്ഗം മനസ്സിലാക്കണമെന്നവിടുന്ന് ആഗ്രഹിക്കുന്നു. ''ദുഷ്ടൻ തന്റെ മാർഗ്ഗവും നീതിരഹിതൻ തന്റെ ആലോചനകളും പരിത്യജിച്ചിട്ട് കർത്താവിങ്കലേക്കു പിന്തിരിയട്ടെ. അവിടുന്ന് അവനോട് കാരുണ്യം പ്രദർശിപ്പിക്കും. അവൻ കർത്താവിന്റെ അടുക്കലേക്കു തിരിയട്ടെ; എന്തെന്നാൽ, അവിടുന്നു ക്ഷമിക്കാൻ സന്നദ്ധനായിരിക്കുന്നു'' (ഏശാ 55: 7f).

''കൃപയുടെ ദൈവ''ത്തെപ്പററിയുള്ള പഴയനിയമ വികാരവിചാരങ്ങൾ സങ്കീർത്തകന്റെ വാക്കുകളിൽ നമുക്കു സംഗ്രഹിക്കാം. ''കർത്താവ് കാരുണ്യവാനും ദയാലുവുമാകുന്നു; അവിടുന്നു ദീർഘക്ഷമാശീലനും കൃപാലുവുമാണ്. അവിടുന്നു സദാ തജ്ജനപ്രിയനല്ല; എന്നേക്കും അവിടുന്നു കോപിച്ചിരിക്കുകയുമില്ല. നമ്മുടെ പാപങ്ങൾക്കൊത്തവിധം അവിടുന്നു നമ്മോടു പ്രവർത്തിക്കുന്നില്ല.... പിതാവു മക്കളോടെന്നപോലെ കർത്താവിനു തന്റെ ഭക്തരോട് കാരുണ്യം തോന്നുന്നു, നാം എങ്ങനെ രൂപീകൃതരായെന്ന് അവിടുത്തേക്കറിയാം, നാം പൊടിയാണെന്ന് അവിടുന്ന് ഓർമ്മിക്കുന്നു.... കർത്താവിന്റെ സകല പ്രവൃത്തികളേയും പുകഴ്ത്തുവിൻ.... എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുവിൻ'' (സങ്കീ 103: 8 ff).

## 3. കൃപയുടെ ദൈവം ക്രിസ്തുവിൽ സ്വയം വെളിപ്പെടുത്തുന്നു

ദൈവത്തിന്റെ കൃപ ഏതുവിധം ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെടുന്നു എന്നു പുതിയനിയമം നമ്മോടു പറയുന്നു. ഈ പഠനത്തിൽ നാം നമ്മുടെ വിചിന്തനം പുതിയനിയമ ഗ്രന്ഥങ്ങളിൽ ആദ്യം വിരചിതമായ വി. പൗലോസിന്റെ ലേഖനങ്ങളിൽ മാത്രമായി ചുരുക്കുകയാണ്.

പ്രവാചകന്മാർ മുഖേന വിശുദ്ധ ലിഖിതങ്ങളിൽ ദൈവം മുൻകൂട്ടി വാഗ്ദാനം ചെയ്തിരുന്ന സുവിശേഷത്തിനായി, ദൈവപുത്രനായ ഈശോമിശിഹായുടെ സുവിശേഷത്തിനായി നിയോഗിക്കപ്പെട്ടവനാണ് പൗലോസ് എന്ന ആമുഖത്തോടെയാണ് റോമാക്കാർക്കുള്ള ലേഖനത്തിന്റെ ആരംഭം. ഈശോയുടെ ജീവിതവും മരണവും ഉത്ഥാനവും വഴി ദൈവത്തിന്റെ കൃപയും അനന്തസ്നേഹവും ഉടമ്പടിയോടുള്ള വിശ്വസ്തതയുമാണ് പ്രകടമാകുന്നത്. സമയത്തിന്റെ പൂർണ്ണതയിൽ ദൈവം തന്റെ നീതി (dikaiosyne, റോമ. 1: 17: 3: 21) വെളിപ്പെടുത്തി. ക്രിസ്തുവിന്റെ കുരിശിൽ അവിടുത്തെ ഉദാരമായ കൃപ പ്രാവർത്തികമായി.

www.malankaralibrary.com

രക്ഷണീയ ദൈവശാസ്ത്രത്തെപ്പററിയുള്ള (soteriology) പൗലോസിൻെറ പഠനത്തിലെ സുപ്രധാന ഭാഗം ഇപ്രകാരമാണ്: "ആരെന്ന വ്യത്യാസം കൂടാതെ വിശ്വസിക്കുന്ന എല്ലാവക്കും ഈശോമിശിഹായിലുള്ള വിശ്വാസത്തിലൂടെ ദൈവത്തിൻെറ ഈ നീതി ലഭിക്കുന്നു. എന്തെന്നാൽ, എല്ലാവരും പാപം ചെയ്യുകയും ദൈവികമഹത്വം ഇല്ലാത്തവരാകുകയും ചെയ്തു. ഈശോമിശിഹാ വഴിയുള്ള പരിത്രാണത്തിലൂടെ അവിടുത്തെ ദാനമായ കൃപാവരം വഴി അവർ ദൈവത്തിനു സ്വീകാര്യമായിത്തീരുന്നു. വിശ്വാസത്തിലൂടെ സ്വീകരിക്കേണ്ടതിന് രക്തംകൊണ്ടുള്ള പരിഹാരബലിയായി ദൈവം അവിടുത്തെ നിശ്ചയിച്ചുതന്നു. അവിടുന്നു തൻെറ ദീർഘശാന്തതയിലൂടെ കഴിഞ്ഞ കാലത്തെ പാപങ്ങളെ അവഗണിക്കുകയും ഇപ്പോൾ തൻെറ നീതി വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അങ്ങനെ താൻ പരിശുദ്ധനാണെന്നും ഈശോയിൽ വിശ്വസിക്കുന്നവരെ നീതീകരിക്കുന്നവനാണെന്നും ഇക്കാലത്തു തെളിയിക്കുന്നതിനാണ് അവിടുന്ന് ഇങ്ങനെ ചെയ്തതു്" (റോമ. 3: 22-26).

"എല്ലാവരും പാപംചെയ്തു"

പാപത്തിൻെറ സാർവ്വത്രികതയെപ്പററി പൗലോസ് പലപ്പോഴും പറയുന്നുണ്ട്: എല്ലാം പാപബദ്ധമാണെന്ന് വിശുദ്ധ ഗ്രന്ഥം പറയുന്നു" (ഗാലാ. 3: 22); "എല്ലാ മനുഷ്യരും, യൂദരും യവനരും, പാപത്തിനധീനരാണ്" (റോമ. 3: 9); "എല്ലാവരോടും കാരുണ്യം പ്രദർശിപ്പിക്കാൻവേണ്ടി ദൈവം എല്ലാവരേയും അനുസരണമില്ലാത്തവരാക്കി" (റോമ. 11: 32).

ഈ ആശയം റോമാക്കാർക്കുള്ള ലേഖനം 1: 18 മുതൽ 3: 20 വരെയുള്ള ഭാഗത്തിൽ പൗലോസ് ആവിഷ്കരിക്കുന്നുണ്ട്. വിശ്വാസത്തിൽനിന്നു വിശ്വാസത്തിലേക്കുള്ള ദൈവത്തിൻെറ നീതിയാണ് ലേഖനത്തിൻെറ പ്രമേയമെന്ന് 1:16–17–ൽ പറയുന്നു. അതിനുശേഷം അതിൻെറ മറുവശത്തെക്കുറിച്ച് ദീർഘമായ പ്രതിപാദ്യമാണ് പൗലോസ് നൽകുന്നത്. അതായത്, വിശ്വാസത്തിനും, ക്രിസ്തുവിൽ സാക്ഷാത്കൃതമായ ദൈവനീതിക്കും മുമ്പുള്ള മനുഷ്യൻെറ അവസ്ഥയെപ്പററിയുള്ള ഒരു വിവരണം. ആദ്യമായി പുറജാതി (Gentile world) കളോട് ബന്ധപ്പെടുത്തി പാപത്തിൻെറ സാർവ്വത്രികതയേപ്പററിയും, ദൈവകോപത്തെപ്പററിയും, ദൈവവുമായുള്ള ബന്ധത്തിൽ നിന്നുമുള്ള മനുഷ്യൻെറ അകൽച്ചയെപ്പററിയും പറയുന്നു (1: 18–32); അതിനുശേഷം യൂദരോട് ബന്ധപ്പെടുത്തിയും (2: 1–3:20). ദൈവത്തോടുള്ള വൈയക്തികബന്ധത്തിൻെറ അടി

www.malankaralibrary.com

സ്ഥാനത്തിലാണ് പുറജാതികളുടെ ശോചനീയമായ അവസ്ഥയെ പൗലോസ് വരച്ചുകാട്ടുന്നത്. പ്രകൃതിയിൽ വെളിവാക്കപ്പെട്ട ദൈവികഗുണങ്ങളെ നിരാകരിച്ചതാണ് അവർ ചെയ്ത പാപം. "ദൈവത്തെ അറിഞ്ഞിട്ടും അവർ അവിടുത്തെ ബഹുമാനിക്കുകയോ, അവിടുത്തോട് നന്ദിപറയുകയോ ചെയ്തില്ല...."; ഈ പാപത്തിന്റെ ശിക്ഷയായി ദൈവകോപവും ശിക്ഷയും പാപഫലമെന്നപോലെ സ്വാഭാവികമായ രീതിയിൽ പ്രകടമായി: ധാർമ്മികാവ്യവസ്ഥയും, ധാർമ്മിക മനഃസ്സാക്ഷിയുടെ അധഃപതനവും 8 യൂദന്മാരുടെ സ്ഥിതിയും ഇതിൽനിന്നും ഒട്ടും വിഭിന്നമല്ല. പുറജാതികളെ കുററപ്പെടുത്തുകയും, മൂശയുടെ നിയമം (Mosaic Law) വഴി ദൈവത്തിന്റെ പ്രത്യേക വെളിപാട് സ്വന്തമാക്കുകയും ചെയ്ത അവരേയും, പുറജാതികളെ എന്നപോലെ കുററപ്പെടുത്തും. അവരും വിജാതീയരെപ്പോലെ പാപികളാണെന്നതിന് വി. ഗ്രന്ഥം സാക്ഷ്യം വഹിക്കുന്നു. സാർവ്വത്രികമായ പാപത്തിന്റെ, ദൈവത്തിൽനിന്നുമുള്ള മനുഷ്യന്റെ അകൽച്ചയുടെ, ഫലമായ ഈ ശോചനീയ സ്ഥിതിയിൽനിന്നു രക്ഷപെടാൻ നഷ്ടപ്പെട്ട ദൈവ–മനുഷ്യബന്ധം പുനഃസ്ഥാപിക്കുകയാണ് മനുഷ്യൻ ചെയ്യേണ്ടത്. പക്ഷേ, ഇതവനു സ്വയമേ സാധിക്കുകയില്ല. ദൈവത്തിനു മാത്രമേ അതു സാധിക്കുകയുള്ളു. ദൈവത്തിനു മാത്രമേ പാപത്തിന്റെ ശക്തിയിൽനിന്നും അവനെ വിമുക്തനാക്കാൻ സാധിക്കുകയുള്ളു. ദൈവത്തിനു മാത്രമേ, 'അത്യധികമായ ദൗർഭാഗ്യത്തിന്റെ അമ്പുകളിൽനിന്നും കവണേറുകളിൽനിന്നും', വിധിയിൽനിന്നും, മരണഭീതിയിൽനിന്നും, ജീവിതത്തിലെ വിവിധ അരക്ഷിതാവസ്ഥകളിൽനിന്നും മനുഷ്യനെ രക്ഷിച്ച്, നീതിയിലും ജീവിതത്തിലും തന്നോട് രമ്യപ്പെടുത്തുവാൻ സാധിക്കുകയുള്ളു.

## ക്രിസ്തുവിൽ വെളിവാക്കപ്പെട്ട ദൈവനീതി

മനുഷ്യരക്ഷയുടെ ആവശ്യകത വ്യക്തമാക്കിയശേഷം, മനുഷ്യന്റെ വിഷമസ്ഥിതിക്ക് ദൈവം നല്കിയ ഉത്തരത്തെപ്പററി വി. പൗലോസ് പറയുന്നു: "എന്നാൽ, ഇപ്പോഴം ദൈവത്തിന്റെ നീതി നിയമം കൂടാതെ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. നിയമവും പ്രവാചകന്മാരും ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ട് ആരെന്നു വ്യത്യാസംകൂടാതെ വിശ്വസിക്കുന്ന എല്ലാവർക്കും ഈശോമിശിഹായിലുള്ള വിശ്വാസത്തിലൂടെ ദൈവത്തിന്റെ ഈ നീതി ലഭിക്കുന്നു" (റോമ. 3: 21–22).

പണ്ഡിതന്മാർ ചൂണ്ടിക്കാട്ടുന്നതുപോലെ ബൈബിളിൽ ദൈവനീതി രക്ഷാകരമാണ്. 9 തന്റെ ജനത്തെ വീണ്ടെടുക്കുന്ന, പാപത്തിന്റെ അടിമത്തത്തിൽനിന്നും സ്വാതന്ത്ര്യം കൊടു

www.malankaralibrary.com

കുന്നു, അങ്ങനെ അവരെ തന്നിലേക്കു തിരികെക്കൊണ്ടുവരുന്ന ദൈവത്തിന്റെ രക്ഷാകരപ്രവർത്തനമാണതു്. [10] ഇതു ക്രിസ്തുവിന്റെ കുരിശിലാണു് ദൈവം നിർവ്വഹിച്ചതു്. ക്രിസ്തുവിന്റെ കുരിശും, രക്തച്ചൊരിച്ചിലും, ദൈവശിക്ഷയുടെ പ്രകടനമല്ല. കുരിശിൽ കിടക്കുന്ന ക്രിസ്തുവിനെ കാണുമ്പോൾ, മനുഷ്യവർഗ്ഗത്തോടുള്ള ദൈവത്തിന്റെ സ്നേഹത്തെപ്പററിയാണു് നാം ബോധവാന്മാരാകുന്നതു്. അതോടൊപ്പം കുരിശുമരണം വരിച്ച ക്രിസ്തുവിന്റെ സ്നേഹവും നമ്മുടെ മനസ്സിൽ പ്രതിഫലിക്കുന്നു. വി. പൗലോസിന്റെ വാക്കുകൾ ഈ സത്യം വ്യക്തമാക്കുന്നു: "നാം പാപികളായിരിക്കേ, മിശിഹാ നമുക്കുവേണ്ടി മരിച്ചു. ഇതിൽനിന്നും ദൈവത്തിനു നമ്മോടുള്ള സ്നേഹം വ്യക്തമാകുന്നു" (റോമ. 5: 8). "ദൈവം നമ്മുടെ പക്ഷത്താണെങ്കിൽ ആരാണു് നമ്മെ എതിർക്കുക? സ്വപുത്രനെപ്പോലും ഒഴിവാക്കാതെ നമുക്കു എല്ലാവർക്കും വേണ്ടി സമർപ്പിച്ചവൻ, അവിടുത്തോടൊപ്പം എല്ലാം നമുക്കു നൽകാതിരിക്കുമോ?" (റോമ. 8: 31f). "…. എന്നെ സ്നേഹിക്കുകയും, എന്നെപ്രതി സ്വയം ബലിയായി സമർപ്പിക്കുകയും ചെയ്ത ദൈവപുത്രൻ" (ഗലാ. 2: 20). "കരുണാസമ്പന്നനായ ദൈവം, നമ്മോടുള്ള തന്റെ സ്നേഹാധിക്യം നിമിത്തം, പാപംവഴി നാം മൃതരായിരുന്നിട്ടും മിശിഹായിൽ നമ്മെ ജീവിപ്പിച്ചു" (എഫേ. 2: 4f). [11]

സ്വപുത്രനെ മാംസം ധരിപ്പിക്കാൻ തക്കവിധം അത്രമാത്രം വലുതായിരുന്നു ദൈവത്തിന്റെ അനുകമ്പാർദ്രമായ സ്നേഹം. പാപമൊഴികെ എല്ലാ അർത്ഥത്തിലും അവിടുന്നു മനുഷ്യനായിരുന്നു, അധഃപതിച്ച മനുഷ്യവർഗ്ഗത്തിന്റെ ഉത്തമ പ്രതിനിധിയുമായിരുന്നു (inclusive Representative)[12]. "പാപത്തെ നിർമ്മാർജ്ജനം ചെയ്യാൻവേണ്ടി ശരീരത്തിന്റെ സാദൃശ്യത്തിൽ സ്വപുത്രനെ അയച്ചുകൊണ്ടു്, ദൈവം പാപത്തിനു് ശരീരത്തിൽ ശിക്ഷാവിധി നൽകി" (റോമ. 8: 3). "അവിടുന്നു വഴി നാം ദൈവത്തിനു സ്വീകാര്യരായിത്തീരേണ്ടതിനു് പാപം അറിയാത്ത അവിടുത്തെ ദൈവം പാപമാക്കിയിരിക്കുന്നു" (2 കൊറി. 5: 21). ഗലാത്തിയാക്കാർക്കുള്ള ലേഖനത്തിൽ പൗലോസ് ശ്ലീഹാ പറയുന്നു: "മിശിഹാ നമ്മേപ്രതി ശാപമേററുകൊണ്ടു് നിയമത്തിന്റെ ശാപത്തിൽനിന്നു നമ്മെ രക്ഷിച്ചു. 'മരത്തിൽ തൂങ്ങിമരിക്കുന്നവൻ ശപിക്കപ്പെട്ടവനാകട്ടെ' എന്നെഴുതപ്പെട്ടിരിക്കുന്നു" (ഗാല. 3: 13).

ഈ സന്ദർഭത്തിൽ റോമ. 3: 25 ലെ പൗലോസിന്റെ വാക്കുകൾ മൂർച്ചയേറിയതാണു്: ക്രൂശിതനായ ഈശോയെ അവിടുത്തെ രക്തത്തിൽ ദൈവം കൃപാസന (mercy–seat) [13] മായി നി

www.malankaralibrary.com

ശ്ചയിച്ചു. പാപപ്പരിഹാരദിനത്തിലെ പാപപ്പരിഹാരബലി (sacrifice of expiation) യെയാണ് പൗലോസ് ഇവിടെ സൂചിപ്പിക്കുന്നത് (ലേവ്യ. 16). ഈ ബലിയുടെ കർമ്മങ്ങളിൽ ഏററവും പ്രധാനം കൃപാസനത്തിന്മേൽ ഏഴു പ്രാവശ്യമുള്ള രക്തം തളിക്കലായിരുന്നു. അഹറോനും, പ്രധാന പുരോഹിതനും മാത്രം അധികാരമുള്ള ഒരു കർമ്മമായിരുന്നു ഇതു്. ഇതിനായി ഓരോ വർഷവും വിശുദ്ധ സ്ഥലത്തു (Holy of Holies) പ്രവേശിക്കാൻ പ്രധാന പുരോഹിതനെ അനുവദിച്ചിരുന്നു. ഈ രക്തം തളിക്കലിന്റെ ഉദ്ദേശ്യം "ഇസ്രായേല്യരുടെ അശുദ്ധതയിലും അകൃത്യങ്ങളിലും പാപങ്ങളിലും നിന്നു് വിശുദ്ധ സ്ഥലത്തെ ശുദ്ധീകരിക്കുകയായിരുന്നു" (ലേവ്യ. 16: 15–19). ഈ അനുഷ്ഠാനത്തിന്റെ അർത്ഥം വളരെ വ്യക്തമാണ്: ഇസ്രായേലിന്റെ പാപങ്ങൾ ഇസ്രായേൽ രാജ്യത്തേയും, അതിലെ ഏററവും വിശുദ്ധ സ്ഥലത്തേയും³ അതായതു്, ദേവാലയം, ബലിപീഠം, യഹോവയുടെ സിംഹാസനമായ കൃപാസനം, ഇവയേയും, അശുദ്ധമാക്കി. രക്തം തളിക്കൽ വഴി അശുദ്ധമാക്കപ്പെട്ട കൃപാസനം വിശുദ്ധമാക്കപ്പെട്ടു. തൽഫലമായി യഹോവ തന്റെ സിംഹാസനത്തിൽ വീണ്ടും ആഗതനാകുന്നു. അങ്ങനെ ജനങ്ങളുമായുള്ള ബന്ധം പുനസ്ഥാപിക്കപ്പെടുന്നു; പാപപ്പരിഹാരം സംഭവിക്കുന്നു [14].

പഴയനിയമത്തിലെ ഈ രൂപവും സാദൃശ്യവും ക്രിസ്തുവിന്റെ കുരിശുമരണമെന്ന യാഥാർത്ഥ്യത്തിൽ കണ്ടുകൊണ്ടു്, കുരിശിൽ മൂന്നാണികളിൽ കിടക്കുന്ന ക്രിസ്തുവിൽ, അധഃപതിച്ച മനുഷ്യവർഗ്ഗത്തെ ഒന്നായി പൗലോസ് ദർശിക്കുന്നു. സർവ്വജനത്തിന്റേയും, യൂദന്മാരുടേയും യവനരുടേയും, പാപങ്ങൾ വഴി മലിനമാക്കപ്പെട്ട കൃപാസനമാണവിടുന്നു്. പിതാവിന്റെ അഭീഷ്ടപ്രകാരം സ്വയം രക്തം ചിന്തിക്കൊണ്ടു് അശുദ്ധമാക്കപ്പെട്ട മാനവകുലത്തെ അവിടുന്നു വിശുദ്ധീകരിച്ചു. പാപപ്പരിഹാരവും അതു വഴി ദൈവ–മനുഷ്യരഞ്ജിപ്പും സാധിതമായി. പഴയനിയമത്തിലെപ്പോലെ, സ്വനിണത്തിൽ കൃപാസനമായ ഈശോ ദൈവത്തിനു മനുഷ്യനുമായി ബന്ധപ്പെടുവാനുള്ള ഉപകരണം കൂടിയാണ്. പ്രത്യേകിച്ചു്, ദൈവത്തിന്റെ ക്ഷമയുടേയും സ്നേഹത്തിന്റേയും പ്രവർത്തനങ്ങളിലും, മനുഷ്യന്റെ പാപങ്ങൾ കഴികിക്കളഞ്ഞു് അവരെ തന്നോടു് രമ്യപ്പെടുത്തുന്നതിലും (2 കൊറി. 5: 8 f) [15] സി. സ്പീക്കു (C. Spicq), പി. ഗ്രെലോട്ടും (P. Grelot) [16] ചൂണ്ടിക്കാണിക്കുന്നതുപോലെ, "പഴയനിയമത്തിലെ പാപപ്പരിഹാരബലി എന്തിനായി അനുഷ്ഠിക്കപ്പെട്ടിരിക്കുന്നുവോ, അതേ ധർമ്മമാണ്, സ്വനിണത്താൽ അഭിഷേചിതനായ ക്രിസ്തുനാഥൻ മനുഷ്യകുലത്തിനുവേണ്ടി അനുഷ്ഠിക്കുന്നതു്.

www.malankaralibrary.com

ദൈവിക സാന്നിദ്ധ്യത്തിന്റെ പ്രത്യേക പാത്രമാണവിടുന്ന്: പാപത്തിൽ നിന്നുമുള്ള വിമോചനം അവിടുന്നു ഉറപ്പു വരുത്തുന്നു.'' പിതാവായ ദൈവവും, പുത്രനായ ദൈവവും വളരെയധികം വിലകൊടുക്കേണ്ടിവന്നു കുരിശിലെ മരണത്തിനു[17]. പക്ഷെ. എല്ലാത്തിനുമുപരി നിലകൊള്ളേണ്ടതു് ദൈവത്തിന്റെ അനന്തമായ സ്നേഹവും കാരുണ്യവുമായിരുന്നു. സ്നേഹം വില കണക്കാക്കുന്നില്ല. ക്രിസ്തുവിന്റെ സഹനം മനുഷ്യകുലത്തിന്റെ പാപത്തിനുള്ള ശിക്ഷയല്ലായിരുന്നു. അധ:പതിച്ച മനുഷ്യവർഗ്ഗത്തോടുള്ള പിതാവിന്റേയും പുത്രന്റേയും സ്നേഹത്താൽ പ്രേരിതമായിരുന്നു അതു്[18]. താൻ സ്നേഹമാണെന്നു് ''കൃപയുടെ ദൈവമാണെന്നു്'' (2 കൊറി. 1: 3) ക്രൂശിതനായ ക്രിസ്തുവിലൂടെ ദൈവം ഉദ്ഘോഷിക്കുന്നു.

ക്രിസ്തുവിന്റെ മരണത്തിൽ മാത്രമല്ല, അവിടുത്തെ ഉയിർപ്പിലും ദൈവസ്നേഹം പ്രകടമാണു്. ''അവിടുന്നു് നമ്മുടെ പാപങ്ങൾ മൂലം കൈയേല്പിക്കപ്പെടുകയും നമ്മുടെ ദൈവസ്വീകാര്യതയ്ക്കായി ഉയിർക്കപ്പെടുകയും ചെയ്തു'' (റോമ. 4: 25). ഉത്ഥാനത്തിൽ ഈശോ ''ജീവദാതാവായ ആത്മാവായിത്തീന്ന' (1 കൊറി. 15: 45). വിശ്വാസികളുടെ മേൽ അവിടുന്നു് പരിശുദ്ധാത്മാവിനെ അയയ്ക്കുന്നു. ''ആബ്ബാ, പിതാവേ, എന്നു വിളിക്കുന്ന തന്റെ പുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിലേക്കു് അയച്ചിരിക്കുന്നു'' (ഗലാ. 4: 6). പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ വഴി ദൈവം തന്റെ ജീവനിൽ വിശ്വാസികളെ പങ്കാളികളാക്കുന്നു. ആത്മാവു് പിതാവിന്റെ സ്വയംദാനമാണു്. മനസ്തപിക്കുന്ന പാപിയുടെ പാപങ്ങൾ ദൈവം ക്ഷമിക്കുക മാത്രമല്ല പരിശുദ്ധാത്മാവിനെ നല്കിക്കൊണ്ടു്, പുത്രൻ വഴി അവനെ തന്റെ പുത്രനാക്കുകയും, തന്റെ വാഗ്ദാനങ്ങൾക്കവകാശിയാക്കുകയും ചെയ്യുന്നു[19]. അത്രമാത്രം വലുതാണു് കൃപാസമ്പൂർണ്ണനായ ദൈവത്തിന്റെ സ്നേഹം. അതുകൊണ്ടാണു് റോമാക്കാർക്കുള്ള ലേഖനത്തിന്റെ താത്വിക ഭാഗത്തിന്റെ (1 മുതൽ 11 വരെ അദ്ധ്യായങ്ങൾ) ഉച്ചാവസ്ഥയിൽ, ''എല്ലാവരോടും കാരുണ്യം പ്രദർശിപ്പിക്കുവാൻവേണ്ടി ദൈവം എല്ലാവരേയും അനുസരണമില്ലാത്തവരാക്കി'' (11: 32) എന്നു് ദൈവത്തിന്റെ രക്ഷണീയ പദ്ധതിയെപ്പററിപ്പറഞ്ഞശേഷം, അത്ഭുതാദരങ്ങളോടെ ഇപ്രകാരം വിളിച്ചു പറയുന്നതു്: ''ദൈവത്തിന്റെ സമ്പത്തും വിജ്ഞാനവും വിവേകവും എത്ര അഗാധം! അവിടുത്തെ വിധികൾ എത്ര അഗ്രാഹ്യം! അവിടുത്തെ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുക എത്രയോ ദുഷ്കരം!'' (11: 33). വിവേകത്തിന്റേയും വിജ്ഞാനത്തിന്റേയും സമ്പത്തു് ദൈവകൃപയ്ക്കു് വിധേയമാണെന്നു് നമുക്കറിപ്പുണ്ടു്. അതിലാണു് നമ്മുടെ സംതൃപ്തി.... എന്തെന്നാൽ,

www.malankaralibrary.com

"സമസ്തവും അവിടുത്തെപ്പക്കൽനിന്നും അവിടുന്നു വഴിയും അവിടുത്തേക്കുള്ളതുമാകുന്നു. അവിടുത്തേക്കു് എന്നും മഹത്വമുണ്ടായിരിക്കട്ടെ. ആമ്മേൻ" (11: 36).

## 4. ദൈവകൃപയും ക്രിസ്തീയ ധാർമ്മികതയും

റോമാക്കാർക്കുള്ള ലേഖനത്തിന്റെ താത്വിക ഭാഗത്തു് പൗലോസ് നമ്മോടു് പറയുന്നതു്, ദൈവത്തിന്റെ നീതി വെളിവാകുന്നതു് മനുഷ്യരോടു ക്ഷമിക്കുന്നതിൽ മാത്രമല്ല, പിന്നെയോ, ആത്മാവിൽ പുതിയൊരു ജീവിതത്തിലേക്കു് അവരെ പ്രവേശിപ്പിക്കുന്നതിലും കൂടിയാണു്, എന്നാണു്. ആത്മാവിൽനിന്നാണു് യഥാർത്ഥ ധാർമ്മിക ജീവിതത്തിനുള്ള ശക്തി അവർ പ്രാപിക്കുന്നതു്. 12-ാം അദ്ധ്യായം മുതൽ ലേഖനത്തിന്റെ പിന്നീടു വരുന്ന ഭാഗത്തു് ആത്മാവിലുള്ള ജീവിതത്തെപ്പററിയാണു് പൗലോസ് പ്രതിപാദിക്കുന്നതു്. റോമ. 12: 1 നെപ്പററി പറയുമ്പോൾ സി. എച്ച് ഡോഡ് (C. H. Dodd) അഭിപ്രായപ്പെടുന്നതു്, "മുന്നദ്ധ്യായങ്ങളിൽ ഹൃദയസ്പർശിയാംവിധം രേഖപ്പെടുത്തിയിരിക്കുന്ന, ദൈവകൃപയ്ക്കുള്ള പ്രത്യുത്തരമാണു് ക്രൈസ്തവധാർമ്മികത"[20] എന്നാണു്. വി. പൗലോസ് പറയുന്നു: "ആകയാൽ സഹോദരരേ, ദൈവത്തിന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ടു് ഞാൻ നിങ്ങളോടഭ്യർത്ഥിക്കുന്നു: നിങ്ങളുടെ ശരീരങ്ങളെ പരിശുദ്ധവും ദൈവത്തിനു് സ്വീകാര്യവുമായ സജീവബലിയായി സമർപ്പിക്കുവാൻ. ഇതായിരിക്കട്ടെ, നിങ്ങളുടെ ബോധപൂർവ്വമായ ആരാധന ....". എച്ച്. എച്ച്. എസ്സർ (H. H. Esser)[21] അഭിപ്രായപ്പെടുന്നതു് ഇപ്രകാരമാണു്. "ദൈവം കൃപയുടെ പിതാവാകകൊണ്ടും", മനുഷ്യരോടു് കൃപ കാണിക്കുന്നതുകൊണ്ടും (2 കൊറി. 1: 3) റോമാക്കാർക്കുള്ള ലേഖനത്തിൽ താത്വികഭാഗത്തേയും, ഉപദേശഭാഗത്തേയും ബന്ധിപ്പിക്കുന്നതിനു് "ദൈവത്തിന്റെ കാരുണ്യം" (റോമ. 12: 1) വി. പൗലോസിനു് ഉപയോഗിക്കാമെന്നതിൽ യാതൊരപാകതയുമില്ല. ഈ ശൈലി ദൈവത്തിന്റെ രക്ഷാകരപ്രവർത്തനങ്ങളേയും, രക്ഷകരപദ്ധതിയേയും ഉൾക്കൊള്ളുന്നുണ്ടു്. ക്രിസ്തീയ ജീവിതത്തിനടിസ്ഥാനവും ഈ ദൈവകൃപതന്നെയാണു്. ദൈവകൃപ സ്വീകരിക്കുന്നവരെന്ന നിലയ്ക്കു് അതിനാനുപാതികമായ ഒരു നവ്യജീവിതം നയിക്കുവാൻ വിളിക്കപ്പെട്ടവരാണു് ക്രിസ്ത്യാനികൾ. ലൂക്കായുടെ സുവിശേഷം 15-ാം അദ്ധ്യായത്തിലെ 'ധൂർത്തനായ പുത്രൻ' കരുണാമൂർത്തിയായ പിതാവിന്റെ വീട്ടിൽ കാരുണ്യം കണ്ടെത്തിയശേഷം എങ്ങനെ ജീവിച്ചിരിക്കാം എന്ന ചോദ്യത്തിനു് പൗലോസ് ഇവിടെ ഉത്തരം നൽകാൻ ശ്രമിക്കുകയാണെന്നു് നമുക്കു പറയാം. പൗലോസിന്റെ വീക്ഷണ

www.malankaralibrary.com

ത്തിൽ 'മനുഷ്യന്റെ കൃതജ്ഞതയും ദൈവത്തിന്റെ കൃപാകടാക്ഷവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു'. പൗലോസിന്റെ ധാർമ്മികതയ്ക്കടിസ്ഥാനവും ഈ ധാർമ്മികതയാണ്. ക്രൈസ്തവ നന്മയെന്നത്, പൗലോസിന് കരുണാവർഷവുമാണ്.[22] റോമാ. 12: 1ff ലും അതുപോലുള്ള മററുപദേശഭാഗങ്ങളിലും കാണുന്നതുപോലെ ക്രൈസ്തവ ധാർമ്മികത സുവിശേഷത്തിൽനിന്നും വളർന്ന്, സുവിശേഷത്തിൽത്തന്നെ വ്യവസ്ഥാപിതമായതാണ്. 'പാപികളായ നിങ്ങളെ ദൈവം ക്രിസ്തുവിൽ സ്നേഹിച്ചു, എന്നതിന്റെ ദൈവിക സൂചകമാണ് സുവിശേഷം. ധാർമ്മികതയെന്നത് ഈ ദൈവികസൂചകത്തിലടിസ്ഥിതമായ ദൈവികാജ്ഞയാണ്. 'നിങ്ങൾ പരസ്പരം സ്നേഹിക്കുക' എന്നതാണതിന്റെ സാരം. ക്രിസ്തീയ ജീവിതശൈലി പൗലോസിന്റെ വീക്ഷണത്തിൻ പ്രകാരം, ക്രിസ്തുവിലൂടെ നല്കപ്പെട്ട ദൈവകൃപയ്ക്ക് മനുഷ്യർ ജീവിതത്തിലൂടെയും പെരുമാററത്തിലൂടെയും നല്കുന്ന പ്രത്യുത്തരമായിരിക്കണം. സ്നേഹമെന്ന (agape) ഒരു വാക്കിൽ ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിലെ 'ആത്മാവിന്റെ നിയമത്തെ' മുഴവനും സംഗ്രഹിക്കാം.[23]

## 5 കൃപയുടെ ദൈവം ക്രിസ്ത്യാനികളുടെ അനുദിന ജീവിതത്തിൽ

പൗലോസിന്റെ അഭിപ്രായത്തിൽ, പിതാവിന്റെ കരുണാമസൃണമായ സ്നേഹം കഴിഞ്ഞ കാലത്തു മാത്രം ഒതുങ്ങിനിൽക്കുന്ന ഉന്നല്ല. അതായത് മാമ്മോദീസയിലെ സമർപ്പണത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല എന്നർത്ഥം.[24] ക്രിസ്ത്യാനികൾ തങ്ങളുടെ അനുദിന ജീവിതത്തിൽ ഈ സ്നേഹം അനുഭവിക്കുന്നു. ആത്മാവിനാൽ നയിക്കപ്പെടുന്നവരാണ് ക്രൈസ്തവർ. ഈ ആത്മാവാണവരുടെ മഹത്വത്തിനച്ചാരം. എങ്കിലും അവർ തീർത്ഥാടകരാണ്. ബദ്ധപ്പാടുകളുടേയും പിരിമുറുക്കങ്ങളുടേയും ഇടയിലാണവരുടെ ജീവിതം. മാംസ (flesh) ത്തിനെതിരായ യുദ്ധം അവർ തുടരേണ്ടിയിരിക്കുന്നു. (ഭൗമികമനുഷ്യൻ ലൗകിക താൽപര്യങ്ങളിൽ ആമഗ്നനായി, ദൈവത്തെ ധിക്കരിക്കുന്നു, cf. ഗലാ. 5: 16 ff). പിശാചിന്റെ കെണികളിൽ അകപ്പെടാതിരിക്കാൻ അവർ സൂക്ഷിക്കണം. അധികാരങ്ങൾക്കും, ശക്തികൾക്കും അന്ധകാരമയമായ ഈ ലോകത്തിന്റെ അധിപതികൾക്കും ആകാശതലങ്ങളിലുള്ള ദുഷ്ടാരൂപികൾക്കും എതിരായിട്ടവർ പോരാടണം (എഫേ. 6: 11–12). സമൂഹത്തിലെ അനുദിന ജീവിതത്തിൽ പീഡനങ്ങൾ, ആശാഭംഗങ്ങൾ, നിരാശ, ദാരിദ്ര്യം, ദുഃഖം, ഉൽക്കണ്ഠ എന്നിവകളെ അവർക്കു നേരിടേണ്ടിവരും. അപ്പോഴൊക്കെ 'ആബാ' എന്നു വിളിച്ച് തന്നോടു

www.malankaralibrary.com

സങ്കടം ബോധിപ്പിക്കുന്ന തന്റെ മക്കളുടെ പ്രാർത്ഥനകളെ ദൈവം ശ്രവിക്കാതിരിക്കുകയില്ല.[25] ക്രിസ്തു സംഭവത്തിലൂടെ വെളിവാക്കപ്പെട്ട കരുണാർദ്രമായ ദൈവസ്നേഹത്തിന്റെയും, വൈയക്തിക ക്രിസ്തീയാനുഭവത്തിന്റേയും വെളിച്ചത്തിൽ പൗലോസിനു് ഒരു കാര്യം തീർച്ചയാണു്. ഈലോകത്തിലും, ക്രിസ്ത്യാനികളുടെ ജീവിതത്തിലും അന്ധകാരശക്തികൾ പ്രവർത്തനനിരതമെങ്കിലും, ക്രിസ്തുവിലൂടെയുള്ള ദൈവകൃപയാൽ അന്തിമ വിജയം ക്രിസ്ത്യാനികൾക്കായിരിക്കും. ആകയാൽ പൗലോസ് ഇപ്രകാരം പാടുന്നു:

"മിശിഹായുടെ സ്നേഹത്തിൽനിന്നു് ആരു് നമ്മെ വേർപെടുത്തും? ക്ലേശമോ, ദുരിതമോ, പീഡനമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ? .... നമ്മെ സ്നേഹിച്ചവൻ വഴി ഇവയിലെല്ലാം നാം പൂർണ്ണ വിജയം നേടിയിരിക്കുന്നു. കാരണം, മരണത്തിനോ ജീവനോ ദൈവദൂതന്മാർക്കോ ആധിപത്യങ്ങൾക്കോ, ഇപ്പോഴുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ ശക്തികൾക്കോ, ഉയരത്തിനോ ആഴത്തിനോ മറ്റെന്തെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ ഈശോമിശിഹായിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്നു് നമ്മെ വേർപെടുത്തുവാൻ ഒരു കാലത്തും സാധ്യമല്ലെന്നു് എനിക്കു് ഉറപ്പുണ്ടു്" (റോമ. 8: 35 ff).

വിവ: ജോസഫ് കോണിക്കൽ

NOTES

1. See, for example, "Our Father" in Rom 1:7; 1 Cor 1:3; 2 cor 1:2; Eph 1:2; "The Father of our Lord. . ." in Rom 15:6; 2Cor 1:3; 11: 31Eph 1:3; Col 1:3; "Abba" in Rom 8:15; Gal 4:6.

2. See H.-H. ESSER, "Mercy, compassion" in *The New International Dictionary of New Testament Theology*, (ed. C. BROWN), vol.2, Exeter 1976, 593–601.

3. See MT pss.25:6, 40:11; 51:1; 69:16; 77:9; 79:8; 103:-4; etc.

4. 2 Sam 24:14; Isa 63:15; Hos 2:19; LXX pss. 24:6; 39:11; 50:1 etc.

5. In the NT the noun occurs 4 times in Paul (Rom 12:1; 2 cor 1:3; phil 2:1; Col 3:12); once in Heb; the verb in Paul, twice the adjective twice in Lk and once in Jas.

www.malankaralibrary.com

6. cf. H.-H.ESSER, *art.cit.*, 594ff. R.; BULTMANN, *Theology of the New Testament*, Vol. I, London 1952, 282;-285; *Iedm*, *eleos*, TDNT,II, 471ff.; *oiktirmos*, TDNT, V, 160.
J. CAMBIER & X.LEON–DUFOUR, "Mercy" in *Dictionary of Biblical Theolgy* , (ed. X.Leon–Dufour), London 1973, 351.

7. The plural "mercies" is a Hebrew way of designating concreate phenomena through the plural of abstract expressions. Cf. F. BLASS – A. DEBRUNNER – R.W.FUNK, *A Greek Grammer of the New Testament*, Cambridge 1961, § 142.

8, G.T. MONTAGUE, *The Living Thougt of Saint Paul*, Milwaukee 1966, 159.

9. See, for example, Is 45:21; 46:13; 56:1 pass 40:10, 98:2f,

10. G.T. MONTAGUE, *op. cit.*, 157f.; J.A.T. ROBINSON, *Wrestling with Remans*, London 1979, 38f.

11. Outside paul, see also Jn 3:16; 1 Jn 4:9--10.

12- C.H. DODD, *The Epistle of Paul to the Romans*, London 1959, 101.

13. In Greek, *hilasterion*. In the LXX it is the translation of the Hebrew *kapporet*, mercy seat, which served as a lid to cover the ark of the covenant in the innermost sanctuary of the Temple. It was considered to be the most sacred object in the whole Temple, the throne of Yahweh. See S.LYONNET L. SABOURIN, *Sin, Redemption and Sacrifice*, Rome 1970, 159ff. In our text, whether *hilasterion* is translated as a neuter noun, a mercy seat, for a masculine adjective makes no real differenc to the sense. It is an instrument or place of the verb *hilaskesthai* which in biblical Greek (the LXX) means to remove the taint of sin, to purify (not to prepitiate an angry God!). It is God who (through the high priest) purifies through the sprinkling of blood. See J. A. T ROBINSON, *op. cit.*, 44f

14. See S. LYONNET, "Pauline Soteriology" in Robert A. Feuillet (ed.,) *Introduction to the New Testament*, New York 1965, 848f.

15. The words "put forward" in Rom 3 : 25 are significant. They mean that the crucified Christ, sprinkled in his own blood, is shown to the world *openly* and *publicly*, not like the OT ritual hidden, behind the curtain. All the three Synoptists (cf. Matt 27 : 51 and par.) mention the tearing of the veil in the Temple when Jesus was dying on the Cross. It is surely not out of mere historical interest! There is certainly a theology behind it.

16. "Blood", in *Dictionary of Bibilical Theology*, 53.

17. Cf. Rom 5 : 8-10; 8 : 32; the agony of Jesus in Gethsemani: Mt 26 : 36 - 46 and par. ; Heb 5 : 7

www.malankaralibrary.com

18. 1 Jn 4 : 8. See S. LYONNET, “Redemption” in *Dictionary of Biblical Theology*, 483.

19. The parable of the “Prodigal Son” in Lk 15 : 11-32 aptly portrays this merciful love of the father.

20. C. H. DODD, *op. cit.*, 198

21. *Op. cit.*, 598.

22. A.M. HUNTER, *op. cit* , 44

23. A. M. HUNTER, *Romans*, London 1955, 106

24. Eph 2 : 4–6; Col 2 : 12.

25. Note that it is the contxt of a recent deadly affliction that Paul is blessing God as the “Father of Mercies” in 2Cor 1 : 3.

www.malankaralibrary.com

# സുവിശേഷകാരുണ്യം

**ജോർജ്ജ് മങ്ങാട്ട്**

മനുഷ്യനെതിരെ ക്രൂരത കൊടികുത്തിവാഴുന്ന ഒരു ലോകത്തിലാണ് നാമിന്ന് ജീവിക്കുക. ഈ നൂററാണ്ട് രണ്ടു ലോകമഹായുദ്ധങ്ങൾക്കും പല പ്രാദേശികയുദ്ധങ്ങൾക്കും സാക്ഷിയായിരുന്നിട്ടുണ്ട്. അവയെല്ലാം കോടിക്കണക്കിന് മനുഷ്യർക്കാണ് ക്ലേശങ്ങളും യാതനകളും വരുത്തിവച്ചത്. ബലഹീനരുടേയും പാവങ്ങളുടേയുംനേർക്കു നടക്കുന്ന അക്രമവും അനീതിയും ചൂഷണവും ഇന്നും വർദ്ധിച്ചുവരുന്നു. സ്ത്രീകളും കുട്ടികളുമടക്കമുള്ള നിരായുധരും നിരപരാധികളുമായ മനുഷ്യർക്കെതിരെ നടത്തുന്ന ഭീഷണികളുടേയും കടന്നാക്രമണങ്ങളുടേയും ചൂടുള്ള വാർത്തയുമായിട്ടാണ് ഓരോ ദിവസവും പത്രങ്ങൾ പുറത്തിറങ്ങുക. ഇതെല്ലാം നമുക്കു സുപരിചിതങ്ങളാണ്.

ക്രിസ്തുവിൻെറ ശിഷ്യരെന്നഭിമാനിക്കുന്ന നമ്മിൽപോലും കിരാതമായ ഈ മനോഭാവം മൊട്ടിട്ടുനില്ക്കുകയാണ്. സഹോദരങ്ങളുടെ ക്ലേശങ്ങളുടെനേർക്കു നാം കണ്ണടച്ചുകളയുന്നു. ദരിദ്രരുടേയും പാവപ്പെട്ടവരുടേയും ആർത്തനാദം നമ്മുടെ ഹൃദയങ്ങളെ സ്പർശിക്കുന്നില്ല. വേദനയനുഭവിക്കുന്ന മനുഷ്യരോട് നാം പലപ്പോഴും ഹൃദയശൂന്യമായിത്തന്നെ വർത്തിക്കുകയും ചെയ്യുന്നു. മററുള്ളവരെ സഹായിക്കുവാൻവേണ്ടി അവരുടെ പ്രശ്നങ്ങളിൽ ഇടപെടുവാനോ അവയെ അഭിമുഖീകരിക്കുവാനോ പലപ്പോഴും നാം ഒരുക്കമല്ല. അതുപോലെ അയൽക്കാരുടെ കഷ്ടതകൾ കുറയ്ക്കുവാൻ വേണ്ടി നമ്മുടെ സുഖവും സമൃദ്ധിയും അല്പംപോലും ത്യജിക്കുവാനും നാം തയ്യാറല്ല. ഇന്നത്തെ ലോകം, പ്രത്യേകിച്ച് നമ്മൾ, സുവിശേഷങ്ങളിലെ കരുണയുടെ സന്ദേശം ആഴത്തിൽ ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. അതു വിശദമാക്കുകയാണ് ഈ ലേഖനത്തിൻെറ ഉദ്ദേശ്യം.

## 1. പീഡിതരോടുള്ള രക്ഷകൻെറ കാരുണ്യം

സുവിശേഷങ്ങൾ കരുണാർദ്രഹൃദയനായ ഒരു രക്ഷകനായാണ് യേശുവിനെ ചിത്രീകരിക്കുക. നസ്രസ്സിലെ സിനഗോഗിൽവച്ച് തൻെറ രക്ഷാകരദൗത്യത്തെക്കുറിച്ച് പ്രവചനങ്ങളു

www.malankaralibrary.com

ടെ പശ്ചാത്തലത്തിൽ (ഏശാ 61: 1–2) യേശു നടത്തിയ പ്രഥമ പ്രഭാഷണത്തിൽനിന്നു് ഇതു് നമുക്കു് വ്യക്തമാകും: ദരിദ്രരെ സുവിശേഷമറിയിക്കുക, തടവുകാർക്കു മോചനവും, കുരുടർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും നല്കുക.... (ലൂക്കാ 4: 16–21). ഈശോയുടെ ഗലീലെയായിലെ പ്രേഷിതപ്രവർത്തനത്തെ മത്തായി സുവിശേഷകൻ ഇപ്രകാരം സമാഹരിക്കുന്നു: ''ഈശോ ഗലീലെയാ മുഴുവനും ചുററിസഞ്ചരിച്ചു് സിനഗോഗുകളിൽ പഠിപ്പിക്കുകയും ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും ജനങ്ങളുടെ ഇടയിലെ എല്ലാവിധ രോഗികളേയും വ്യാധിതരേയും സുഖപ്പെടുത്തുകയുംചെയ്തു'' (മത്താ. 4: 23; cf. 9: 35; അ. പ്ര 10: 38). അതുപോലെതന്നെ എല്ലാവിധ രോഗികളും പലവിധ കഷ്ടതകൾ അനുഭവിച്ചിരുന്നവരും വ്യാധിതരും അവിടത്തെ പക്കൽ എത്തുകയും സൗഖ്യം പ്രാപിക്കുകയും ചെയ്തതായി സുവിശേഷകൻ തുടർന്നും രേഖപ്പെടുത്തുന്നുണ്ടു് (4: 24).

ക്രിസ്തുവിന്റെ പ്രവർത്തനങ്ങൾ കരുണയുടെ പ്രകടനമായിരുന്നെന്നു് സുവിശേഷകന്മാർ ആവർത്തിച്ചു പ്രഖ്യാപിക്കുന്നുണ്ടു്. കുഷ്ഠരോഗിക്കു് സൗഖ്യം നല്കിയതു് (മർക്കോ 1: 40–45) അവിടത്തെ കാരുണ്യംകൊണ്ടാണു്: ''ഈശോ മനസ്സലിഞ്ഞു് കൈനീട്ടി അവനെ സ്പർശിച്ചു....'' (വാ. 41) ഹൃദയമലിഞ്ഞ അവിടുന്നു് ഒരിക്കൽ രണ്ടു കുരുടന്മാരുടെ കണ്ണുകളിൽ സ്പർശിച്ചു് അവർക്കു് കാഴ്ചനല്കി (മത്താ. 20: 34). അതുപോലെതന്നെ അവിടത്തെ കാരുണ്യത്തിനുവേണ്ടി അപേക്ഷിച്ച പലർക്കും അവിടുന്നു് സൗഖ്യംനല്കി (മർക്കോ 9: 22; 10: 47 f; മത്താ. 9: 27; 15: 22; 20: 30 f) ഈശോ പിശാചുക്കളെ ബഹിഷ്കരിച്ചതും അവിടത്തെ കരുണയുടെ പ്രകടനമാണു്. പിശാചുക്കളിൽനിന്നും സ്വതന്ത്രനാക്കിയശേഷം ഗദറായിലെ പിശാചുബാധിതനോടു് അവിടുന്നു് പറഞ്ഞു: ''നിന്റെ വീട്ടിൽ ബന്ധുജനങ്ങളുടെ അടുക്കലേക്കു പോകുക. കർത്താവു് എന്തെല്ലാം നിനക്കായി ചെയ്തെന്നും എങ്ങനെയെല്ലാം കാരുണ്യം കാണിച്ചെന്നും അവരെ അറിയിക്കുക'' (മർക്കോ. 5: 19).

ഈശോ രോഗികളെ സൗഖ്യമാക്കുന്നതിനെ മത്തായി വിലയിരുത്തുന്നതു് പഴയനിയമത്തിന്റെ പശ്ചാത്തലത്തിലാണു്. ഏശായാപ്രവാചകന്റെ നാലാമത്തെ ദാസഗീതത്തിലെ വാക്യം (ഏശാ. 53: 4) ഉദ്ധരിച്ചു് അദ്ദേഹം ഈശോയുടെ രക്ഷാകരപ്രവൃത്തികളെ വ്യാഖ്യാനിക്കുന്നു: അദ്ദേഹം നമ്മുടെ ദൗർബ്ബല്യങ്ങൾ ഏറെറടുക്കുകയും രോഗങ്ങൾ സംവഹിക്കുകയും ചെയ്തു'' (മത്താ. 8: 17). രോഗികളോടു് ഈശോ കാണിച്ച താല്പര്യവും.

www.malankaralibrary.com

അവർക്ക് അവിടുന്ന് പ്രദാനംചെയ്ത സൗഖ്യവും രക്ഷകൻ എന്ന നിലയ്ക്ക് അവിടുത്തേക്കുള്ള അധികാരത്തോടൊപ്പം പീഡിതരോട് അവിടുത്തേക്കുള്ള രക്ഷാകരമായ കാരുണ്യമാണ് വ്യക്തമാക്കുക.

ലൂക്കാ സുവിശേഷകൻ ഈശോയുടെ കാരുണ്യത്തെ സജീവമായി അവതരിപ്പിക്കുന്നുണ്ട്. നായിംപട്ടണത്തിലെ വിധവയുടെ മകനെ ഉയിർപ്പിക്കുന്ന രംഗം (7: 11–17) ശ്രദ്ധാർഹമാണ്: "അവളെ കണ്ടപ്പോൾ അവളിൽ മനസ്സലിഞ്ഞ് 'കരയേണ്ട' എന്നു കർത്താവ് അരുളിച്ചെയ്തു" (വാ. 13). അവിടുന്ന് ശവമഞ്ചത്തിൽ സ്പർശിക്കുകയും അധികാരത്തോടുകൂടി യുവാവിനോട് എഴുന്നേൽക്കുവാൻ കല്പിക്കുകയും അവനെ അവന്റെ അമ്മയ്ക്ക് ഏല്പിച്ചുകൊടുക്കുകയും ചെയ്തു. ആ പാവപ്പെട്ട വിധവയുടെ വേദന തീർച്ചയായും ഈശോയുടെ ഹൃദയത്തെ ആഴത്തിൽ സ്പർശിച്ചിട്ടുണ്ടാവണം. എന്നാൽ വെറും മാനുഷികമായ വികാരം എന്നതിലുപരി അവിടുത്തെ രക്ഷാകര ദൗത്യത്തോടു അഭേദ്യമാംവിധം ബന്ധപ്പെട്ട ഒരു പ്രതികരണമായിരുന്നു അത്.

മത്തായി സുവിശേഷകൻ പന്ത്രണ്ടു ശിഷ്യന്മാരുടെ ഗലീലെയായിലെ പ്രേഷിത പ്രവർത്തനത്തിനു പ്രേരകമായി കാണുന്നതും ഈശോയ്ക്ക് ജനക്കൂട്ടത്തോടു ഉണ്ടായിരുന്ന അനുകമ്പയാണ് (9: 36). അവർ 'ഇടയനില്ലാത്ത ആടുകളെപ്പോലെ നിരുത്സാഹരും നിരാലംബരുമായിരുന്നു' എന്ന പ്രസ്താവം ഈശോയ്ക്കു അവരോടു തോന്നിയ അനുകമ്പയുടെ തീവ്രതയെ സൂചിപ്പിക്കുന്നു. അപ്പം വർദ്ധിപ്പിക്കലിന്റെ രണ്ടു അത്ഭുതങ്ങളും ഈശോയ്ക്ക് ജനക്കൂട്ടത്തോടു അലിവു തോന്നിയതിന്റെ ഫലമാണ് (മർക്കോ. 6: 34; 8 : 2) ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത് ഈശോയുടെ ഗലീലെയായിലെ പ്രേഷിതപ്രവർത്തനങ്ങളെല്ലാം തന്നെ പീഡിതരോടും ആകുലരോടുമുള്ള ദൈവത്തിന്റെ രക്ഷാകരമായ കാരുണ്യം പ്രായോഗികമാക്കിയ സന്ദർഭങ്ങളാണെന്നാണ്.

## 2. അദ്ധ്വാനിക്കുന്നവരോടുള്ള കാരുണ്യം

മത്തായി ഈശോയുടെ മഹത്വവും ഔന്നത്യവും പ്രത്യേകം ചൂണ്ടിക്കാട്ടുന്നതുപോലെ അവിടുത്തെ ആർദ്രതയും കാരുണ്യവും പ്രത്യേകം എടുത്തുകാട്ടുന്നുമുണ്ട്. അദ്ധ്വാനിക്കുന്നവരേയും ഭാരം വഹിക്കുന്നവരേയും സംബന്ധിച്ചുള്ള ഒരു ഭാഗമാണ് മത്താ. 11: 28–29. അത് അവരെ ശാന്തശീലനും വിനീതഹൃദയനുമായ ക്രിസ്തുവിലേക്ക് ക്ഷണിക്കുന്നു. കാരണം അവിടെ

www.malankaralibrary.com

അവർക്കു ആശ്വാസം കണ്ടെത്തുവാൻ കഴിയും. മത്താ. 11: 28, 29 വാക്യങ്ങൾ തമ്മിൽ ചില സമാന്തര പ്രയോഗങ്ങളുണ്ടു്:

| വാക്യം 28 | വാക്യം 29 |
|---|---|
| എന്റെ അടുക്കലേക്കു വരിക. | എന്റെ നുകം വഹിക്കുകയും എന്നിൽ നിന്നു പഠിക്കുകയും ചെയ്യുക. |
| അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരും. | ഞാൻ ശാന്തശീലനും വിനീതഹൃദയനുമാണു്. |
| ഞാൻ നിങ്ങൾക്കാശ്വാസം നല്കാം. | നിങ്ങൾക്കു ശാന്തി ലഭിക്കും. |

വാക്യം 30

എന്റെ നുകം മധുരവും ചുമടു് ലഘുവുമാകുന്നു.

28-ാം വാക്യത്തിലെ 'എന്റെ അടുക്കൽ വരുവിൻ' എന്ന ആഹ്വാനത്തെ 29-ാം വാക്യം 'എന്റെ നുകം വഹിക്കുകയും എന്നിൽനിന്നു പഠിക്കുകയും ചെയ്യുക' എന്നു വിശദമാക്കുന്നു. രണ്ടു വാക്യങ്ങളും ആശ്വാസം ലഭിക്കുമെന്ന വാഗ്ദാനത്തിലാണു് അവസാനിക്കുന്നതു്. ഈ ആഹ്വാനത്തിനും വാഗ്ദാനത്തിനും മദ്ധ്യേ 28-ാം വാക്യം ആഹ്വാനം നല്കുന്നയാളെയും 29-ാം വാക്യം ആഹ്വാനം സ്വീകരിക്കുന്നവരേയും ചിത്രീകരിക്കുന്നു. അവർ തമ്മിൽ ഒരു ബന്ധമുണ്ടു്. ഒരു ഭാഗത്തു് അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരും, മറുഭാഗത്തു് ശാന്തശീലനും വിനീതഹൃദയനുമായ ഈശോയും നിലകൊള്ളുന്നു. ആഹ്വാനം നൽകുന്ന കർത്താവിന്റെ മനോഭാവം അതു ചെവിക്കൊള്ളേണ്ടവരായ അദ്ധ്വാനിക്കുന്നവർക്കു ഉത്തേജനം നല്കണം, ആഹ്വാനത്തിന്റെയും വാഗ്ദാനത്തിന്റെയും സന്ദേശങ്ങളെ പരസ്പരം കൂട്ടിയിണക്കുന്നതാണു് വാ. 30. മധുരമുള്ള നുകവും ലഘുവായ ചുമടും കഠിനാദ്ധ്വാനത്തോടും ഭാരമേറിയ ചുമടിനോടും ബന്ധപ്പെട്ടിരിക്കുന്നു. ഇവിടെ ബാഹ്യമായ നിയമാനുഷ്ഠാനത്തിന്റെ ഭാരമേറിയ ചുമടും വഹിച്ചുകൊണ്ടു നീങ്ങുന്ന മനുഷ്യരെയാണു് ഈശോ ആഹ്വാനം ചെയ്യുന്നതു് (മത്താ. 23: 4). ഫരീസേയ നിയമാനുഷ്ഠാനത്തിന്റെ ദുർവഹമായ നുകത്തിൻ കീഴിലാണു് അവർ ക്ലേശിക്കുന്നതു്. എന്നാൽ ഈശോയെ സമീപിക്കുകയും അവിടുന്നിൽനിന്നു പഠിക്കുകയും ചെയ്യുമ്പോൾ അവർക്കു് അവരുടെ ഭാരങ്ങളിൽ



www.malankaralibrary.com

നിന്നു മോചനം പ്രാപിക്കുവാൻ കഴിയും. എന്നിരുന്നാലും ഈശോ അവരെ എല്ലാ ബാദ്ധ്യതകളിൽനിന്നും ഒഴിവാക്കുന്നില്ല. അവിടുന്നു അവക്കു ഒരു പുതിയ നുകം നൽകുന്നു — സുവിശേഷത്തോടുള്ള കടപ്പാടാണതു്. സുവിശേഷമൂല്യങ്ങളോടുള്ള വിശ്വസ്തത — ഞെരുക്കം ഉളവാക്കുന്നില്ല, മറിച്ച് ആശ്വാസം പകരുന്നു.

ഈശോയുടെ വിനയവും ഹൃദയശാന്തതയും അവിടുന്നിലേക്കു് അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരും കടന്നുവരുന്നതിനും ദൈവഹിതം അവിടുന്നിൽനിന്നു പഠിക്കുന്നതിനും വേണ്ട ഉത്തേജകങ്ങളാണു്. ഈശോയുടെ പ്രബോധനങ്ങൾ അനാവശ്യമായി കാഠിന്യമുള്ളവയായിരിക്കുകയില്ലെന്നു് വ്യക്തമാക്കുന്നുമുണ്ടു് അവിടുത്തെ വിനയവും ഹൃദയശാന്തതയും.

## 3 പാപികൾക്കു ലഭിക്കുന്ന കരുണ

ഈശോ "ചുങ്കക്കാരുടേയും പാപികളുടേയും സ്നേഹിതനായി" അറിയപ്പെട്ടിരുന്നു (മത്താ. 11: 19; ലൂക്കാ. 7: 34). നിയമത്താൽ നയിക്കപ്പെട്ടിരുന്ന യഹൂദസമൂഹത്തിൽനിന്നു് ബഹിഷ്കൃതരായിരുന്ന ചുങ്കക്കാരോടും പാപികളോടും ഈശോയ്ക്കുണ്ടായിരുന്ന മനോഭാവം സമകാലീന സമൂഹത്തിന്റേതിൽ നിന്നു് വളരെ വ്യത്യസ്തമായിരുന്നു. അവിടുത്തെ എതിരാളികൾ ഇക്കാര്യങ്ങളിൽ അവിടുത്തെ കുററപ്പെടുത്തുകയും ചെയ്തിരുന്നു. കാരണം ഈശോ ചുങ്കക്കാരേയും പാപികളേയും കരുണയോടെ സ്വീകരിക്കുകയും അവരോടു് ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഖ്യാപനം ചെയ്യുകയും, അവരോടൊത്തു ഭക്ഷിക്കുകയും അവരെ തന്റെ ശിഷ്യഗണത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു (മർക്കോ. 2: 16; ലൂക്കാ. 15: 1–2; 19: 7). പലപ്പോഴും ഈശോ പരസ്യമായിത്തന്നെ തന്റെ നിലപാടു വ്യക്തമാക്കുകയും ന്യായീകരിക്കുകയും ചെയ്തിട്ടുണ്ടു്. ഇതു് ഏററവും നന്നായി വ്യക്തമാകുന്നതു് ലേവി എന്ന ചുങ്കക്കാരനെ തന്റെ ശിഷ്യഗണത്തിലേക്കു തിരഞ്ഞെടുത്തതിനുശേഷം അയാളുടെ വീട്ടിൽവച്ചു ഭക്ഷണത്തിനിരുന്നപ്പോൾ അവിടുന്നു അരുളിച്ചെയ്ത വാക്കുകളിലൂടെയാണു്: "സൗഖ്യമുള്ളവക്കല്ല രോഗികൾക്കാണു വൈദ്യനെക്കൊണ്ടാവശ്യം ... നീതിമാന്മാരെയല്ലാ, പാപികളെ അന്വേഷിച്ചാണു് ഞാൻ വന്നിരിക്കുന്നതു്" (മത്താ. 9: 12–13).

അനേകം പാപികളോടും ചുങ്കക്കാരോടുമൊന്നിച്ചു് ഈശോ ഭക്ഷണം കഴിച്ചതു് കഫർണാഹുമിൽവച്ചായിരുന്നു. അവിടുന്നു പാപികളോടു ക്ഷമിക്കുന്നതിനെപ്പററി അവർ കേട്ടിരുന്നു (മത്താ. 9: 1–8). ചുങ്കക്കാരെ അവിടുന്നു ശിഷ്യന്മാരാക്കുന്നു

www.malankaralibrary.com

തിനെപ്പററിയും അവർ കേട്ടിരുന്നു (മത്താ. 9: 9). ഈശോ ഫ്രീശന്മാരെപ്പോലെയും നിയമപണ്ഡിതന്മാരെപ്പോലെയുമല്ലെന്നു് മനസ്സിലാക്കിയ അവർ അവിടുന്നു തങ്ങളോടു കരുണാപൂർവ്വം വർത്തിക്കുമെന്നും കരുതി. അതിനാൽ ധാരാളം ചുങ്കക്കാരും പാപികളും അവിടുത്തെ പക്കലേക്കു വരികയും അവിടുത്തോടൊത്തു് ആയിരിക്കുവാൻ താല്പര്യപ്പെടുകയും ചെയ്തു. ഈശോ ചുങ്കക്കാരോടും പാപികളോടുമൊപ്പം ഭക്ഷണത്തിനിരുന്നതായി മർക്കോസ് ആവർത്തിച്ചു പറയുന്നുണ്ടു് (2: 15, 16). മത്തായിയുടെ വീക്ഷണത്തിൽ ഈ ഭക്ഷണം യുഗാന്ത്യവിരുന്നിനെയാണു് സൂചിപ്പിക്കുക: "വളരെപ്പേർ കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വന്നു് സ്വർഗ്ഗരാജ്യത്തിൽ അബ്രാഹത്തോടും ഇസഹാക്കിനോടും യാക്കോബിനോടുംകൂടെ വിരുന്നിനിരിക്കും" (മത്താ 8: 11). അനേകം പാപികളെ സ്വർഗ്ഗരാജ്യത്തിലേക്കു സ്വീകരിക്കുന്ന ദൈവത്തിൻെറ കാരുണ്യമാണു് ഇവിടെ നിഴലിക്കുന്നതു് (മത്താ. 21: 31).

നിയമപണ്ഡിതന്മാരുടെ ആരോപണങ്ങൾക്കു ഈശോ മറുപടി നൽകുന്നതു് രോഗിയുടേയും വൈദ്യൻേറയും ഉപമയിലൂടെയാണു് (മർക്കോ. 2: 17 a). ഈശോയ്ക്കു പാപികളോടുള്ള ബന്ധം ഒരു വൈദ്യനു് രോഗിയോടുള്ള ബന്ധംപോലെയാണു്. വൈദ്യൻ രോഗിയുടെയടുത്തു പോകുന്നതു് അയാൾക്കു് ആശ്വാസവും സൗഖ്യവും നൽകുന്നതിനു വേണ്ടിയാണു്. അതുപോലെ ഈശോ പാപികളോടുകൂടെ സഹവസിക്കുന്നതു് അവിടുത്തെ രക്ഷാകരസേവനം അവർക്കു് ആവശ്യമായതുകൊണ്ടാണു്. കാരണം അവരെ രക്ഷിക്കുവാൻ അവിടുത്തേക്കു കഴിയും. അതുതന്നെയാണു് അവിടുത്തെ ദൗത്യവും (മർക്കോ. 2: 17 b). അവരെ താൻ പ്രസംഗിച്ച ദൈവരാജ്യത്തിലേക്കു കൊണ്ടുവരുവാനും അവിടുത്തേക്കു കഴിയും. ന്യായമായും പാപികൾ ദൈവരാജ്യത്തിൽനിന്നു നിഷ്കാസിതരാകേണ്ടവരാണു്. എന്നാൽ അവരുടെ ശോചനീയാവസ്ഥ അവിടുത്തെ ഹൃദയത്തെ സ്പർശിച്ചതിനാൽ അവിടുന്നു് അവരെ ദൈവരാജ്യത്തിലേക്കു തിരിച്ചുകൊണ്ടുവരുവാനാണു് പരിശ്രമിച്ചതു്. പിതാവായ ദൈവം ഈ ദൗത്യമാണു് അവിടുത്തെ ഭരമേല്പിച്ചിരിക്കുന്നതു് (മർക്കോ. 2: 17c) ഈശോ പാപികളെ വിളിക്കുന്നതുവഴി നാശോന്മുഖരായ പാപികളോടുള്ള ദൈവത്തിൻെറ കാരുണ്യവും അവർക്കു നൽകുന്ന ആഹ്വാനവുമാണു് വ്യക്തമാകുന്നതു്. പാപികളെ രക്ഷിക്കുന്ന ദൈവത്തിൻെറ കാരുണ്യം വെളിപ്പെടുത്തിക്കൊണ്ടാണു് ദൈവരാജ്യം ആഗതമാകുന്നതു്.

പാപികളോടുള്ള തൻെറ മനോഭാവത്തിൻെറ മൂല്യം ഹോസെയാ പ്രവാചകൻെറ വാക്കുകളുടെ പശ്ചാത്തലത്തിൽ മനസ്സിലാക്കുവാനും വിലയിരുത്തുവാനും ഈശോ ശ്രോതാക്കളെ ക്ഷണി

www.malankaralibrary.com

ക്കുന്ന വാക്യം മത്തായി സുവിശേഷകൻ മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളു: "ഞാൻ ബലിയല്ല, കരുണയാണാഗ്രഹിക്കുന്നതു്" (മത്താ. 9: 13; ഹോസെ. 6: 6). ഈശോയുടെ പ്രവൎത്തനങ്ങൾ എല്ലാം തന്നെ പ്രവാചകന്റെ ഈ വാക്കുകളുടെ അടിസ്ഥാനത്തിൽ ദൈവം ആഗ്രഹിക്കുന്ന കരുണയാൽ പ്രേരിതങ്ങളാണു്. ഫരിസേയൎക്കും നിയമപണ്ഡിതന്മാൎക്കും ഈശോയുടെ പ്രവൎത്തനങ്ങളെ മനസ്സിലാക്കാൻ കഴിയാതെ പോയതു്, എല്ലാററിനുമുപരിയായി കരുണ ആഗ്രഹിക്കുന്ന ദൈവത്തിന്റെ അഭീഷ്ടം എന്താണെന്നു മനസ്സിലാക്കാൻ അവൎക്കു കഴിയാതിരുന്നതുകൊണ്ടായിരുന്നു. ഈശോയുടെ ഓരോ ചലനത്തിലും പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നതു് ഹോസയായുടെ പ്രവചനം ആവശ്യപ്പെടുന്ന കരുണതന്നെയായിരുന്നുവെന്നു് മത്തായി തുടൎന്നു മറെറാരിടത്തും രേഖപ്പെടുത്തുന്നുണ്ടു് (മത്താ. 12: 6 f). ശാബത്തു ദിനത്തിൽ ഗോതമ്പുമണികൾ പറിച്ചു തിന്നതിനു ശിഷ്യന്മാരെ ഫരിസേയർ കുററപ്പെടുത്തിയതിൽ ദൈവം ആഗ്രഹിക്കുന്ന കരുണ പ്രത്യക്ഷപ്പെട്ടിരുന്നില്ല. ദൈവം കരുണയ്ക്കു് നിയമാനുഷ്ഠാനങ്ങളെക്കാൾ പ്രാധാന്യം കൊടുക്കുന്നു എന്നു് ഇതുവരേയും അവർ മനസ്സിലാക്കിയില്ല എന്നാണു് ഇതു് വ്യക്തമാക്കുന്നതു്. നിയമം അനുസരിക്കുവാൻ സാധിക്കാത്തവരോടു ഈശോ കാണിക്കുന്ന സൗമ്യത അവിടുത്തെ കരുണയുടെ മറെറാരു നിദൎശനമാണു്.

## 4. നഷ്ടപ്പെട്ടുപോയവരോടുള്ള കാരുണ്യം

ലൂക്കായുടെ സുവിശേഷത്തിലെ 15–ാം അദ്ധ്യായത്തിലെ മൂന്നു് ഉപമകൾ ദൈവകാരുണ്യത്തെ ഹൃദയസ്പൎശകമായ വിധത്തിൽ ചിത്രീകരിക്കുന്നു. ഈശോ പാപികളോടും ചുങ്കക്കാരോടും കാണിച്ച ദയാവായ്പു് ഫരിസേയരുടേയും നിയമപണ്ഡിതരുടേയും വിമൎശനത്തിനു വിധേയമായിരുന്നു. ഈശോ അവൎക്കു് ഉപമകളിലൂടെ മറുപടി നൽകി (ലൂക്കാ 15: 1–2). കാണാതെ പോയ ആടിന്റേയും (വാ. 3–7) നഷ്ടപ്പെട്ട നാണയത്തിന്റേയും (വാ. 8–10) ഉപമകൾ ശ്രദ്ധാൎഹങ്ങളാണു്. കാണാതെപോയ ആടിനെ കണ്ടുകിട്ടിയതിൽ ആട്ടിടയനുണ്ടായ സന്തോഷവും, നഷ്ടപ്പെട്ട നാണയം തിരിച്ചുകിട്ടിയതിൽ ഒരു സ്ത്രീയ്ക്കുണ്ടായ ആനന്ദവും വ്യഞ്ജിപ്പിക്കുന്നതു് പാപികൾ പശ്ചാത്തപിക്കുമ്പോൾ ദൈവം അനുഭവിക്കുന്ന സന്തോഷത്തെയാണു്. ദൈവത്തിനു് പാപികളോടുള്ള പരിഗണനയും അവരുടെ രക്ഷയിലുള്ള താത്പര്യവും ആണു് ഉപമകൾ വരച്ചുകാട്ടുന്നതു്.

ധൂൎത്തപുത്രന്റെ ഉപമ (15: 11–32) ദൈവത്തിനു പാപികളോടുള്ള കാരുണ്യത്തെ സജീവമായി ചിത്രീകരിക്കുന്നു. ഉപമ

www.malankaralibrary.com

യുടെ രണ്ടാംഭാഗത്തിൽ (വാ. 25–32) ധൂർത്തപുത്രനു പിതാവു നൽകിയ ചൂടുള്ള സ്വീകരണത്തിൽ എതിർപ്പു പ്രകടിപ്പിക്കുന്ന മൂത്തപുത്രനെയാണു കാണുക. മൂത്തപുത്രന്റെ പരാതികൾ ഈശോയുടെ പ്രതിയോഗികളുടെ മനോഭാവത്തേയാണു് ഉൾക്കൊള്ളുന്നതു്. പിതാവു് ധൂർത്തനായ ഇളയ മകനോടു കാട്ടിയ കാരുണ്യം തന്റെ അവകാശങ്ങൾക്കും താല്പര്യങ്ങൾക്കും വിപരീതമായിട്ടാണെന്നു കരുതിയ മൂത്തപുത്രൻ അസന്തുഷ്ടനായിത്തീർന്നു.

ഉപമയുടെ ആദ്യഭാഗത്തു വരച്ചുകാട്ടുന്ന ഇളയ മകനിൽ (വാ. 11–24) ഫരീസേയപ്രമാണികൾ പാപികളെന്നു മുദ്രയടിച്ചിരുന്നവരെ കാണുവാൻ കഴിയും. എങ്ങനെ ഇളയമകൻ ക്ലേശങ്ങളുടെ മദ്ധ്യത്തിലേക്കു് എടുത്തുചാടിയെന്നും വിജാതീയനായ ഒരുവന്റെ പന്നികളെ മേയ്ക്കുവാൻ തക്കവിധം അധ:പതിച്ചെന്നും വ്യക്തമാക്കുന്ന വിവരണം ഇവിടെയുണ്ടു്. അവന്റെ മനസ്താപത്തിന്റെ അടിസ്ഥാനം വിശപ്പായിരുന്നു. അങ്ങനെ സമ്പൂർണ്ണമായി അധ:പതിച്ചുകഴിഞ്ഞ അവന്റെ മാനസാന്തരം വെറും ബാഹ്യമായിരുന്നു.

എന്നാൽ പൈതൃകമായ സ്നേഹത്തോടെയും കാരുണ്യത്തോടെയുമാണു് പിതാവു് തന്റെ നഷ്ടപ്പെട്ട മകനെ സ്വീകരിക്കുന്നതു്. പിതാവു് അവനു നല്കുന്ന ആർഭാടപൂർവ്വമായ സ്വീകരണവും സുവിശേഷത്തിലുണ്ടു് (വാ. 20, 22–23). അവന്റെ പാപങ്ങൾ ഇവിടെ ക്ഷമിക്കപ്പെട്ടതു് അവന്റെ നിലപാടിന്റെ അടിസ്ഥാനത്തിലായിരുന്നില്ല. മറിച്ചു്, ദുരിതമനുഭവിച്ച മകനോടു പിതാവിനുള്ള സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമാണു്. ഉപമയുടെ രണ്ടു ഭാഗങ്ങളും അവസാനിക്കുന്നതു് നഷ്ടപ്പെട്ട മകന്റെ തിരിച്ചുവരവിൽ പിതാവിനുണ്ടായ സന്തോഷത്തെ വ്യക്തമാക്കിക്കൊണ്ടാണു് (വാ. 22–24; 32). കാണാതെപോയ ആടിന്റെയും നഷ്ടപ്പെട്ട നാണയത്തിന്റെയും ഉപമകളുടെ അവസാനത്തിൽ ദൈവത്തെപ്പററി വ്യക്തമായി പരാമർശിക്കുന്നുണ്ടു് (വാ. 7, 10).

പിതാവിന്റെ പ്രതികരണം, ദൈവം പാപികളോടു് എങ്ങനെ കരുണാപൂർവ്വം വർത്തിക്കുന്നുവെന്നു് ചിത്രീകരിക്കുന്നു. അവരുടെ പാപങ്ങൾ അവിടുന്നു ക്ഷമിക്കുന്നതു് അവിടുത്തേക്കു് അവരോടുള്ള സ്നേഹംകൊണ്ടു മാത്രമാണു്. പാപത്തിന്റെ ഗൗരവമോ മന:സ്താപത്തിന്റെ അപൂർണ്ണതയോ അവരെ തന്റെ മക്കളായി കാണുന്നതിൽനിന്നു് ദൈവത്തെ പിന്തിരിപ്പിക്കുന്നില്ല.

ദൈവത്തിന്റെ മനോഭാവം വ്യക്തമാക്കുന്ന ഈ ഉപമകളിലൂടെ ഈശോ തന്റെ പ്രവർത്തനങ്ങളെ നീതീകരിക്കുന്നു. പാ

www.malankaralibrary.com

പികളോടുള്ള ക്രിസ്തുവിൻെറ കാരുണ്യം ദൈവത്തിൻെറ കാരുണ്യത്തിൻെറയും സ്നേഹത്തിൻെറയും ആവിഷ്ക്കരണമായ ദൈവരാജ്യം എന്താണെന്ന വ്യക്തമാക്കുകയാണ് ചെയ്യുന്നത്. ഇതു ദൈവത്തിന്റെ തൻെറ മക്കളോടുള്ള ദയാവായ്പിൻെറ പ്രകടനമാണ്: കാരണം അവിടുന്ന് അവരെ രക്ഷിക്കുന്നതിൽ അതീവ തല്പരനാണ്. അതിനാൽ അവിടുന്ന് പാപികളുടെ മാനസാന്തരത്തിൽ വളരെയധികം സന്തുഷ്ടനമാണ്. പാപികളുടെ നേർക്കുള്ള ഈശോയുടെ ഈ നിലപാട് ദൈവത്തിന്റെ പാപികളായ തൻെറ മക്കളോടുള്ള കാരുണ്യത്തിൻെറ വെളിപ്പെടുത്തൽ തന്നെയാണ്.

ഈശോ സക്കെയുടെ ആതിഥ്യം സ്വീകരിക്കുന്ന രംഗം അവിടുന്ന് പാപികളുടെ സ്നേഹിതനും നഷ്ടപ്പെട്ടവരെ വീണ്ടെടുക്കുന്ന രക്ഷകനുമാണെന്നുള്ള വസ്തുതതന്നെയാണ് വെളിപ്പെടുത്തുന്നത് (ലൂക്ക 19: 1–10). ചുങ്കക്കാരിൽ പ്രധാനിയായിരുന്ന സക്കെ ജറീക്കോയിലെ യഹൂദസമൂഹത്തിൽനിന്നും പുറന്തള്ളപ്പെട്ടവനാണ്. ഈശോ സക്കെയെ കാണുവാൻ ആഗ്രഹിച്ചു (വാക്യം 5). അവിടുന്ന് അയാളുടെ വീട്ടിൽ താമസിക്കുവാൻ തീർച്ചപ്പെടുത്തുകയും ചെയ്തു. ഈശോയുടെ വാക്കുകൾ കേട്ട് സക്കെ അതീവ സന്തുഷ്ടനായപ്പോൾ, ജനക്കൂട്ടം അവിടുത്തെ നിലപാടിനെതിരായികൊണ്ടു (വാക്യം 7). കാരണം ഈശോ ഒരു പാപിയോടു സംസാരിക്കുകയോ, അയാളോടൊത്ത് ഭക്ഷണത്തിനിരിക്കുകയോ മാത്രമല്ല, അവിടുന്ന് അയാളുടെ വീട്ടിൽ താമസിക്കുവാൻതന്നെ തീരുമാനിച്ചു. അവിടുന്ന കാണിച്ച കാരുണ്യാതിരേകം സമ്പൂർണ്ണമായ ഒരു മാനസാന്തരത്തിന്റെ വഴി തെളിച്ചു (വാക്യം 8). ഇതു് ഈശോയെ സന്തുഷ്ടനാക്കി. അവിടുന്ന പറഞ്ഞു: "ഇന്ന് ഈ ഭവനത്തിന് രക്ഷ കൈവന്നിരിക്കുന്നു" (വാക്യം 9). വിവരണത്തിൻെറ അവസാനത്തിൽ ഈശോ തൻെറ ജീവിതദൗത്യത്തെക്കുറിച്ച് അർത്ഥസമ്പുഷ്ടമായ ഒരു പ്രസ്താവനയും നടത്തി: "നഷ്ടപ്പെട്ടുപോയതിനെ അന്വേഷിച്ചു രക്ഷിക്കുന്നതിനാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നതു്" (വാക്യം 10).

## 5. പീഡിതരോടുള്ള കാരുണ്യം

മുന്തിരിത്തോട്ടത്തിലെ ജോലിക്കാരെക്കുറിച്ചുള്ള ഉപമ (മത്താ. 20: 1–16) കാരുണ്യദ്യോതകമായ ഉപമ തന്നെയാണ്. അതിരാവിലെ പണി ആരംഭിച്ചിട്ടുള്ള ജോലിക്കാർ, 11–ാം മണിക്കൂറിൽ (5 p. m.) ജോലി ആരംഭിച്ചവർക്കും തങ്ങൾക്കും ഒരേ കൂലി ലഭിച്ചപ്പോൾ ഉടമസ്ഥനെതിരായി പിറുപിറുത്തു. കാരണം ഉടമസ്ഥൻ അവരോടു കാണിച്ച അനീതിയായി അവർ അതിനെ വ്യാഖ്യാനിച്ചു (വാക്യം 12). എന്തെന്നാൽ അവരുടെ

www.malankaralibrary.com

കഠിനാദ്ധ്വാനത്തിനു് പ്രതിഫലമായി അവർ പ്രതീക്ഷിച്ച പ്രത്യേക അവകാശം അവർക്കു ലഭിച്ചില്ല. ജോലിക്കു താമസിച്ചുവന്നവർക്കു ലഭിച്ച അർഹതയില്ലാത്ത പ്രതിഫലത്തേക്കാൾ കൂടുതലായി അവർക്കു് യാതൊരു മുൻഗണനയും കിട്ടിയിട്ടില്ലല്ലോ.

ഈശോ പാപികളോടു കാണിച്ച കാരുണ്യത്തിനെതിരായി ഫരിസേയരും മററും പിറുപിറുക്കുന്നതിനെയാണു് ഇവരുടെ പരാതി പ്രതിഫലിപ്പിക്കുന്നതു്. ധൂർത്തപുത്രനോടു പിതാവു കാണിക്കുന്ന കാരുണ്യവും വാത്സല്യവും കണ്ടിട്ടു് അതിനെതിരെ പിറുപിറുക്കുന്ന മൂത്തമകൻെറ പരാതിയും ഇതു് അനുസ്മരിപ്പിക്കുന്നു. ഈ ഉപമ തത്തുല്യമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവന്ന ശ്രോതാക്കളോടായി ഈശോ പറഞ്ഞതാകാനേ വഴിയുള്ളു.

ഈ ഉപമയുടെ അർത്ഥം ശരിക്കും ഗ്രഹിക്കണമെങ്കിൽ തൻെറ പ്രവൃത്തിയെ ന്യായീകരിക്കുന്ന ഉടമസ്ഥൻെറ മറുപടി എന്താണെന്നു് നാം മനസ്സിലാക്കണം (വാ. 13–15). നിയമപരമായി ഉടമസ്ഥൻെറ പ്രവൃത്തിയിൽ അനീതിയില്ല. കാരണം ഉടമ്പടിയിലുള്ള വ്യവസ്ഥ (വാ. 2) അദ്ദേഹം പാലിച്ചിട്ടുണ്ടു്. തന്നെയുമല്ല അദ്ദേഹത്തിനു് തൻെറ സമ്പത്തു ഇഷ്ടംപോലെ ചിലവഴിക്കുവാനുള്ള സ്വാതന്ത്ര്യവുമുണ്ടു്. തൻെറ ഈ പ്രവൃത്തി പ്രധാനമായും തൻെറ നന്മ ഒന്നുമാത്രമാണു് വെളിപ്പെടുത്തുന്നതെന്നു് അദ്ദേഹം പ്രഖ്യാപിക്കുന്നു. അദ്ദേഹം 'നല്ലവനും നന്മ ചെയ്യുവാൻ ആഗ്രഹിക്കുന്നവനുമാണു്' (വാക്യം 15 b). ഉപമ ആദ്യം എത്തിയ അസൂയാലുക്കളായ ജോലിക്കാർക്കു് ഒരു താക്കീതുകൂടി നല്കുന്നുണ്ടു്. കാരണം അവരുടെ പ്രതികരണം അവരുടെ തിന്മനിറഞ്ഞ മനോഭാവത്തേയാണു് വെളിപ്പെടുത്തുന്നതു്. ('ചീത്തയായ കണ്ണു്.' വാക്യം 15b). നന്മയുടെ ഉദാത്തീകരണമായ പ്രവൃത്തി കണ്ടിട്ടു് സന്തോഷിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നതിനുപകരം അസൂയപ്പെടുകയും കോപിക്കുകയുമാണു് അവർ ചെയ്തതു്.

പിമ്പന്മാരോടു ദൈവത്തിനുള്ള കരുണാമസൃണമായ താല്പര്യമാണു് ഈ ഉപമയിലൂടെ ഈശോ വ്യക്തമാക്കുന്നതു്. ഇതു് ദൈവരാജ്യത്തെക്കുറിച്ചുള്ള ഒരു ഉപമകൂടിയാണു് (വാക്യം 11). അയോഗ്യരായവരോടു് ഈശോ കാണിക്കുന്ന കാരുണ്യം, ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ യാതൊരർഹതയുമില്ലാത്തവർക്കു് അതിനുവേണ്ട അനുഗ്രഹം ദൈവം പ്രദാനം ചെയ്യുന്നുവെന്നു് വെളിവാക്കുന്നു. ക്രിസ്തു പ്രസംഗിച്ച ദൈവരാജ്യം ദൈവത്തിൻെറ കരുണാമസൃണമായ സ്നേഹത്തിൻെറ മഹത്തായ ആവിഷ്കരണമാണു്.

www.malankaralibrary.com

## 6. അയോഗ്യർക്കു ലഭിക്കുന്ന കാരുണ്യം

കല്യാണവിരുന്നിന്റെ ഉപമയിലും (ലൂക്കാ. 14:16–24; മത്താ. 22:1–14) ദൈവത്തിന്റെ കാരുണ്യത്തിന്റെ പ്രകടനമാണ് ദൃശ്യമാകുക. വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്ന യോഗ്യരായ മനുഷ്യർ തങ്ങൾക്കു ലഭിച്ച ക്ഷണം നിരസിച്ചുകളഞ്ഞതിനാൽ വിരുന്നിൽനിന്ന് ഒഴിവാക്കപ്പെട്ടു. അവരുടെ സ്ഥാനങ്ങൾ അയോഗ്യരായ മനുഷ്യർക്കു നല്കപ്പെടുകയും ചെയ്തു. ദരിദ്രരും അംഗഹീനരും അന്ധരും മുടന്തരും (ലൂക്കാ 14:21) പെരുവഴിയിൽനിന്നും വേലിയിറമ്പുകളിൽനിന്നു വന്നവരും (ലൂക്കാ 14:23) ആ സ്ഥാനങ്ങൾ കൈവശപ്പെടുത്തി. ദൈവരാജ്യത്തിലേക്കുള്ള വിളിയ്ക്കു ലൗകികമായ ബന്ധങ്ങളിൽ കുടുങ്ങി പ്രത്യുത്തരം നല്കാതെ പോകുന്നവർക്ക് ഈ ഉപമ ഒരു മുന്നറിയിപ്പുകൂടിയാണ് (ലൂക്കാ 14:18–20; മത്താ. 22:5).

ഈ ഉപമയിലെ രണ്ടാമത്തെ ഇനം അതിഥികളോടുള്ള ആതിഥേയൻ എന്ന നിലയിലുള്ള വീട്ടുടമസ്ഥന്റെ മനോഭാവം, ദൈവരാജ്യം ദൈവത്തിന്റെ കരുണയുടെ ബഹിർസ്ഫുരണം തന്നെയാണെന്നുള്ള വസ്തുത വ്യക്തമാക്കിത്തരുന്നു. വഴിയരുകിൽനിന്നെത്തിയ അയോഗ്യർ വിരുന്നുശാലയിലേക്കു പ്രവേശിക്കപ്പെട്ടതു് ആതിഥേയന്റെ നന്മ ഒന്നുകൊണ്ടുമാത്രമാണ്. അവർ ഉന്നതകുലജാതരായിരുന്നില്ല. അവർക്കു് വ്യക്തിപരമായ നേട്ടങ്ങളും ഒന്നുംതന്നെയില്ലായിരുന്നു. എങ്കിലും അവർക്കു് ആ വിരുന്നനുഭവിക്കുവാൻ കഴിഞ്ഞു. ആതിഥേയന്റെ ഔദാര്യം ഒന്നുമാത്രമാണ് അവരുടെ സൗഭാഗ്യത്തിന്റെ നിദാനം. ദൈവത്തിന്റെ അനന്തമായ കാരുണ്യാതിരേകമാണ് ഇതു് വ്യക്തമാക്കുന്നതു്. അവിടുന്നു അയോഗ്യരായവരേയും ദൈവരാജ്യത്തിലെ വിരുന്നിനു ക്ഷണിക്കുന്നു.

## 7. ചെറിയവരുടെ നേരെയുള്ള ദൈവത്തിന്റെ കാരുണ്യം

മത്തായി 11:25–26 ൽ കാണുന്ന ഈശോയുടെ കൃതജ്ഞതാപ്രകടനം ദൈവം ശിശുക്കൾക്കു നൽകിയ വെളിപാടിന്റെ അടിസ്ഥാനത്തിലാണ്. ഫരിസേയരുടേയും മററും ഹൃദയാന്ധതയുടെ പശ്ചാത്തലത്തിൽ ശിശുക്കൾക്കു് നൽകപ്പെടുന്ന വെളിപാടിന്റെ മൂല്യം വ്യക്തമാകുന്നു. വിജ്ഞാനികളും വിവേകമതികളും നിയമം പഠിക്കുവാനും പാലിക്കുവാനും മാത്രം ശ്രദ്ധിക്കുമ്പോൾ അവർ ദൈവം വെളിപ്പെടുത്തുന്ന രഹസ്യങ്ങൾ ഗ്രഹിക്കുവാൻ അപ്രാപ്തരായിത്തീരുന്നു. ദൈവത്തിന്റെ ഈ വെളിപാടു് നിയമം നന്നാ

www.malankaralibrary.com

യി പഠിച്ചവർക്കല്ല, ശിശുക്കൾക്കാണു് ഏററവും നന്നായി മനസ്സിലാവുക. ''ശിശുക്കൾ'' എന്നതു് ഒരു ആലങ്കാരിക പ്രയോഗം മാത്രമാണു്. ശിശുക്കൾ എന്നതുകൊണ്ടു് ഇവിടെ വിവക്ഷിക്കുന്നതു് വിജ്ഞാനികളും വിവേകമതികളുമല്ലാത്തവർ എന്നാണു്. അതിനാൽ ഇളം പ്രായക്കാർ എന്ന അർത്ഥമല്ല ഇവിടെ ലഭിക്കുന്നതു്. ദൈവശാസ്ത്രപരമായ അറിവും പാണ്ഡിത്യവുമില്ലാത്ത സാധാരണ ജനങ്ങൾ എന്ന അർത്ഥമാണു് ഇവിടെ ഏററവും അനുയോജ്യമായിട്ടുള്ളതു്. ഇതു വ്യക്തമാക്കുന്നതു് ദൈവത്തിന്റെ വെളിപാടു് ഗ്രഹിക്കുവാൻ സാധിക്കുന്നതു് സ്വന്തം പ്രയത്നംകൊണ്ടോ കഴിവുകൊണ്ടോ അല്ല എന്നാണു്. അവർക്കു് ഈ പ്രത്യേകാനുകൂല്യം ലഭിക്കുന്നതു് ദൈവത്തിന്റെ കരുണാമസൃണമായ തിരുച്ചിത്തത്തിൽനിന്നുമാണു് (eudokia വാക്യം 26). ഈശോ പിതാവായ ദൈവത്തിനു കൃതജ്ഞതയർപ്പിക്കുന്നതു്, അവിടുന്നു എളിയവരും അജ്ഞരുമായ മനുഷ്യരോടു കാണിച്ച ഔദാര്യത്തേയും വാത്സല്യത്തേയും പ്രതിയാണു്. ദൈവത്തിന്റെ സംപ്രീതിക്കു് പാത്രീഭൂതരായ സാധാരണ ജനങ്ങൾക്കു് ഉന്നതനായ ദൈവം എന്നും സമീപസ്ഥനാണു്. ദൈവരാജ്യപ്രവേശനത്തിനു ശിശുക്കൾക്കുള്ള പ്രത്യേക അവകാശങ്ങളെക്കുറിച്ചു മററു പല പരാമർശങ്ങളും സുവിശേഷങ്ങളിലുണ്ടു് (മർക്കോ. 10: 14–15; 9: 36–37).

## കരുണ പ്രവർത്തിക്കുവാനുള്ള ആഹ്വാനം

സുവിശേഷങ്ങൾ കരുണ പ്രാവർത്തികമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു് നമ്മെ ഉപദേശിക്കുന്നുണ്ടു്. ഈശോ ഫരിസേയർക്കു നൽകിയ ഒരു താക്കീതിൽ കരുണ നിയമത്തിലെ സുപ്രധാന ഭാഗങ്ങളിൽ ഒന്നാണെന്നു വ്യക്തമാക്കുന്നുണ്ടു് (മത്താ. 23: 23; 9: 13; 12: 17). നിയമത്തിന്റെ പരമമായ ഒരാഹ്വാനമാണു് അയൽക്കാരോടുള്ള കടമകൾ പാലിക്കുക എന്നതു്.

''നിങ്ങളുടെ പിതാവു് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ'' എന്ന ലൂക്കായുടെ സുവിശേഷത്തിലെ വാക്യം (6: 3f) ഈശോയുടെ സമതലപ്രസംഗത്തിന്റെ കാതലായ ഒരു ഭാഗമാണു്. ശത്രുസ്നേഹത്തെപ്പററിയുള്ള ഉപദേശങ്ങളുടെ സമാപനവാക്യമാണതു് (6: 27–36). ഇവിടെ കരുണയെന്നതു് ദൈവത്തിന്റെ മാതൃകയ്ക്കൊത്തവിധം ശത്രുക്കളെപ്പോലും സ്നേഹിക്കുകയാണു്. ''അവിടുന്നു നന്ദിഹീനരോടും ദുഷ്ടരോടും കരുണയുള്ളവനാണു്'' (6: 35). 36–ാം വാക്യത്തിലെ ഉപദേശം 37–ാം വാക്യം നൽകുന്ന 'മററുള്ളവരെ വിധിക്കരുതു്'' എന്ന ഉപദേശത്തിന്റെ ഭാവാത്മകവശമാണു്. നാം

www.malankaralibrary.com

കരുണ കാണിക്കേണ്ടതു് നമ്മുടെ അയൽക്കാർക്കു്, ചിലപ്പോൾ ശത്രുക്കൾക്കുതന്നെയും, നന്മചെയ്തുകൊണ്ടും അവരെ വിധിക്കാതിരുന്നുകൊണ്ടുമാണു്.

നല്ല ശമര്യായന്റെ ഉപമ (ലൂക്ക 10: 30–36) നമ്മുടെ അയൽക്കാരോടു നാം എങ്ങനെ കരുണാപൂർവ്വം വർത്തിക്കണമെന്നു നമ്മെ പഠിപ്പിക്കുന്നു. വഴിയിൽ മുറിവേററു വീണുകിടന്നിരുന്ന മനുഷ്യനോടു് ഫലപ്രദമായ രീതിയിൽ നല്ല ശമര്യായൻ കരുണ കാണിച്ചു. മനസാക്ഷിയുടെ സ്വരം ശ്രവിച്ചു പ്രവർത്തിച്ച അയാളെ അഭിമാനത്തിന്റെയോ ജാതിയുടേയൊ ചിന്ത അശേഷം അലട്ടിയില്ല. അർദ്ധപ്രാണനായി കിടന്ന യഹൂദനോടു് തികഞ്ഞ സാഹോദര്യത്തോടുകൂടെയാണു് ശമര്യായൻ കരുണ കാണിച്ചതു്. ഉപമ അവസാനിക്കുന്നതു് ശമര്യായൻ എപ്രകാരം വർത്തിച്ചുവോ അപ്രകാരംതന്നെ നിങ്ങളും ചെയ്യുക എന്ന കല്പനയോടുകൂടിയാണു്. അതായതു് നാമും അവശത അനുഭവിക്കുന്നവരെ സഹായിക്കുവാൻ സന്നദ്ധരാകണം. ജാതിയുടേയും വർഗ്ഗത്തിന്റേയും പേരിലുള്ള വിഭാഗീയ ചിന്താഗതികൾക്കു് അവിടെ യാതൊരു സ്ഥാനവുമുണ്ടായിരിക്കരുതു്.

സമൂഹത്തിലെ സാഹോദര്യബന്ധം, എളിയ അംഗങ്ങളോടുള്ള പ്രത്യേക പരിഗണന തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ഈശോയുടെ ഉപദേശത്തിന്റെ (മത്താ. 18) അവസാനത്തിലാണു് കരുണയില്ലാത്ത ഭൃത്യൻ എന്ന ഉപമയുടെ സ്ഥാനം (മത്താ. 18: 22–35). ഉപമയിലെ രാജാവു് കടക്കാരനായ ഭൃത്യനോടു കാണിക്കുന്ന കാരുണ്യം അപാരമാണു്. ഭൃത്യൻ യാചിച്ചതു് കടംവീട്ടാനുള്ള അവധി മാത്രമാണു് (വാ. 26). രാജാവാകട്ടെ മനസ്സലിഞ്ഞു് തന്നുവീട്ടുവാനുള്ള വലിയ തുക മുഴുവനും ഇളവുചെയ്തുകൊടുത്തു (വാ. 27). കാരുണ്യത്തിന്റെ ഈ മാതൃക തന്നെയായിരുന്നു ആ ഭൃത്യൻ തന്റെ സഹഭൃത്യനോടും കാണിക്കേണ്ടിയിരുന്നതു്. ''ഞാൻ നിന്നോടു കാരുണ്യം കാണിച്ചതുപോലെ നിന്റെ സഹഭൃത്യനോടു നീയും കാരുണ്യം കാണിക്കേണ്ടതായിരുന്നില്ലേ?'' (വാ. 33). ഒരു നിസ്സാരതുക തനിക്കുതന്നു വീട്ടുവാനുണ്ടായിരുന്ന സഹഭൃത്യനോടു് ഒട്ടും കരുണയില്ലാതെ പെരുമാറിയ ആ ഭൃത്യന്റെ മനോഭാവം തികച്ചും അപലപനീയമാണു്. കാരണം ആ ഭൃത്യൻ രാജാവിന്റെ കലവറയില്ലാത്ത കാരുണ്യം അനുഭവിച്ചറിഞ്ഞതിനുശേഷമാണു് തന്റെ സഹഭൃത്യനോടു് ക്രൂരമായി പെരുമാറിയതു്. തന്റെ സഹപ്രവർത്തകനു നേരെ കാണിച്ച ഹൃദയശൂന്യത രാജാവിന്റെ മനോഭാവത്തിലും മാററങ്ങൾ വരുത്തിതീർത്തു. കരുണയും ക്ഷമയും, കടുത്ത കോപവും ശിക്ഷാവിധിയുമായി രൂപാന്തരപ്പെട്ടു (വാ. 34).

www.malankaralibrary.com

ദൈവത്തിൽനിന്നും കാരുണ്യം സ്വീകരിച്ച മനുഷ്യൻ കരുണാപൂർവ്വം മററുള്ളവരോടും വർത്തിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു (വാക്യം 33). ഇവിടെ നമുക്കു ലഭിക്കുന്ന ആശയം ഇതാണു്: ദൈവത്തിന്റെ കരുണ നമുക്കു ലഭിക്കുവാൻവേണ്ടി നാം മററുള്ളവരോടും ക്ഷമിക്കണം (വാക്യം 35). ''കരുണയുള്ളവർ ഭാഗ്യവാന്മാർ എന്തെന്നാൽ അവർക്കു കരുണ ലഭിക്കും'' (മത്താ. 5:7) എന്ന സുവിശേഷഭാഗ്യം ഇവിടെ സ്മർത്തവ്യമാണു്. കരുണ കാണിക്കുന്നവർക്കു് അന്ത്യനാളുകളിൽ ദൈവത്തിന്റെ കരുണ ലഭിക്കും എന്നു് വ്യക്തമാക്കുന്നു. കർത്തൃപ്രാർത്ഥനയിലെ അഞ്ചാമത്തെ യാചനയും (മത്താ. 6:12) ഇതുതന്നെ തെളിയിക്കുന്നു. ഈ യാചനക്കു് സുവിശേഷത്തിൽതന്നെ നല്കുന്ന വ്യാഖ്യാനം (മത്താ 6: 14–15) ഈ ആശയത്തിന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ടുള്ള ഒരു ആവർത്തനമാണു്. ഇപ്രകാരമുള്ള ഒരു പ്രയോഗം മർക്കോസ് 11: 25–ലും നമുക്കു കാണുവാൻ കഴിയും.

അതിനാൽ ദൈവത്തിന്റെ കാരുണ്യവും മനുഷ്യനിൽനിന്നു് പ്രതീക്ഷിക്കപ്പെടുന്ന കാരുണ്യവും തമ്മിലുള്ള ബന്ധം രണ്ടു രീതിയിൽ നമുക്കു മനസ്സിലാക്കുവാൻ കഴിയും. ഒന്നാമതായി, ദൈവത്തിന്റെ ദാനമായി നമുക്കു ലഭിച്ചിരിക്കുന്ന കാരുണ്യം മററുള്ളവരോടു് കാരുണ്യം കാണിക്കാൻ നമ്മെ കടപ്പെടുത്തുന്നു. രണ്ടാമതായി, അന്ത്യനാളുകളിൽ നമുക്കു ദൈവത്തിൽനിന്നു കരുണ ലഭിക്കണമെങ്കിൽ നാം ഇപ്പോഴേ കരുണ പ്രവർത്തിക്കുന്നവരായിരിക്കണം.

അന്ത്യവിധിയെക്കുറിച്ചുള്ള പ്രതീകാത്മകമായ വർണ്ണനയിൽ (മത്താ. 25: 31–46) കാരുണ്യം മുററിനില്ക്കുന്ന ആറു പ്രവൃത്തികളെക്കുറിച്ചു് പരാമർശിക്കുന്നുണ്ടു്. മനുഷ്യൻ വിധിക്കപ്പെടുന്നതും അനുഗ്രഹിക്കപ്പെടുന്നതും ശപിക്കപ്പെടുന്നതും പരലോകപ്രാപ്തിക്കു യോഗ്യരായിത്തീരുന്നതും നിത്യശിക്ഷയ്ക്കു വിധേയരായിത്തീരുന്നതുമെല്ലാം ഈ പ്രവൃത്തികളുടെ മാനദണ്ഡമനുസരിച്ചാണു്. വിശക്കുന്നവർക്കു ഭക്ഷണം നല്കിയും ദാഹിക്കുന്നവർക്കു് കുടിക്കുവാൻ നല്കിയും വസ്ത്രമില്ലാത്തവർക്കു് വസ്ത്രംനല്കിയും പരദേശികളെ സ്വീകരിച്ചും കാരാഗൃഹവാസികളെ സന്ദർശിച്ചും മററും കരുണ കാണിക്കുമ്പോഴാം മനുഷ്യപുത്രനോടു തന്നെയാണു് നാം കാരുണ്യം പ്രകടിപ്പിക്കുന്നതു്. അതുപോലെ അവരോടു് കാരുണ്യം പ്രദർശിപ്പിക്കാതെ വരുമ്പോഴാം മനുഷ്യപുത്രനോടു തന്നെയാണു് നാം കാരുണ്യം കാണിക്കാതിരിക്കുന്നതു്. മത്തായിയുടെ സുവിശേഷത്തിൽ ഈ ഭാഗത്തിനു് ഒരു പ്രത്യേക പ്രാധാന്യമുണ്ടു്. യുഗാന്ത്യപ്രസംഗത്തിന്റെ (മത്താ. 23–25) മാത്ര

www.malankaralibrary.com

മല്ല ഈശോയുടെ പരസ്യജീവിതത്തിൻെറയും, ഉപദേശങ്ങളുടെയും സമാപനഭാഗമാണിതു്. കരുണ പ്രവർത്തിക്കുവാനുള്ള ഈശോയുടെ ഈ ആഹ്വാനം അവിടുന്നു് തൻെറ ശിഷ്യസമൂഹത്തിനു നല്കിയ അന്തിമോപദേശമാണു്.

## സമാപനം

ദരിദ്രരോടും പീഡിതരോടും പാപികളോടും ദൈവത്തിനുള്ള മനോഭാവം ക്രിസ്തുവിൻെറ കരുണാർദ്രമായ പ്രവൃത്തികളിലൂടെ പ്രത്യക്ഷപ്പെട്ടു. ഈ മനോഭാവംതന്നെ നമ്മിലും രൂഢമൂലമാകണം. ദൈവം ബലിയല്ല, കരുണയാണാഗ്രഹിക്കുന്നതെന്ന വസ്തുത മനസ്സിലാക്കിക്കൊണ്ടു് ബാഹ്യമായ ആചാരാനുഷ്ഠാനങ്ങളുടെ ഭാരമേറിയ ചുമടു് മനുഷ്യരുടെ തലയിൽ കയററിവയ്ക്കരുതു്. മനുഷ്യരെ പാപികളെന്നും ദുഷ്ടരെന്നും മുദ്രകുത്തി തള്ളിക്കളയുവാൻ നമുക്കു് അവകാശമില്ല. കാരണം സ്വർഗ്ഗസ്ഥനായ പിതാവു് അവരുടെ മാനസാന്തരത്തിനുവേണ്ടി ആകാംക്ഷാപൂർവ്വം കാത്തിരിക്കുകയാണു്. നമ്മുടെ മനോഭാവങ്ങളിലും പ്രവൃത്തികളിലും ദൈവത്തിനു് അവരോടുള്ള രക്ഷാകരമായ കാരുണ്യം പ്രകടമാകണം. പിമ്പന്മാരും നിസ്സാരന്മാരുമാണു് ദൈവരാജ്യത്തിൻെറ അനുഗൃഹീതരായ അവകാശികളെന്ന വസ്തുത നാം ഒരിക്കലും വിസ്മരിക്കരുതു്.

താഴ്ന്ന ജാതിക്കാരും സമൂഹത്തിലെ അവഗണിക്കപ്പെട്ടവരുമാണു് പലപ്പോഴും ദൈവത്തിനു് ഏററവും പ്രിയപ്പെട്ടവർ. ദൈവത്തിൻെറ മുമ്പിൽ ഒരു ബ്രാഹ്മണനു് ഒരു ജാതിഭ്രഷ്ടനേക്കാൾ പ്രാമുഖ്യമൊന്നുമുണ്ടാവുകയില്ല, അവരുടെ വ്യക്തിമഹാത്മ്യം അംഗീകരിക്കുന്ന ഒരു നീതിസാമ്രാജ്യത്തിനു വേണ്ടിയാണു് നാം പരിശ്രമിക്കേണ്ടതും നിലകൊള്ളേണ്ടതും. ക്രിസ്ത്യാനികളുടെ ഇടയിൽ വർഗ്ഗീയ ചിന്താഗതിക്കു് യാതൊരു വിധത്തിലും പ്രോത്സാഹനം നല്കരുതു്. തങ്ങളുടെ പൂർവ്വികന്മാർ വിശ്വാസം പത്തൊൻപതു നൂററാണ്ടുകൾക്കു മുമ്പു സ്വീകരിച്ചെന്നതോ, ഈ നൂററാണ്ടിൽ സ്വീകരിച്ചെന്നതോ ഒരു വിഭാഗീയതയ്ക്കു കാരണമായി നിന്നുകൂടാ. കാരണം ഒരു മനുഷ്യനും ദൈവത്തിൻെറ മുമ്പിൽ അഭിമാനിക്കുവാനോ അഹങ്കരിക്കുവാനോ തക്ക യാതൊരു മേന്മയുമില്ല.

നല്ല ശമ്രായനെപ്പോലെ നാമോരോരുത്തരും വ്യക്തിപരമായി മററുള്ളവരെ ആശ്വസിപ്പിക്കുവാൻ എല്ലാവിധ പ്രതിബന്ധങ്ങളേയും നേരിട്ടുകൊണ്ടു് മുന്നോട്ടു വരണം. നമ്മളം അദ്ധ്വാനിക്കേണ്ടതു് നീതിയിൽ മാത്രമധിഷ്ഠിതമായ ഒരു വ്യവസ്ഥി

www.malankaralibrary.com

തിരിക്കുവേണ്ടിയാകരുതു്; അവിടെ എന്നും കരുണയാണു് മുന്നിട്ടു നിൽക്കേണ്ടതു്. കാരണം "നീതിയുടെ മുമ്പിൽ ആക്കും രക്ഷപ്രാപിക്കുക സാദ്ധ്യമല്ല" (ഷേക്സ്പീയർ) "എന്റെ പിതാവിനാൽ അനുഗ്രഹീതരേ വരുവിൻ, ലോകാരംഭം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ" എന്നു് അന്ത്യനാളുകളിൽ മനുഷ്യപുത്രൻ പ്രഖ്യാപിക്കുന്നതു് കരുണ പ്രവത്തിക്കുന്നവരോടാണു്.

വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമുക്കു് ചിന്തോദ്ദീപകമായിത്തീരണം: "ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരും പരിശുദ്ധരും സ്നേഹഭാജനങ്ങളുമെന്ന നിലയിൽ കാരുണ്യം, ദയ, വിനയം, സൗമ്യത. ക്ഷമ എന്നിവ ധരിക്കുവിൻ. ഒരാൾക്കു മറ്റൊരാളിനെതിരായി ആവലാതിയുണ്ടെങ്കിൽ പരസ്പരം ക്ഷമിക്കുകയും സഹിഷ്ണുത പുലത്തുകയും ചെയ്യുവിൻ. കത്താവു നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും ക്ഷമിക്കണം. സവ്വോപരി എല്ലാററിനേയും ഒന്നിപ്പിച്ചു് പൂണ്ണതയിലേക്കു നയിക്കുന്ന സ്നേഹം അഭ്യസിക്കുവിൻ" (കൊളോ. 3: 12_14).

വിവ: ജോസ് പൂവന്നിക്കുന്നേൽ

www.malankaralibrary.com

# ബൈബിൾ പ്രശ്നങ്ങൾ

## I

"ഇതാ നീ സൗഖ്യം പ്രാപിച്ചിരിക്കുന്നു; കൂടുതൽ മോശമായതു് എന്തെങ്കിലും സംഭവിക്കാതിരിക്കാൻ ഇനിമേൽ പാപം ചെയ്യരുതു്" (യോഹന്നാൻ 5:14).

മുപ്പത്തെട്ടു സംവത്സരം തളർവാതരോഗം പിടിപ്പെട്ടു കഴിഞ്ഞിരുന്ന ഒരു മനുഷ്യനെ 'ബേഥെസ്ദാ' (ഈ എബ്രായ പദത്തിന്റെ പാഠാന്തരമാണു് ബെഥ്സയ്ദാ) കുളക്കരയിൽ വച്ചു ഈശോ സുഖപ്പെടുത്തി. അതിനുശേഷം അയാളെ ജെറുസലേം ദേവാലയത്തിൽവച്ചു കണ്ടുമുട്ടിയപ്പോൾ ഈശോ അരുളിച്ചെയ്തതാണു് മേലുദ്ധരിച്ചവാക്യം.

ഇനിമേൽ പാപം ചെയ്താൽ മോശമായതു് എന്തെങ്കിലും സംഭവിക്കുമെന്നു് ക്രിസ്തു എടുത്തുപറയുന്നു. ഈ മോശമായതു് എന്തായിരിക്കും? ഇതാണു് ഇവിടത്തെ പ്രശ്നം. പ്രത്യക്ഷത്തിൽ നമുക്കു തോന്നാം, വീണ്ടും അയാൾ പാപം ചെയ്യുകയാണെങ്കിൽ തളർവാതരോഗത്തേക്കാൾ മാരകമായ ഏതെങ്കിലും രോഗത്തിനു് അധീനനാകുമെന്നാണു് ഈശോ പറഞ്ഞതെന്നു്. എന്നാൽ ഈശോ അതല്ല അർത്ഥമാക്കുന്നതു്.

യഹൂദന്മാർ ഇതു് അക്ഷരാർത്ഥത്തിൽ തന്നെയാണു് സ്വീകരിക്കുക. കാരണം, അവരെ സംബന്ധിച്ചിടത്തോളം പാപവും രോഗവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. പാപത്തിന്റെ ശിക്ഷയായി രോഗത്തെ അവർ കണക്കാക്കി. പാപത്തിന്റെ വലിപ്പച്ചെറുപ്പമനുസരിച്ചു് രോഗത്തിന്റെ കാഠിന്യം കൂടിയും കുറഞ്ഞുമിരിക്കും. മാത്രമല്ല, പാപമോചനം വഴി രോഗശമനം നൽകാൻ ദൈവത്തിനു മാത്രമേ സാധിക്കൂ എന്നവർക്കറിയാമായിരുന്നു. ഇതെല്ലാം മനസ്സിലാക്കിയാണു് ഈശോ ഈ വാക്യം ഉപയോഗിച്ചതു്. എങ്കിലും അവിടുന്നു് അവരുടെ വികലമായ വിശ്വാസത്തെ അംഗീകരിക്കുന്നില്ല. പ്രത്യുത അത്തരം വിശ്വാസത്തെ മറികടക്കുകയാണു് ചെയ്യുന്നതു്. അതിനുള്ള വ്യക്തമായ സൂചനകൾ യോഹന്നാന്റെ സുവിശേഷത്തിൽതന്നെ നമുക്കു കാണാവുന്നതാണു്.

യോഹ. 9-ാം അധ്യായം 1 മുതൽ 3 വരെയുള്ള വാക്യങ്ങളിൽ ഇങ്ങനെ വിവരിക്കുന്നു. "ഈശോ കടന്നു പോകുമ്പോൾ

www.malankaralibrary.com

ജന്മനാ അന്ധനായ ഒരു മനുഷ്യനെ കണ്ടു. അവിടുത്തെ ശിഷ്യന്മാർ അവിടുത്തോടു ചോദിച്ചു, "റബ്ബീ, ഇയാൾ അന്ധനായി ജനിച്ചതു് ആരു പാപംചെയ്തതുകൊണ്ടാണു്? ഇയാളോ ഇയാളുടെ മാതാപിതാക്കളോ?" ഈശോ മറുപടിപറഞ്ഞു: ഇയാളോ ഇയാളുടെ മാതാപിതാക്കളോ പാപം ചെയ്തതു കൊണ്ടല്ല; പ്രത്യുത ദൈവത്തിന്റെ പ്രവൃത്തികൾ ഇയാളിൽ വെളിപ്പെടുവാൻ വേണ്ടിയാണു്." ഇതിൽനിന്നും യേശു യഹൂദരുടെ വിശ്വാസത്തെ അംഗീകരിക്കുന്നില്ലെന്നു മാത്രമല്ല, രോഗകാരണത്തെ ഒററവാക്കിൽ സുവ്യക്തമാക്കുകയുമാണു് ചെയ്യുന്നതു്.

പാപവുമായി ക്രിസ്തു തന്റെ അത്ഭുതത്തെ ബന്ധിപ്പിക്കുന്നുണ്ടു്. "ഇതാ നീ സൗഖ്യം പ്രാപിച്ചിരിക്കുന്നു..., ഇനിമേൽ പാപം ചെയ്യരുതു്." യോഹന്നാന്റെ സുവിശേഷത്തിൽ ക്രിസ്തുവിന്റെ അത്ഭുതങ്ങൾക്കെല്ലാം പ്രതീകങ്ങളുടെ മൂല്യം (symbolic value) കൽപിച്ചിട്ടുണ്ടു്. തളർവാതരോഗം ഭേദമാക്കുന്നതിലും ഇതു് വ്യക്തമാണു്. യഹൂദരുടെ പാരമ്പര്യമനുസരിച്ചു് തളർവാതരോഗം പാപത്തിന്റെ പ്രതീകമാണു്. അങ്ങനെയെങ്കിൽ അതിൽനിന്നുള്ള മോചനം പാപത്തിൽനിന്നുള്ള വിമോചനമാണു്. അതുകൊണ്ടു്, ഈ അത്ഭുതം ഈശോയുടെ രക്ഷാകരപ്രവർത്തനത്തെ സൂചിപ്പിക്കുന്ന ഒരടയാളമാണെന്നു പറയാം.

സൗഖ്യം പ്രാപിച്ച ഒരുവ്യക്തിയോടു് ഇനിയും പാപം ചെയ്താൽ വലിയ വിപത്തു സംഭവിക്കുമെന്നു് ഈശോ പ്രവചിച്ചതിന്റെ പൊരുൾ എന്താണു്? പാപം ചെയ്യുക എന്നതു് ശാരീരികമായ രോഗത്തേക്കാൾ മോശമാണു്. ആത്മാവിനെ, നിത്യജീവനെ ബാധിക്കുന്ന രോഗമാണു് പാപം. അതുകൊണ്ടാണു് കൂടുതൽ മോശമായതെന്നു് പാപത്തെ വിശേഷിപ്പിക്കുന്നതു്. രോഗം താൽക്കാലിക ജീവനെ ബാധിക്കുന്നു; എന്നാൽ പാപമാകട്ടെ നിത്യജീവനെ ബാധിക്കുന്നു. ഈ അർത്ഥത്തിൽ ക്രിസ്തുവിന്റെ വാക്കുകളെ നാം മനസ്സിലാക്കണം.

നിത്യജീവനെ നശിപ്പിക്കുന്ന രോഗമാകുന്ന പാപത്തിൽനിന്നും മനുഷ്യനെ രക്ഷിക്കുവാൻ, സൗഖ്യം നൽകുവാൻ വന്നവനാണു് ക്രിസ്തു എന്നതിനെ സൂചിപ്പിക്കുന്നതിനുള്ള അടയാളമാണു് ഈ അത്ഭുതം എന്നു വ്യക്തമാക്കാനാണു് രോഗശാന്തി പാപവുമായിട്ടു ബന്ധിപ്പിക്കുന്നതു്.

ലോകത്തിന്റെ സമഗ്രമായ രക്ഷയ്ക്കുവേണ്ടി ഭൂജാതനായ ക്രിസ്തു ആത്മീയവും ശാരീരികവുമായ അനവധി അത്ഭുതങ്ങൾ ചെയ്തു. ഇതെല്ലാം പിതാവിന്റെ തിരുചിത്തത്തിനു വിധേയനായി മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടിയായിരുന്നുവെന്നു്

www.malankaralibrary.com

യോഹന്നാൻെറ സുവിശേഷം വ്യക്തമാക്കുന്നുണ്ട്. അഞ്ചാം അദ്ധ്യായം പത്തൊമ്പതാം വാക്യത്തിൽ പറയുന്നു, ''പിതാവു ചെയ്യുന്ന പ്രവൃത്തി പുത്രനും ചെയ്യുന്നു.'' ആ പ്രവൃത്തി ജീവൻ കൊടുക്കുക എന്നതിൽ അടങ്ങിയിരിക്കുന്നു. യോഹ. 5:21-ാം വാക്യത്തിൽ പറയുന്നു, ''മരിച്ചവരെ എഴുന്നേൽപിച്ച് പിതാവ് അവർക്ക് ജീവൻ കൊടുക്കുന്നതുപോലെ പുത്രനും താൻ ആഗ്രഹിക്കുന്നവർക്കു ജീവൻ കൊടുക്കുന്നു.'' യോഹന്നാൻെറ സുവിശേഷമനുസരിച്ച്, ശാരീരിക സൗഖ്യം ആത്മീയ സൗഖ്യത്തെ അടയാളപ്പെടുത്തുന്നു. പാപം മരണമാണ്; ജീവൻ രക്ഷയാണ്. ആത്മാവിനെ ഹനിക്കുന്ന രോഗമാണ് പാപം. പാപം ചെയ്താൽ നിത്യജീവൻ നഷ്ടമാകും. അതിനാൽ ഇനിമേലൊരു പാപവും ചെയ്യരുതെന്നാണ് ഈശോ അയാളോടാവശ്യപ്പെട്ടത്.

## II

''.... ആത്മാവാണ് ജീവൻ നൽകുന്നത്. ജഡം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ നിങ്ങളോടു പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാകുന്നു'' (യോഹന്നാൻ 6: 63).

വി. യോഹന്നാൻെറ സുവിശേഷത്തിലെ പ്രശ്നം സൃഷ്ടിച്ചേക്കുമെന്നു പ്രഥമദൃഷ്ട്യാ തോന്നിയേക്കാവുന്ന ഒരു വാക്യമാണിത്. എന്താണ് ഈ വാക്യത്തിലൂടെ ക്രിസ്തുനാഥൻ വ്യക്തമാക്കുന്നത് എന്നതിനെക്കുറിച്ച് നമുക്കല്പം ചിന്തിക്കാം.

വി. കുർബാനയിലെ ക്രിസ്തുവിൻെറ യാഥാർത്ഥ സാന്നിദ്ധ്യത്തെ നിഷേധിക്കുന്നതിനുള്ള ഒരു തെളിവായിട്ടാണ് ചില പ്രോട്ടസ്റ്റൻറുകാരും മററു അകത്തോലിക്കാ സഭാവിഭാഗങ്ങളും ഈ വാക്യത്തെ എടുത്തു കാണിക്കുന്നത്.

ഈ വാക്യം സുവ്യക്തമാകണമെങ്കിൽ ക്രിസ്തുനാഥൻ ഇപ്രകാരം പ്രസ്താവിക്കാനുണ്ടായ സാഹചര്യം എന്താണെന്നു ആദ്യമേ പരിശോധിക്കേണ്ടിയിരിക്കുന്നു. യോഹന്നാൻെറ സുവിശേത്തിൽ 6-ാം അദ്ധ്യായം 51 മുതൽ 59 വരെയുള്ള വാക്യങ്ങളിൽ ഈശോ വി. കുർബാനയിലുള്ള തൻെറ യഥാർത്ഥസാന്നിദ്ധ്യത്തെ അസന്ദിഗ്ധമായി പ്രഖ്യാപിക്കുകയാണ്. എന്നാൽ വെറും മാനുഷികമായ പരിധികൾവെച്ചുകൊണ്ടാണ് ശിഷ്യന്മാരും മററു ശ്രോതാക്കളും അവ ശ്രവിച്ചത്. അതുകൊണ്ട് അവർ പരസ്പരം പറഞ്ഞു തുടങ്ങി, ''ഈ വചനം കഠിനമാണ്: ഇതു കേൾക്കാൻ ആർക്കുകഴിയും?'' അവരുടെ ബലഹീനത ശരിക്കു മനസ്സിലാക്കിയ ക്രിസ്തുനാഥൻ തുടർന്നരുൾചെയ്തു, ''ആത്മാവാണ് ജീവൻ നൽകുന്നത്. ജഡം ഒന്നിനും ഉപകരിക്കുന്നില്ല, ഞാൻ നിങ്ങളോടു പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാകുന്നു'' (യോഹ. 6: 63).

www.malankaralibrary.com

ഈ വാക്യത്തെ എപ്രകാരമാണ് മനസ്സിലാക്കേണ്ടതു് എന്നു നോക്കാം. ആത്മാവു് ജീവൻ നൽകുന്നു. അപ്പോൾ ശരീരം സജീവമാകുന്നു. ആത്മാവും ജഡവും (ശരീരം) തമ്മിൽ അല്ലെങ്കിൽ അരൂപിയും മാംസവും തമ്മിലുള്ള അന്തരം ഇവിടെ സുവിദിതമാണു്. ഇവിടെ കർത്താവു് 'എന്റെ ശരീരം' എന്നു പറയുന്നില്ല. വെറും ജഡം എന്നുമാത്രം ഉപയോഗിച്ചിരിക്കുന്നു. എന്നാൽ 51 മുതൽ 59_വരെയുള്ള വാക്യങ്ങളിൽ പരിശുദ്ധ കുർബാനയെപ്പററി പ്രസ്താവിക്കുമ്പോൾ 'എന്റെ രക്തവും' എന്നു പ്രത്യേകം പറയുന്നുണ്ടു്. എന്നാൽ 63_ാം വാക്യത്തിൽ ജഡം (ശരീരം) എന്നുമാത്രം പ്രയോഗിച്ചിരിക്കുന്നു. ഇവിടെ മനുഷ്യപ്രകൃതിയാകുന്ന മാംസത്തെയാണു് സൂചിപ്പിക്കുന്നതു്. ''വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു'' (യോഹ. 1:14).

വീണ്ടും, വി. യോഹന്നാന്റെ സുവിശേഷത്തിൽ 3_ാം അദ്ധ്യായം 6_ാം വാക്യത്തിൽ അരൂപിയോടു താരതമ്യപ്പെടുത്തിക്കൊണ്ടു് മാംസം ഉപയോഗിച്ചിരിക്കുന്നു. ''ജഡത്തിൽ നിന്നു ജനിച്ചതു ജഡമാകുന്നു; ആത്മാവിൽനിന്നു ജനിച്ചതു് ആത്മാവും'' (യോഹ 3:6 മനുഷ്യപ്രകൃതിയാകുന്ന മാംസവും ദൈവത്തെ പ്രതിനിധാനം ചെയ്യുന്ന അരൂപിയും തമ്മിൽ താരതമ്യം ചെയ്തിരിക്കുന്നു. യോഹന്നാൻ 4_ാം അധ്യായം 24_ാം വാക്യത്തിൽ 'ദൈവം അരൂപിയാണു്' എന്നു പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ടു്.

വെറും മാനുഷികമായ ഒരു സമീപനം ക്രിസ്തുനാഥന്റെ വചനത്തോടും സ്വീകരിച്ചതുകൊണ്ടാണു് ശ്രോതാക്കൾക്കു് കഠിനമായി അനുഭവപ്പെട്ടതു്. എന്നാൽ അരൂപിയാൽ നയിക്കപ്പെട്ട വിശ്വാസത്തിന്റെ സമീപനമായിരുന്നു സ്വീകരിച്ചിരുന്നതെങ്കിൽ അവർക്കതു് എളുപ്പം ഗ്രാഹ്യമാകുമായിരുന്നു. വിശ്വാസികൾ അരൂപിയിൽ ജനിക്കുന്നവരാണു്. അരൂപിക്കടുത്ത ജീവിതം നയിക്കുന്നവർക്കു് മാത്രമേ വി. കുർബാനയെക്കുറിച്ചു ക്രിസ്തു പറഞ്ഞ വാക്കുകൾ മനസ്സിലാക്കുവാനും സ്വീകരിക്കുവാനും കഴിയൂ. മാത്രമല്ല, 'വിശ്വസിക്കാത്തവർ നിങ്ങളുടെ ഇടയിൽ ഉണ്ടു്' എന്നു ക്രിസ്തു പ്രത്യേകം പറയുന്നുമുണ്ടു് (യോഹ. 6:64). അതുകൊണ്ടു് അരൂപിയാൽ പ്രചോദിതമായ വിശ്വാസത്തിന്റെ സമീപനമാണു് ക്രിസ്തു സൂക്തങ്ങൾ യഥോചിതം സ്വാംശീകരിക്കുവാൻ ആവശ്യം. ആകയാൽ മേലുദ്ധരിച്ചവാക്യം പരിശുദ്ധ കുർബാനയുടെ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള നിഷേധമല്ല എന്നു വ്യക്തമാണു്.

(5)

www.malankaralibrary.com

# ബൈബിൾ ആരാധനക്രമത്തിൽ

## പ്രലോഭനങ്ങളെ ജയിക്കുക

ഏപ്രിൽ 5: നോയമ്പുകാലം 6-ാം ഞായർ യാക്കോ. 1:12-18

നോമ്പുകാലത്തിലെ ആറാം ഞായർ ഈശോയുടെ പീഡാനുഭവത്തെ കുറിച്ചുള്ള രണ്ടാമത്തെ പ്രവചനം നടന്ന ദിവസമായി കണക്കാക്കപ്പെടുന്നു.

നിഷ്കളങ്കരെ വഴിതെറ്റിക്കുന്നതു് വലിയ പാപമാണെന്നു് ഇതോടനുബന്ധിച്ചു് ഈശോ പഠിപ്പിക്കുന്നു (മർക്കോ. 9:42). അതേസ്ഥാനത്തു് പ്രലോഭനങ്ങളെ ചെറുത്തു് ജയിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി വി. യാക്കോബ്ശ്ലീഹായും ഉദ്ബോധിപ്പിക്കുന്നു.

"ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതെ" എന്നു പല പ്രാവശ്യം നാം കർത്തൃപ്രാർത്ഥനയിൽ ആവർത്തിക്കാറുണ്ടു്. ദൈവം നമ്മെ പ്രലോഭനത്തിൽ ഉൾപ്പെടുത്തുന്നു എന്നു പറഞ്ഞാൽ അതു് ഒരുതരം ദൈവദൂഷണമായിരിക്കും. പ്രലോഭനത്തിന്റെ കാരണം ദൈവമല്ല നമ്മിലുള്ള ദുരാശകൾ തന്നെയാണെന്നു് ശ്ലീഹാ ലേഖനത്തിൽ വ്യക്തമായി പറയുന്നു (വാക്യം 15).

പ്രലോഭനങ്ങളെ ഇല്ലാതാക്കണമെന്നു നാം പ്രാർത്ഥിച്ചുകൂടാ. അതു് അസാദ്ധ്യമാണു്. ഈ പ്രപഞ്ചത്തെ ഇല്ലാതാക്കണം എന്നു പറയുന്നതിനു തുല്യമാണതു്. സ്വാർത്ഥത കൈവെടിഞ്ഞു്, അവയെ ദൈവത്തിലേക്കു അടുപ്പിക്കുന്ന ഉപാധികളാക്കി ഉപയോഗിക്കുകയാണു് നമ്മുടെ കർത്തവ്യം. പ്രലോഭനത്തിൽ ഉളവാകുന്ന ആന്തരിക സംഘട്ടനത്തെപ്പറ്റി വി. പൗലോസ്ശ്ലീഹായും വിവരിക്കുന്നുണ്ടു് (റോമ 7:24-25).

പ്രലോഭനങ്ങളെ ജയിക്കുവാൻ എളിമയും ദൈവവിശ്വാസവും അത്യാവശ്യമാണു്. നമ്മുടെ അഹങ്കാരം നമ്മെ കുഴിയിൽ വീഴ്ത്തും; എളിമ നമ്മെ സംരക്ഷിക്കും. "സ്വയം ഉയർത്തുന്നവൻ താഴ്ത്തപ്പെടും, താഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യും" (മത്താ. 23:12).

പ്രലോഭനങ്ങൾക്കു വിധേയരാകുവാൻ ദൈവം നമ്മെ അനുവദിക്കുന്നെങ്കിൽ, അതു നമ്മുടെ പ്രയോജനത്തെ മുൻനിറുത്തി ആയിരിക്കും.

1. ദൈവകൃപയാൽ നമ്മുടെ ശത്രുക്കളെ ജയിക്കുവാനും വിജയത്തിന്റെ ബഹുമതി നമുക്കു നല്കുവാനും.

2. ദൈവത്തോടുള്ള നമ്മുടെ വിശ്വാസത്തിന്റെ മാററു് ഉരച്ചു് വെളിപ്പെടുത്തുവാൻ.

3. സുകൃതങ്ങൾ അഭ്യസിക്കുവാൻ അവസരം നല്കുവാനും അങ്ങനെ പടിപടിയായി സുകൃതമാർഗ്ഗത്തിൽ മുന്നേറുവാനും.

4 എല്ലാററിന്റേയും ഫലമായി പരിപൂർണ്ണവിജയം നേടുവാനും അങ്ങനെ നിത്യസൗഭാഗ്യത്തിനു് അർഹരാകുവാനും.

www.malankaralibrary.com

തോബിയാസിനോട് റപ്പായേൽ മുഖ്യദൂതൻ ഇങ്ങനെ പറഞ്ഞു: "നീ ദൈവത്തിനു സംപ്രീതനാകയാൽ പ്രലോഭനങ്ങൾമൂലം നിന്നെ സ്ഥിരീകരിക്കുന്നത് ആവശ്യമാകുന്നു (തോബി. 12:13).

നിത്യജാഗ്രതയാണ് പ്രലോഭനത്തെ ജയിക്കുവാനുള്ള മറെറാരു മാർഗ്ഗം (1 പത്രോ. 5:8-9).

പ്രലോഭനങ്ങളെ ജയിക്കുവാൻ വിശുദ്ധരുടെ മാതൃക നമുക്കു മാർഗ്ഗദീപങ്ങളായിരിക്കണം.

ദൈവത്തിന്റെ മാർഗ്ഗത്തിൽ, പ്രയാസങ്ങളും, സഹനങ്ങളും, സംഘട്ടനങ്ങളും, ചിലപ്പോൾ പരാജയങ്ങളും ഇണക്കിയിരിക്കുന്നു. പരിപൂർണ്ണതയിലേക്കുള്ള ചവിട്ടുപടികളായിട്ടാണ് ദൈവം അവയെ സജ്ജമാക്കിയിരിക്കുന്നത്. ആത്മാവിന്റെ വീര്യവും, ശക്തിയും പ്രകാശവും വദ്ധമാനമാകുന്നതും, വെളിപ്പെടുന്നതും ഇത്തരം സന്ദർഭങ്ങളിലാണ്.

ദിവ്യനാഥന്റെ സ്നേഹവചസ്സുകൾ എപ്പോഴും ഓർമ്മയിൽ ഉണ്ടായിരിക്കുക (യോഹ. 16:33, മത്താ. 28:20). സർവ്വോപരി പ്രാർത്ഥിക്കുക. ദിവ്യനാഥന്റെ അസന്നിദ്ധമായ ഉപദേശമാണിതു് (മത്താ. 24:41). യാതൊരു പ്രലോഭനത്തിലും ഉൾപ്പെടാതെ വിജയിച്ച പരി. കന്യകാമാതാവിന്റെ മദ്ധ്യസ്ഥം മഹത്തരമായ ഉപാധിയാണെന്നതിൽ യാതൊരു സംശയവും വേണ്ട.

## വിശ്വാസത്തിനുവേണ്ടി പോരാടുക

### ഓശാനഞായർ

### ഏപ്രിൽ 12: നോമ്പുകാലം 7-ാം ഞായർ 1 തിമോ. 6: 11-16

വിശുദ്ധ വാരത്തിന്റെ പ്രാരംഭംകുറിക്കുന്ന ഓശാന ഞായർ, സഖറിയാസ്പ്രവാചകന്റെ ദീർഘദർശനം (9:9) പൂർത്തിയായ ദിവസമാണ്. ഇന്നത്തെ സുവിശേഷത്തിൽ ദിവ്യനാഥന്റെ ഓർശ്ലേം പ്രവേശനത്തെപ്പററി വി. യോഹന്നാൻ വിവരിക്കുമ്പോൾ, ദിവ്യനാഥനിലുള്ള വിശ്വാസം സ്ഥിരീകരിക്കുവാനും വിശ്വാസത്തിനുവേണ്ടി പോരാടുവാനും വി. പൗലോസ് ശ്ലീഹാ ശക്തിയുക്തം ഉദ്ബോധിപ്പിക്കുന്നു. തിമോത്തിയ്ക്കെഴുതിയ ലേഖനം നന്നായി ഗ്രഹിക്കുവാൻ തിമോത്തി ആരായിരുന്നുവെന്ന് അറിയുന്നതു് പ്രയോജനപ്രദമാണ്.

ഏഷ്യാമൈനറിലെ ലിസ്ട്രാപട്ടണത്തിൽ, ജനിച്ചവളുന്ന തിമോത്തി, വിജാതീയനായ പിതാവിൻേറയും യഹൂദകുലജാതയായ മാതാവിൻേറയും മകനായിരുന്നു. ചെറുപ്പത്തിലേ ക്രിസ്തീയ വിശ്വാസം സ്വീകരിക്കുവാൻ സംഗതിയായി. വി. പൗലോസ്, ലിസ്ട്രാപട്ടണം സന്ദർശിച്ചപ്പോൾ തിമോത്തി അവിടുത്തെ ക്രിസ്ത്യാനികളുടെ കണ്ണിലുണ്ണിയായിരുന്നു. ആ യുവാവിന്റെ വിശ്വാസവും തീക്ഷ്ണതയുംകണ്ടു സംപ്രീതനായ പൗലോസ് തിമോത്തിയെ സഹപ്രവർത്തകനായും സഹയാത്രികനായും സ്വീകരിച്ചു. പിന്നീട് എഫേസൂസിലെ സഭയുടെ അദ്ധ്യക്ഷനായി കൈവയ്പു വഴി വാഴിച്ചു 40 സംവത്സരക്കാലം വിശ്വാസികളെ നയിക്കുകയും വിശ്വാസത്തിനുവേണ്ടി പോരാടുകയും ചെയ്തശേഷം എ. ഡി. 97-ൽ വേദസാക്ഷിയായി മരിച്ചു.

www.malankaralibrary.com

വിശ്വാസം, ശരണം, ഉപവി, എന്നീ ദൈവികപുണ്യങ്ങൾ നമ്മെ ദൈവത്തിലേക്കടുപ്പിക്കുകയും യോജിപ്പിക്കുകയും ചെയ്യുന്നു. സ്വയം വെളിപ്പെടുത്തിയ ദൈവത്തെ നാം അറിയുന്നതും സ്നേഹിക്കുന്നതും സേവിക്കുന്നതും വിശ്വാസം വഴിയാകുന്നു. ''സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: എന്നിൽ വിശ്വസിക്കുന്നവനു് നിത്യമായ ജീവനുണ്ടു്'' (യോഹ. 6:47). ''എല്ലാ നീതീകരണത്തിന്റേയും ആരംഭവും അടിസ്ഥാനവും നാരായവേരും വിശ്വാസമാണെന്നു്'' ത്രെന്തോസ് സൂനഹദോസ് പ്രഖ്യാപിക്കുന്നു. ആദ്ധ്യാത്മികജീവനു് വളർച്ചയും പുഷ്ടിയും കൈവരുന്നതു് വിശ്വാസത്തിൽ നിന്നാണു്. പ്രകൃത്യതീതമായ വിശ്വാസവെളിച്ചം വിശുദ്ധാത്മാക്കൾക്കു് മാർഗ്ഗദീപമായിരുന്നു.

ജീവിതത്തിലെ പ്രയാസങ്ങളും എതിർപ്പുകളും വിശ്വാസത്തെ തളർത്തുകയല്ല, വളർത്തുകയാണു് ചെയ്യുന്നതെന്നു് വി. പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു (എബ്രാ. 11:17-35; 12:1-2).

വിശ്വാസത്തിന്റെ ചൈതന്യത്തിൽ ജീവിക്കുക; എല്ലാം ആ മഹത്തരമായ വെളിച്ചത്തിൽ ദർശിക്കുക. ആദ്യമായി ദൈവികകാര്യങ്ങളിലും, പിന്നീടു്, നമ്മുടെ ആത്മാവിന്റെ കാര്യങ്ങളിലും, അതിനുശേഷം അയൽക്കാരുടെ കാര്യങ്ങളിലും ശ്രദ്ധാലുവായിരിക്കുക. ''നീതിമാൻ വിശ്വാസം കൊണ്ടു ജീവിക്കുന്നു'' (റോമ. 1:17).

എന്നാൽ ചിലർ വിശ്വാസം അവഗണിച്ചു് മാനുഷികയുക്തിയും സ്വാഭാവികബുദ്ധിയും മാത്രം ആലംബമാക്കി ജീവിക്കുന്നു. വിശ്വാസവെളിച്ചത്തിന്റെ വലയത്തിനു വെളിയിൽ അന്ധകാരത്തിൽ അവർ തപ്പിത്തടഞ്ഞുകഴിയുന്നു.

വിശ്വാസം നാം ജീവിതത്തിൽ പ്രതിഫലിപ്പിക്കുവാൻ കടപ്പെട്ടവരാകുന്നു. പ്രവൃത്തി കൂടാതെയുള്ള വിശ്വാസം ചത്തതാകുന്നു. അബ്രാഹവും രക്തസാക്ഷികളും അതു വ്യക്തമായി ജീവിതത്തിൽ പ്രകടിപ്പിച്ചു.

നാം ജീവിക്കുന്ന കാലഘട്ടം കൂടുതൽ വിശ്വാസം ആവശ്യപ്പെടുന്നു. ഭൗതികവാദം ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും പ്രാബല്യം പ്രാപിച്ചുവരുന്നു.

വിശ്വാസത്തിനു് അനുയോജ്യമായ ജീവിതവിശുദ്ധിയാണു് പ്രതിയോഗികളെ ആകർഷിക്കുന്നതു്. അവർ പ്രതീക്ഷിക്കുന്നതും മറ്റൊന്നല്ല: ''അന്ധകാരത്തിലും മരണത്തിന്റെ നിഴലിലും കഴിയുന്നവർക്കു് പ്രകാശം നല്കുവാനും, നമ്മുടെ പാദങ്ങളെ ശാന്തിയുടെ പാതയിലേക്കു നയിക്കുവാനും വേണ്ടിയാകുന്നു'' (ലൂക്കാ 1: 79). ലോകത്തെ ആകർഷിച്ചു് അധീനമാക്കുന്ന ശക്തിയായിരിക്കണം നമ്മുടെ വിശ്വാസമെന്നു് വി. യോഹന്നാൻ ഉറപ്പിച്ചുപറയുന്നു ''ലോകത്തിന്റെ മേൽ നമുക്കുള്ള വിജയം നമ്മുടെ വിശ്വാസമാകുന്നു'' (1 യോഹ. 5: 4).

## മരണത്തിൽനിന്നുള്ള വിമോചനം ഉയിർപ്പുതിരുനാൾ

### ഏപ്രിൽ 19: നടപടി 2: 22-28.

ഈ ഉയിർപ്പുതിരുനാളിന്റെ കുർബ്ബാനയിൽ വായിക്കുന്ന സുവിശേഷഭാഗവും ലേഖനഭാഗവും കർത്താവിന്റെ ഉത്ഥാനം അനിഷേധ്യമായ സത്യമാണെന്നു സമർത്ഥിക്കുന്നു.

www.malankaralibrary.com

ഉയിപ്പിന്റെ ആനന്ദവും പ്രതീക്ഷയും നമുക്കു കൂടുതൽ അനുഭവവേദ്യമാകുവാൻ കഴിഞ്ഞ ദിവസങ്ങളിൽ നാമനുസ്മരിച്ച പീഡാനുഭവരംഗങ്ങൾ മനസ്സിൽ ആവർത്തിച്ചു കാണുന്നതു് പ്രയോജനപ്രദമാണു്.

അവിടുത്തെ ശിഷ്യഗണത്തിന്റെയും അവിടുത്തോടു ബന്ധപ്പെട്ടവരുടേയും വികാരവിചാരങ്ങൾ പരിശോധിക്കുക. കർത്താവിനെ പിടിച്ചുകൊണ്ടുപോയപ്പോൾ തന്നെ അവർ ആകെ ഭയചകിതരായി; ചിതറിപ്പോയി. പലരും നിരാശാക്കുപത്തിൽ പതിച്ചു. അവിടുന്നു മരിച്ചപ്പോൾ ഉയിർത്തെഴുന്നേൽക്കുമെന്നു് അവരാരും പ്രതീക്ഷിച്ചിരുന്നുമില്ല.

ഉയിപ്പു ഞായറാഴ്ച സൂര്യൻ ഉദിച്ചുയന്നപ്പോൾ അവരിലുണ്ടായ വ്യതിയാനവും നിരീക്ഷിക്കുക. തേജോമയനായ ഒരു ദൈവദൂതൻ മിശിഹാ ഉയിർത്തെഴുന്നേററ വിവരം വെളിപ്പെടുത്തി. പത്രോസും യോഹന്നാനും ഓടിച്ചെന്നു് ശൂന്യമായ കല്ലറ കണ്ടു. എമ്മാവൂസിലേക്കു നിരാശരായി മടങ്ങിപ്പോയ ശിഷ്യന്മാക്കു് പ്രത്യക്ഷപ്പെട്ട കർത്താവു് അവക്കുവേണ്ടി അപ്പം മുറിച്ചപ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു. അന്നു വൈകുന്നേരം അവിടുന്നു് ശിഷ്യന്മാക്കു പ്രത്യക്ഷപ്പെട്ടു് കൈകാലുകളിലേയും ചങ്കിലേയും മുറിവുകൾ കാണിച്ചുകൊടുത്തു. സംശയാലുവായിരുന്ന തോമ്മായെ അടുത്തുവിളിച്ചു്, മുറിവുകളിൽ തൊട്ടു് വിശ്വാസിയായിരിക്കുവാൻ കല്പിച്ചു. എല്ലാവരുടേയും സംശയങ്ങൾ ദൂരീകൃതമായപ്പോൾ ഉയിപ്പിനെപ്പററി ക്രിസ്തുനാഥൻ നേരിട്ടു പറഞ്ഞ കാര്യങ്ങൾ അവർ അനുസ്മരിച്ചു (മത്താ. 12: 40; 16: 21; 17: 23; 20: 19).

ഇതൊന്നും ആദ്യം അവക്കു മനസ്സിലായിരുന്നില്ലെന്നു് മക്കോസു് സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ടു്. പീഡാനുഭവവും മരണവും സംബന്ധിച്ച പ്രവചനം നടത്തിയപ്പോഴെല്ലാം ഈശോ കൂട്ടിച്ചേർത്തിരുന്നു: മൂന്നാം ദിവസം താൻ ഉയിർത്തെഴുന്നേൽക്കുമെന്നു് (മക്കോ. 9: 10). ശിഷ്യന്മാർ ഇതിനെക്കുറിച്ചു് ചിന്തിക്കുകയും ചെയ്തിരുന്നു.

താൻ പിതാവിൽനിന്നു വന്നു എന്നും തന്റെ സാക്ഷ്യം സത്യമാണെന്നു തെളിയിക്കുവാനും അവിടുത്തെ ഉയിർപ്പു് പ്രധാന സാക്ഷിയായി അവിടുന്നു നിർദ്ദേശിക്കുന്നു.

ഈശോയുടെ പ്രവചനങ്ങൾ പൂർത്തിയായി എന്നു കണ്ട ശിഷ്യന്മാർ അവിടുന്നിൽ വിശ്വസിക്കുകയും, തുടൎന്നുള്ള പ്രബോധനങ്ങളുടെ അടിസ്ഥാനമായി അതു സ്വീകരിക്കുകയും ചെയ്തു. ഈ വസ്തുതയാണു്, പത്രോസിന്റെ പ്രസംഗത്തിന്റെ സാരം. മിശിഹാ ഉയിർത്തില്ലെങ്കിൽ തങ്ങളുടെ സുവിശേഷവും, ജനങ്ങളുടെ വിശ്വാസവും വ്യർത്ഥമാണെന്നു് വി. പൗലോസു്ശ്ലീഹാ ഇവിടെ അനുസ്മരിക്കുന്നു.

മിശിഹായുടെ ഉയിപ്പിന്റെ ഫലങ്ങൾ നാം അനുഭവിച്ചു, അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അവിടുന്നു് മരണത്തെ ജയിച്ചു; പാപത്തിന്റെ ദാസ്യത്തിൽനിന്നും നമ്മെ മോചിപ്പിച്ചു, നിത്യസൗഭാഗ്യത്തിലേക്കുള്ള വാതിലും അവിടുന്നു തുറന്നിട്ടു. അവിടുന്നു് നമ്മുടെ മർത്ത്യശരീരങ്ങൾക്കു് ജീവൻ നല്കുകയും ചെയ്യുന്നു (റോമ. 28: 11; യോഹ. 11: 25, 6: 55).

വി. ക്രിസോസ്തോം പറയുന്നു: "നമ്മുടെ ശിരസ്സായ ക്രിസ്തുവിനെ ദൈവം ഉയിപ്പിച്ചപ്പോൾ നമ്മെയും ഉയിർപ്പിച്ചു. അവിടുന്നു പിതാവിന്റെ വലത്തുഭാഗത്തു ഉപവിഷ്ടനായപ്പോൾ ക്രിസ്തുവിന്റെ ശരീരമായ നമുക്കും അവിടെ സ്ഥാനം നേടിത്തന്നു."

www.malankaralibrary.com

ഉയിർപ്പിന്റെ തിരുനാളിൽ ഈദൃശചിന്തകൾ നമുക്ക ധൈര്യവും പ്രതീക്ഷയും പ്രദാനം ചെയ്യട്ടെ. "കർത്താവ് രൂപംകൊടുത്ത ദിവസം ഇതാകുന്നു. നമുക്ക് സന്തോഷിക്കുകയും ആഹ്ളാദിക്കുകയും ചെയ്യാം" (സങ്കീ. 117: 24).

## ക്രിസ്തുവിൽ പുതിയ സൃഷ്ടി—പുതു ഞായർ

### ഏപ്രിൽ 26: ഉയിർപ്പ് 2-ാം ഞായർ ഗലാ. 3: 26 – 29

വി. യോഹന്നാന്റെ സുവിശേഷത്തിൽനിന്ന് ഇന്നു നാം ശ്രവിക്കുന്നത് സംശയാലുവായ തോമാശ്ലീഹായ്ക്ക് ദിവ്യനാഥൻ പ്രത്യക്ഷനായിക്കൊണ്ട്, ഉത്ഥാനരഹസ്യം സ്ഥിരീകരിക്കുന്ന സംഭവമാണ്. എന്നാൽ കർത്താവിന്റെ ഉയിർപ്പുവഴി നാമെല്ലാം സ്വതന്ത്രരും തുല്യരുമായി തീർന്നുവെന്ന രക്ഷാകര സന്ദേശമാണ് ഇന്നത്തെ ലേഖനത്തിൽനിന്ന് നാം ശ്രവിക്കുക.

ഏഷ്യാമൈനറിലെ ഒരു ഭാഗമായ ഗലാത്തിയ റോമാസാമ്രാജ്യത്തിലെ ഒരു പ്രവിശ്യയായിരുന്നു. വി. പൗലോസിന്റെ പ്രേഷിതപ്രവൃത്തിയുടെ പ്രാരംഭഘട്ടത്തിൽ അദ്ദേഹം അവിടത്തെ വിജാതിയരോട് സുവിശേഷം പ്രസംഗിച്ചു. എണ്ണത്തിൽ കുറവായിരുന്നെങ്കിലും യഹൂദരും പൗലോസിന്റെ സുവിശേഷത്തിൽ വിശ്വസിച്ചു. എന്നാൽ ഈ യഹൂദക്രിസ്ത്യാനികൾ മൂശയുടെ നിയമത്തിലെ പ്രമാണങ്ങളിൽ ഉറച്ചുനിൽക്കുകയും വിജാതിയരായാലും മാനസാന്തരപ്പെട്ടവർക്ക് ഛേദനകർമ്മം കൂടാതെ രക്ഷയില്ലെന്നു വാദിക്കുകയും ചെയ്തു. ഇത് വിശ്വാസികളുടെ ഇടയിൽ ചിന്താക്കുഴപ്പത്തിനു കാരണമായി. വിജാതീയ ക്രിസ്ത്യാനികളുടെ മേൽ പരിഛേദന കർമ്മം അടിച്ചേൽപ്പിക്കുന്നത് ഉചിതമല്ലെന്ന് വിശദീകരിക്കുകയും സ്ഥിരീകരിക്കുകയുമാണ് പൗലോസ് ഈ ലേഖനത്തിലൂടെ നിർവഹിക്കുക. ക്രിസ്ത്യാനികളുടെ രക്ഷാമാർഗ്ഗം മൂശയുടെ നിയമപാലനമല്ല, മിശിഹായിലുള്ള വിശ്വാസമാണെന്ന് ശ്ലീഹാ അസന്നിഗ്ധമായി ഇവിടെ പ്രഖ്യാപിക്കുന്നു (വാക്യം 26 – 28).

ക്രിസ്ത്യാനിയുടെ ജീവിതരഹസ്യം ഇതാണ്. 'മിശിഹായിലുള്ള രൂപാന്തരം'. അതിന് ഉപവിയിൽ വർത്തിക്കുക ആവശ്യമാണ്. സ്നേഹത്തിലാണ് നിയമം അടങ്ങിയിട്ടുള്ളത്.

ദൈവതിരുമുമ്പിൽ എല്ലാ വ്യത്യാസങ്ങളും ദൂരീകൃതമായി, എല്ലാവരും തുല്യരും ദൈവരാജ്യത്തിലെ പ്രജകളുമായി വർത്തിക്കുന്നു. എല്ലാവരുടേയും പിതാവ് - സ്വർഗ്ഗസ്ഥനായ പിതാവ്. എല്ലാവരുടേയും മാതാവ്— സഭാമാതാവ്; എല്ലാവരുടേയും ഭക്ഷണം — വി. കുർബ്ബാന; എല്ലാവരുടേയും സിരകളിൽ ഓടുന്നത് – ദിവ്യകുഞ്ഞാടിന്റെ രക്തം; എല്ലാവർക്കും ചൈതന്യം നൽകുന്നത് — പരി. ആത്മാവിന്റെ പ്രസാദവരം. ഇപ്രകാരം വിശ്വാസത്തിലും സ്നേഹത്തിലും എല്ലാവരും തുല്യരത്രെ.

ക്രിസ്തുനാഥന്റെ സ്നേഹത്തിൽ നാമെല്ലാം ബദ്ധരാണെങ്കിൽ, നമുക്കുള്ളതെല്ലാം ഒരുപോലെ അനുഭവിക്കുവാൻ കടപ്പെട്ടവരാണ്. എല്ലാവരും ഏകമനസ്സോടെ ദൈവത്തിനു നന്ദി പറയുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുക. ദൈവത്തിന്റെ മഹാ കുടുംബത്തിലെ അംഗങ്ങളാണ് നാമെല്ലാം. എങ്കിൽ ആ വീട്ടിലെ ഏതാനും ചിലർ മാത്രം എല്ലാ സുഖസൗകര്യങ്ങളും അനുഭവിക്കുകയും മററു ചിലർ ക്ലേശിച്ചു കഴിയുകയും ചെയ്യുക എന്നതു് വി

www.malankaralibrary.com

രോധാഭാസമാണ്; ആക്ഷേപാർഹമാണ്. ഉപവി ആദ്യം വീട്ടിൽ തുടങ്ങണം എന്നൊരു ചൊല്ലുണ്ട്. അതർത്ഥമാക്കുന്നതു് നമ്മുടെ വീട്ടിൽത്തന്നെ ഇതു് ആദ്യം തുടങ്ങണമെന്നാണ്.

വി. പൗലോസിന്റെ ഭാഷയിൽ നാമെല്ലാം ഒരു ശരീരത്തിലെ അവയവങ്ങളാണ്. ശരീരത്തിന്റെ സുസ്ഥിതിയും ദുസ്ഥിതിയും എല്ലാ അവയവങ്ങളേയും ഒരുപോലെ ബാധിക്കുന്നു. സാമൂഹ്യശരീരത്തിലെ അവസ്ഥയും ഇതുതന്നെ. ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അംഗങ്ങളായ കോടാനുകോടി ക്രൈസ്തവർ നമ്മോടു ബന്ധപ്പെട്ടവരാണ്. അംഗങ്ങളല്ലാത്തവരും ക്രിസ്തുവിന്റെ സാഹോദര്യത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും വരുവാൻ നാം ആത്മാർത്ഥമായി അഭിലഷിക്കണം. നമ്മുടെ പ്രാർത്ഥനയും പ്രയത്നവും ഈ ലക്ഷ്യം വച്ചുള്ളതായിരിക്കണം.

അപ്പസ്തോലൻ ലേഖനം സമാപിക്കുന്നതു് ഇങ്ങനെയാണ്: ''പരിച്ഛേദനസ്വീകരണമൊ, പരിച്ഛേദനനിരാകരണമൊ അല്ല, ഒരു പുതിയ സൃഷ്ടിയാകുന്നതാണ് പരമപ്രധാനമായ കാര്യം'' (6: 15). പുതിയ സൃഷ്ടികളായി രൂപാന്തരപ്പെടുമ്പോറം നാമെല്ലാം ഒന്നാണെന്ന ബോധ്യം ഉദയം ചെയ്യും.

മോൺ. തോമസ് നെടുങ്കല്ലേൽ

## യഥാർത്ഥവിജ്ഞാനം

മേയ് 3: ഉയിർപ്പുകാലം 3-ാം ഞായർ കൊളോ. 1:9-14

വാക്യം 9-10. ഏഷ്യാമൈനറിലുള്ള കൊളോസ്സസിലെ ക്രിസ്ത്യാനികറം ചില അബദ്ധപഠനങ്ങളാൽ ആകൃഷ്ടരായി. യഹൂദരും ഗ്രീക്കുകാരുമായ കുറെ ജ്ഞാനികറം വികലങ്ങളായ അധ്യാപനങ്ങളും ചിന്തകളും അവിടെ അവതരിപ്പിച്ചു. മനുഷ്യരുടെ ഗതിവിഗതികറം നിയന്ത്രിക്കുന്ന ചില മാലാഖാമാരുണ്ടെന്നു് അവർ പഠിപ്പിച്ചു. അബദ്ധപൂർണ്ണമായ ഈ ചിന്താഗതിയുടെ പശ്ചാത്തലത്തിലാണ് യഥാർത്ഥവിജ്ഞാനത്തെപ്പററി വി. പൗലോസ് കൊളോസ്സസുകാർക്കു് എഴുതുന്നതും, ആ വിജ്ഞാനത്തിൽ അവരെ വളർത്തുവാൻ പരിശ്രമിക്കുന്നതും. Epignosir എന്ന ഗ്രീക്കുപദമാണ് യഥാർത്ഥവിജ്ഞാനത്തിനു പൗലോസ് ഉപയോഗിക്കുന്നതു്. ആശയപരമായ ഒരറിവു മാത്രമല്ലതു്. പ്രത്യുത ക്രിസ്തുവിൽ ദൈവം എങ്ങനെ മനുഷ്യരക്ഷ സാധിക്കാൻ തിരുമനസ്സായി എന്നതിനെപ്പററിയുള്ള വ്യക്തമായ അറിവാണ്.

ദൈവഹിതത്തെക്കുറിച്ചുള്ള അറിവാണ് മനുഷ്യജീവിതത്തിൽ ഏററം പ്രധാനം. ആ അറിവുകൊണ്ടു മനുഷ്യൻ നിറഞ്ഞു കഴിയുമ്പോറം ''കർത്താവിനു യോജിച്ചതും എല്ലാവിധത്തിലും അവിടുത്തെ പ്രസാദിപ്പിച്ചതുമായ ഒരു ജീവിതം നയിച്ചാൽ എല്ലാപ്രവൃത്തികളും ഫലദായകമാകും. ദൈവഹിതത്തെക്കുറിച്ചുള്ള അറിവിന്റെ അനന്തരഫലമാണതു്.'' വാക്യം 11. മനുഷ്യജീവിതത്തിൽ സഹനം കൂടിയേതീരൂ. ജീവിതത്തിന്റെ ഭാഗമാണതു്. രക്ഷാകരരഹസ്യത്തിൽ സഹനം അനിവാര്യമാണ്. ഓരോ ക്രിസ്ത്യാനിയും സഹനത്തിൽ പങ്കുപററണം. കർത്താവിന്റെ സഹനവും രക്ഷണീയ ജോലിയും നാമാണ് തുടരേണ്ടതു്. ''മിശിഹായുടെ സഹനങ്ങറം തുടരുകയും പൂർത്തിയാക്കുകയും ചെയ്യേണ്ടതു് സഭയാകുന്നു. അവിടുത്തെ പ്രതി എന്റെ ശരീരത്തിൽ ഞാൻ പരിഹരിക്കുന്നു.'' (കൊളോ. 1:24)

www.malankaralibrary.com

ആ സഹനത്തിൽ ക്രിസ്ത്യാനി സന്തോഷിക്കണം. കുരിശിലൂടെയാണ് പ്രതാപത്തിലേക്കും മഹത്വത്തിലേക്കും നാം പ്രവേശിക്കേണ്ടത്. സന്തോഷത്തോടെ സഹിക്കുവാൻ ശക്തി ലഭിക്കട്ടെ എന്നു അപ്പസ്തോലൻ പ്രാർത്ഥിക്കുന്നു.

വാക്യം 12-16. ക്രിസ്തുനാഥനിലാണു നമ്മുടെ രക്ഷ. നമുക്കു സ്വാതന്ത്ര്യവും പിശാചിന്റെ ദാസ്യത്തിൽനിന്നുള്ള മോചനവും തന്നതവിടുന്നാണ്. നമ്മുടെ എല്ലാപ്രവൃത്തികളും പിതാവിന്റെ സ്നേഹത്തിലും കരുണയിലും അധിഷ്ഠിതമാണ്. സ്വാതന്ത്ര്യം തന്ന ദൈവത്തിനു കൃതജ്ഞത പറയുക ഒരു കടമയാണ്. പിതാവായ ദൈവമാണ് തന്റെ പുത്രന്റെ രാജ്യത്തിലേക്കും അതിന്റെ സമാധാനത്തിലേക്കും സുസ്ഥിതിയിലേക്കും നമ്മെ കൊണ്ടുവന്നിരിക്കുന്നത്. പുത്രൻ നമുക്കു സ്വാതന്ത്ര്യവും രക്ഷയും തന്നു. ഈ നന്മകൾക്കു നന്ദി പറയുന്നതോടൊപ്പം നമ്മുടെ ജീവിതം കൃതജ്ഞതയുടെ ജീവിതമാക്കേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്. ''നിങ്ങൾ എന്തു ചെയ്യുകയാണെങ്കിലും ദൈവത്തിനു കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് മിശിഹായുടെ നാമത്തിൽ ചെയ്യുവിൻ.'' (എഫേ. 5:20)

## പഴയ മനുഷ്യനെ ഉരിഞ്ഞു കളഞ്ഞ്
## പുതിയ മനുഷ്യനെ ധരിക്കുവിൻ.

### മേയ് 10: ഉയിർപ്പ് 4-ാം ഞായർ കൊളോ. 3:5-11

മാമ്മോദീസായോടനുബന്ധിച്ച് അർത്ഥികൾക്കു കൊടുക്കുന്ന ഒരുപദേശമായി ഈ ലേഖനഭാഗം പൊതുവേ മനസ്സിലാക്കാറുണ്ട്. പഴയ മനുഷ്യനെ ഉരിഞ്ഞു കളഞ്ഞു പുതിയ മനുഷ്യനെപ്പററിയാണ് ഇവിടെ പ്രതിപാദിക്കുന്നത്. കൂടാതെ നവീകരിക്കപ്പെട്ട മനുഷ്യൻ ഏതു ജീവിതരീതിയിൽനിന്നു വരുന്നവനായാലും ദൈവത്തിന്റെ മുമ്പിൽ സ്വീകാര്യനാണ് എന്നും അപ്പസ്തോലൻ തുടർന്നു പറയുന്നു.

വാക്യം 5-9. പഴയമനുഷ്യൻ പാപത്തിൽ ജീവിക്കുന്നവനാണ്. പാപത്തിന്റേയും പിശാചിന്റേയും അടിമയാണ്. ലൈംഗികതയ്ക്കെതിരായി ചെയ്യുന്ന പാപങ്ങളെ അപ്പസ്തോലൻ പ്രത്യേകമായി ഭത്സിക്കുന്നു. അസന്മാർഗ്ഗികത, അശുദ്ധി, ദുർമ്മോഹം, ദുർവിചാരം; ഇവയെല്ലാം ലൈംഗികതയുടെ പരിശുദ്ധിക്കെതിരായി ചെയ്യുന്ന പാപങ്ങളാണ്. ധനമോഹത്തെപ്പററിയും കർശനമായ താക്കീതാണ് അപ്പസ്തോലൻ നൽകുന്നത്, വിഗ്രഹാരാധനയാകുന്ന ധനമോഹം എന്ന് അതിനെ വിശേഷിപ്പിക്കുന്നു. പണത്തിനുവേണ്ടി ജീവിക്കുന്നവർ അതിനായി എന്തു് അധർമ്മവും പ്രവർത്തിക്കുവാൻ മടിക്കുകയില്ല. അവിടെ പണം ദൈവവും മനുഷ്യൻ അടിമയുമാകും. കൊലപാതകവും, ചൂഷണവും, അനീതിയുമെല്ലാം ധനമോഹത്തിന്റെ അവശ്യഫലങ്ങളാണ്.

അസത്യത്തിനെതിരായും ശ്ലീഹാ ശക്തമായ താക്കീതു നൽകുന്നുണ്ട്. മനുഷ്യനെ പാപത്തിലേക്കു നയിക്കുന്ന ഒരു വലിയ പ്രലോഭനമാണ് സ്വാർത്ഥത. സ്വാർത്ഥതയുടെ കൂടപ്പിറപ്പാണ് അസത്യഭാഷണം. മനുഷ്യപ്രകൃതിയിലെ അടിസ്ഥാനപരമായ ചാഞ്ചല്യങ്ങളേയും ബലഹീനതകളേയും അപ്പസ്തോലൻ വിശ്വാസികളെ ഓർമ്മിപ്പിക്കുകയാണ്. വാക്യം 9-10 ക്രിസ്തുവിനെ സ്വീകരിക്കുന്നവൻ പുതിയ ജീവിതത്തിലേക്കു പ്രവേശിക്കുന്നു. പഴയ ശീലങ്ങളും ജീവിതരീതികളും ഉപേക്ഷിച്ച് ജഡത്തിനും പിശാചിനും

www.malankaralibrary.com

സ്വാർത്ഥതാല്പര്യങ്ങൾക്കും വിധേയമായി കഴിച്ച ജീവിതത്തിൽനിന്നും സ്വതന്ത്രനാകുന്നു. "സ്രഷ്ടാവിന്റെ പ്രതിഛായയ്ക്കനുസൃതമായി വിജ്ഞാനത്തിൽ നവീകരിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കുവിൻ" (10). ജലത്താലും പരിശുദ്ധാത്മാവിനാലും വിശുദ്ധീകരിക്കപ്പെട്ട പുതിയ മനുഷ്യനാണ് മാമ്മോദീസാ സ്വീകരിക്കുമ്പോൾ രൂപം കൊള്ളുന്നത്. പുതിയ മനുഷ്യനെ ധരിക്കുവാൻ പൗലോസ് ആവശ്യപ്പെടുന്നത് ക്രിസ്തുവിനെ ധരിക്കുവാനാണ്. (റോമ.13:14). വസ്ത്രം-ധരിക്കുമ്പോൾ ആ വസ്ത്രത്തിന്റെ പ്രത്യേകതകൾ – മേന്മ, ഭംഗി തുടങ്ങിയവ നാം സ്വീകരിക്കുന്നു. ക്രിസ്തുവിനെ ധരിക്കുമ്പോൾ ക്രിസ്തുവിനനുയോജ്യമായ കൃപാവരത്തിന്റെ പുതിയ ജീവിതത്തിലേക്കാണ് ഒരു വ്യക്തി പ്രവേശിക്കുക. വാക്യം 11. മിശിഹായിൽ നവീകരിക്കപ്പെടുന്നവരെല്ലാം ദൈവത്തിനു പ്രിയപ്പെട്ട അവിടുത്തെ മക്കളാകുന്നു. അവിടെ ജാതിലിംഗസ്ഥാനവ്യത്യാസമില്ല. ഒരേ ശരീരത്തിന്റെ അവയവങ്ങളാണെല്ലാവരും (1 കൊറി 6:15) ഒരേ അപ്പത്തിൽനിന്നു ഭക്ഷിക്കുന്നവരെല്ലാം ക്രിസ്തുവിൽ ഒന്നാകുന്നു (ഗലാ. 3:28) ക്രിസ്തുമതം പ്രഘോഷിക്കുന്ന ഈ സമത്വവും സാഹോദര്യവും മനോഹരങ്ങളാണ്. എന്നാൽ പലപ്പോഴും അതു പ്രസംഗങ്ങളിലും, പുസ്തകങ്ങളിലും മാത്രം ഒതുങ്ങി നില്ക്കുന്നു. എന്നതാണു സത്യം. ക്രിസ്ത്യാനികൾ എത്രമാത്രം സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും തത്വം പ്രാവർത്തികമാക്കുന്നുവോ അത്രമാത്രം ക്രിസ്തുമതത്തിൽ വിശ്വസനീയതയുണ്ടാകും; ക്രിസ്ത്യാനികൾ സത്യത്തിനു സാക്ഷികളാവുകയും ചെയ്യും.

## ക്രൈസ്തവ ദൈവവിളി–ലൗകികമാനദണ്ഡങ്ങൾക്കതീതം

മേയ് 17: ഉയിർപ്പ് 5–ാം ഞായർ 1 കൊറി. 1. 26–31

ഒരു കച്ചവടകേന്ദ്രമായിരുന്ന കൊറീന്ത് എല്ലാവിധ തിന്മകളുടേയും കേന്ദ്രമായിരുന്നു. ക്രിസ്തുമതം സ്വീകരിച്ചവർ തന്നേയും പിന്നീട് ലൗകായതികതയിൽ മുഴുകി കക്ഷിമത്സരങ്ങൾക്കും മററു തിന്മകൾക്കും അടിപ്പെട്ട് ക്രിസ്തീയതത്വങ്ങൾ വെറും ബൗദ്ധികമായിമാത്രം സ്വീകരിക്കുന്നവരായി. യഹൂദരും വിജാതീയരും ഉൾപ്പെട്ട കൊറീന്ത്യൻ സഭയിൽ കാലക്രമത്തിൽ ഭിന്നിപ്പു വളർന്നു. യഥാർത്ഥവിജ്ഞാനത്തെക്കുറിച്ചുള്ള അബദ്ധധാരണയായിരുന്നു ഭിന്നിപ്പിനുള്ള പ്രധാനകാരണങ്ങളിലൊന്ന്. കൊറീന്തിലെ സിംഹഭാഗം വിശ്വാസികളും സമൂഹത്തിലെ താഴെക്കിടയിലുള്ളവരും അടിമകളുമായിരുന്നു. അതുകൊണ്ട് വി. പൗലോസ് അവരോട് തങ്ങളുടെ ക്രിസ്തീയ വിശ്വാസത്തിലേക്കുള്ള ദൈവത്തിന്റെ വിളിയെക്കുറിച്ചു ചിന്തിക്കുവാൻ ആവശ്യപ്പെടുകയാണ്.

യവന ക്രൈസ്തവരുടെ വീക്ഷണത്തിൽ തത്വചിന്തയായിരുന്നു വലിയ വിജ്ഞാനം. യഹൂദരുടെ ദൃഷ്ടിയിൽ 'നിയമവും.' എന്നാൽ മനുഷ്യനെ ദൈവത്തിലേയ്ക്കാനയിക്കുന്നതിൽ ഇവരണ്ടും ഒരുപോലെ പരാജയപ്പെട്ടുവെന്നാണ് പൗലോസ് ശ്ലീഹാ പറയുന്നത്. മാനുഷിക വിജ്ഞാനം ദൈവിക വിജ്ഞാനത്തിൽ ചെന്നെത്തിയെന്നു വരില്ല. കാരണം ലോകദൃഷ്ടിയിൽ ദൈവിക വിജ്ഞാനം ഭോഷത്തമാണ്. എന്നാൽ ദൈവത്തിന്റെ ഭോഷത്തം മനുഷ്യന്റെ വിജ്ഞാനത്തേക്കാൾ മഹത്തരമാണ്; ദൈവത്തിന്റെ ബലഹീനത മനുഷ്യന്റെ ശക്തിയേക്കാൾ ബലമേറിയതാണ് (വാക്യം.25).

www.malankaralibrary.com

വിരോധാഭാസമെന്നു തോന്നുന്ന ഈ സത്യം രക്ഷയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നവരുടെ കാര്യത്തിലും വാസ്തവമാണ്. ലോകദൃഷ്ട്യാ കുലീനരും വിജ്ഞാനികളുമായി വളരെ ചുരുക്കം അംഗങ്ങളേ കൊറീന്ത്യൻ സഭയിലുള്ള (വാക്യം. 26) ഭൂരിപക്ഷവും സാധാരണക്കാരും അടിമകളുമാണ്. വിജ്ഞന്മാരെ ലജ്ജിപ്പിക്കുവാൻ വിഡ്ഢികളേയും, ബലവാന്മാരെ ലജ്ജിപ്പിക്കുവാൻ ബലഹീനരേയും 'ഉള്ളവരെ' ഇല്ലായ്മ ചെയ്യുവാൻ 'ഇല്ലാത്തവരേ'യും ദൈവം തെരഞ്ഞെടുത്തു.

ക്രൈസ്തവവിശ്വാസത്തിലേക്കുള്ള വിളി പ്രഥമതഃ ദൈവത്തിൽനിന്നുള്ളതാണ്. വിളിക്കപ്പെടുന്നവരുടെ നന്മയേക്കാൾ ദൈവത്തിന്റെ അനന്ത നന്മയാണ് ദൈവവിളിക്കു പ്രേരകമായിവർത്തിക്കുന്നത്. അതിനാൽ ദൈവത്തിന്റെ മുമ്പിൽ ആരും ആത്മപ്രശംസ ചെയ്യേണ്ടതില്ല. ദൈവസഹായമില്ലെങ്കിൽ നമുക്കൊന്നും ചെയ്യാൻ സാധ്യമല്ല.

ആകയാൽ അപ്പസ്തോലൻ കൊറീന്ത്യരെ ഉപദേശിക്കുന്നതിതാണ്. ദൈവത്തിലുള്ള ആശ്രയം ഏററു പറയുക. കാരണം, ഇല്ലായ്മയിൽനിന്നും ക്രിസ്തുവിലുള്ള ജീവിതത്തിലേക്ക് അവരെ വിളിച്ചത് ദൈവമാണ്. ആ വിളിയാണ് അവരെ പുതിയ സൃഷ്ടികളാക്കിമാററിയത്. ക്രിസ്തുവിൽ ദൈവത്തിന്റെ മക്കളാക്കിത്തീർത്തു– (2 കൊറി. 5:17) ആകയാൽ ക്രിസ്തുവാണ് അവരെ സംബന്ധിച്ചിടത്തോളം യഥാർത്ഥ വിജ്ഞാനവും യഥാർത്ഥ നിയമവും. ഗ്രീക്കുകാർ അത്യധികം അഭിലഷിച്ച വിജ്ഞാനം മാത്രമല്ല, യഹൂദർ പ്രതീക്ഷയോടെ കാത്തിരുന്ന നീതീകരണവും വിശുദ്ധിയും രക്ഷയുമെല്ലാം ക്രിസ്തുവിലുണ്ട്.

**ക്രിസ്തുവാകുന്ന വിജ്ഞാനം:** ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവാണ് ദൈവത്തിന്റെ വിജ്ഞാനം (1 കൊറി 1:18) ക്രിസ്തുവിനെ അനുഗമിക്കുമ്പോഴാണ് നാം ജ്ഞാനമാർഗ്ഗത്തിൽ ചരിക്കുക. അവിടുത്തെ ശ്രവിക്കുമ്പോഴാണ് നാം സത്യം അറിയുക.

**ക്രിസ്തുവാകുന്ന നീതീകരണം:** വാഗ്ദാനങ്ങളുടെ പൂർത്തീകരണമായ ക്രിസ്തു ദൈവികനീതീകരണത്തിന്റെ മൂർത്തീഭാവമാണ് (റോമ. 3:21–30). നീതീകരണം ദൈവത്തോടുള്ള നീതിപൂർവ്വമായ ബന്ധപ്പെടലാണ്.

**ക്രിസ്തുവാകുന്ന വിശുദ്ധി:** ജീവിതം എന്തായിരിക്കണമൊ അതു ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിൽ മാത്രമെ ആയിത്തീരുകയുള്ളു. ക്രിസ്തുവിലാണ് ജീവിത വിശുദ്ധി അടങ്ങിയിരിക്കുന്നത്.

**ക്രിസ്തുവാകുന്ന രക്ഷ:** മരണവും ഉയിർപ്പുംവഴി പാപത്തിൽനിന്നും മരണത്തിൽനിന്നും നമ്മെ രക്ഷിച്ചവനാണ് ക്രിസ്തു. ഭാവികാലത്തെക്കുറിച്ചുള്ള ഭയത്തിൽനിന്നും, ഭൂതകാലത്തിലെ പാപങ്ങളിൽനിന്നും വർത്തമാനകാലത്തിലെ നിസ്സഹായതയിൽനിന്നും നമ്മെ മോചിപ്പിക്കുവാൻ അവിടുത്തേക്കു കഴിയും. പാപത്തിൽനിന്നും സ്വാർത്ഥതയുടെ അടിമത്തത്തിൽനിന്നും ക്രിസ്തു നമ്മെ മോചിപ്പിക്കും.

## വിശ്വാസവും സന്മാതൃകയും

### മേയ് 24: ഉയിർപ്പ് 6–ാം ഞായർ 1 തെസ. 1:4–10

മക്കെദോനിയായിലെ റോമൻ പ്രവിശ്യയുടെ തലസ്ഥാനമായിരുന്നു തെസലോനിക്ക. തന്റെ രണ്ടാമത്തെ യാത്രയിലാണ് പൗലോസ്ശ്ലീഹാ ഇവിടെ വിശ്വാസം പ്രസംഗിക്കയും സഭ സ്ഥാപിക്കുകയും ചെയ്തത്. വി

www.malankaralibrary.com

ജാതീയരായിരുന്ന ഇവിടത്തെ ക്രിസ്ത്യാനികളിൽ ഭൂരിഭാഗവും. യഹൂദരിൽ നിന്നും ക്രിസ്ത്യാനികൾക്ക എതിർപ്പും പീഡനവും സഹിക്കേണ്ടിവന്നു. തന്റെ ശിഷ്യനായ തിമോത്തി ഈ വിവരങ്ങൾ പൗലോസിനെ ധരിപ്പിച്ചപ്പോൾ, അവരെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും അവക്കാവശ്യമായ പ്രോത്സാഹനവും ഉത്തേജനവും നൽകുന്നതിനുവേണ്ടി അദ്ദേഹമെഴുതിയതാണീലേഖനം. വാക്യം 4-8. സുവിശേഷം സ്വീകരിക്കുന്നവക്ക് വിഷമതയും ബുദ്ധിമുട്ടുമുണ്ടാകും. കുരിശ് സുവിശേഷത്തിന്റെ അന്തസ്സത്തയാണ്. കുരിശിന്റെ തണലിലും നിഴലിലും മാത്രമേ-രക്ഷാകരചരിത്രവും നമ്മുടെ വിളിയും മനസ്സിലാക്കാനൊക്കൂ. വിശ്വാസത്തിനുംവേണ്ടി ഞെരുക്കങ്ങൾ സന്തോഷത്തോടെ സ്വീകരിച്ചതിൽ അപ്പസ്തോലൻ തെസ്സലോണിയക്കാരെ അഭിനന്ദിക്കുന്നു. ''വളരെ ഞെരുക്കങ്ങളോടും പരിശുദ്ധാത്മാവിനാൽ പ്രേരിതമായ ആനന്ദത്തോടുംകൂടെ നിങ്ങൾ വചനം സ്വീകരിച്ചു'' (വാക്യം 6). ത്യാഗത്തോടും സ്നേഹത്തോടുംകൂടി വിശ്വാസം സ്വീകരിക്കുകയും ആ വിശ്വാസത്തിൽ ജീവിക്കുകയും ചെയ്തുകൊണ്ട് അവർ മററുള്ളവക്ക മാതൃകയായി. നമ്മുടെ ദൗത്യം സ്നേഹത്തോടും സന്തോഷത്തോടുംകൂടി നിറവേററുമ്പോൾ നാം ക്രിസ്തുവിന്റെ വിശ്വസ്തരായ അനുയായികളാകുന്നു.

വാക്യം 9. നിങ്ങൾ ഞങ്ങളുടേയും കർത്താവിന്റേയും അനുയായികളായിരിക്കുന്നു.

ക്രിസ്താനുഭവം സ്വീകരിച്ച അപ്പസ്തോലന്മാക്ക് അവിടുത്തെ ജീവിതം അനുവർത്തിക്കുകയും അവിടുത്തെ പ്രബോധനങ്ങളനുസരിച്ചു ജീവിക്കുകയും ചെയ്യാതിരിക്കുക അസാധ്യമായിരുന്നു. 'ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതു് പറയാതിരിക്കുവാൻ ഞങ്ങൾക്ക സാദ്ധ്യമല്ല' (നടപടി 4:20), എന്നു് അപ്പസ്തോലന്മാർ പറഞ്ഞതു് അതുകൊണ്ടാണ്. അങ്ങനെയുള്ള ജീവിതംമൂലം അവർക്ക പറയാൻ കഴിഞ്ഞിരുന്നു, 'ക്രിസ്ത്യാനികൾ തങ്ങളുടെ അനുയായികളാകണം' തങ്ങളെ അനുകരിക്കണമെന്നു്. 'ഞാൻ ക്രിസ്തുവിന്റെ അനുയായി ആയിരിക്കുന്നതുപോലെ നിങ്ങൾ എന്റെ അനുയായികളായിരിക്കുവിൻ' (1 കൊറി 11:1) എന്നു ധൈര്യപൂർവ്വം പറയുവാൻ പൗലോസിനു സാധിച്ചു. നിങ്ങൾ ഞങ്ങളുടേയും കർത്താവിന്റേയും അനുയായികളായിരിക്കുവിൻ എന്നു പൗലോസ് പറയുന്നതിന്റെ കാരണവും അതുതന്നെ. ക്രിസ്ത്യാനികളായ നമ്മുടെ ജീവിതമായിരിക്കണം ക്രിസ്തുമതത്തിനു നൽകാവുന്ന ഏററം വലിയ സാക്ഷ്യം. വാക്യം 10. തെസ്സലോണിയക്കാർ വിഗ്രഹാരാധന ഉപേക്ഷിച്ചതും, മിശിഹായുടെ സുവിശേഷം സ്വീകരിച്ചതും വ്യക്തമായ ഉദ്ദേശ്യത്തോടുകൂടി ആയിരുന്നു. മിശിഹായുടെ ആഗമനത്തിൽ അവിടുത്തെ സ്വീകരിക്കുന്നതിനുവേണ്ടി തയ്യാറാവുക. ക്രിസ്തുവിന്റെ ദ്വിതീയാഗമനത്തിനുവേണ്ടി തയ്യാറെടുക്കുന്നവരാണ് ക്രിസ്ത്യാനികൾ. പ്രതാപപൂർണ്ണനായി വാനമേഘങ്ങളിൽ കർത്താവു പ്രത്യക്ഷനാകുമ്പോൾ അവിടുത്തെ സ്വീകരിക്കുവാൻ യോഗ്യരാകുന്നതിനു് ലോകം, പിശാചു്, ശരീരം എന്നിവയെ ബന്ധിക്കുന്ന വിഗ്രഹാരാധനയിൽനിന്നു നാം മോചിതരാകണം.

## ദൈവസ്നേഹവും സഹോദരസ്നേഹവും

### മേയ് 31: ഉയിർപ്പ് 7-ാംഞായർ 1 യോഹ. 4:16-21.

ഏഷ്യാമൈനറിലുള്ള വിശ്വാസികൾക്കിടയിൽ വ്യാജപ്രവാചകന്മാർ പ്രചരിപ്പിച്ച അബദ്ധസിദ്ധാന്തങ്ങൾ തിരുത്തുകയും ക്രിസ്ത്യാനിക

www.malankaralibrary.com

ളെ വിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്യുന്നതിനായിട്ടാണു് വി. ശ്ലീഹാ ഈ ഒന്നാമത്തെ ലേഖനമെഴുതുന്നതു്.

വാക്യം 16. ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. മിശിഹായേയും അവിടുത്തെ ജീവിതത്തേയും അറിയുന്ന വ്യക്തി ദൈവസ്നേഹത്തിന്റെ ആഴവും വ്യാപ്തിയും അറിയുകയാണു്, വാസ്തവത്തിൽ. തന്റെ ഏകജാതനെ നൽകുവാൻ തക്കവണ്ണം ദൈവം നമ്മെ അത്രയധികമായി സ്നേഹിച്ചു. ആ ഏകജാതനാകട്ടെ തന്റേതായിട്ടുള്ളവരെ സ്നേഹിച്ചപ്പോൾ അവസാനംവരെ സ്നേഹിച്ചു (യോഹ. 13:1). കർത്താവിന്റെ പീഡാനുഭവവും മരണവുമെല്ലാം ഈ സ്നേഹത്തിന്റെ പ്രതിഫലനങ്ങളാണു്. ഈ സത്യം നാമറിയുന്നതിന്റെ തോതനുസരിച്ചാണു് ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും ആസ്വദിക്കുകയും ചെയ്യുക. സ്നേഹത്തിലുള്ള തുടർച്ചയായ വിശ്വാസം നമുക്കാവശ്യമാണു്. ആ വിശ്വാസത്തിന്റെ ചൈതന്യംകൊണ്ടേ രക്ഷാകരപദ്ധതി ആനുകാലികമാക്കുവാനും രക്ഷകന്റെ സ്നേഹം ആസ്വദിച്ചനുഭവിക്കുവാനും നമുക്കു കഴിയുകയുള്ളു. വാക്യം 18. സ്നേഹത്തിൽ ഭയത്തിനു സ്ഥാനമില്ല. ഭയപ്പെടുന്നവൻ സ്നേഹത്തിൽ പൂർണ്ണനല്ല. സ്നേഹം ഒട്ടേറെ തെറ്റുകളെ ഇല്ലാതാക്കുകയും, സ്നേഹത്തോടും ധാരണയോടുംകൂടി എപ്പോഴും എല്ലാവരോടും വർത്തിക്കുവാൻ സഹായിക്കുകയും ചെയ്യും. ''ഞാനും നിന്നെ വിധിക്കുന്നില്ല; ഇനിമേൽ പാപംചെയ്യരുതു്'' (യോഹ. 8:11), എന്നു വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടു കർത്താവു പറഞ്ഞതു് കരുണാർദ്രമായ സ്നേഹത്താൽ പ്രചോദിതനായിട്ടാണു്. സ്നേഹത്തിന്റെ ഈ വികാരം പരസ്പരമുള്ളതാകുന്നു. യഹൂദപ്രമാണികളുടെ സാന്നിദ്ധ്യത്തിൽ അത്ഭുതപ്രവർത്തകനായ രക്ഷകന്റെ കാല്കൾ കഴുകുവാൻ പാപിനിയായ മറിയത്തിനു ധൈര്യംകൊടുത്തതു സ്നേഹമാണു്. സ്നേഹം എല്ലാം പ്രതീക്ഷിക്കുന്നു; എല്ലാത്തിനും ധൈര്യപ്പെടുന്നു (1 കൊറി. 13). സ്നേഹമുള്ളിടത്തു് ജോലി ചെയ്യപ്പെടുന്നില്ല; ജോലി സ്നേഹിക്കപ്പെടുന്നു. എല്ലാം സ്നേഹത്തിന്റെ ചൈതന്യത്തിൽ നോക്കിക്കാണുവാൻ സ്നേഹമുള്ള വ്യക്തിക്കു കഴിയും. സ്നേഹപൂർണ്ണമായ നോട്ടവും സംസാരവും പെരുമാറ്റവുമുള്ള സമൂഹം സ്വർഗ്ഗതുല്യമാണു്. സ്വർഗ്ഗത്തിൽ അശ്രദ്ധമായ (indifferent) നോട്ടങ്ങളില്ല എന്നു പറയുന്നതിന്റെ അർത്ഥമിതാണു്.

വാക്യം 20. സ്നേഹം ഒന്നു മാത്രമേയുള്ളു. ദൈവത്തേയും മനുഷ്യനേയും ഒന്നിച്ചു സ്നേഹിക്കുന്ന അത്ഭുതപ്രതിഭാസമാണതു്. ദൈവത്തെ സ്നേഹിച്ചുകൊണ്ടു മനുഷ്യനെ അവഗണിക്കാമെന്നോ, മനുഷ്യനെ സ്നേഹിച്ചുകൊണ്ടു ദൈവത്തെ തള്ളിപ്പറയാമെന്നോ നിനച്ചാൽ അതു മൗഢ്യമാണു്. ഒന്നൊന്നിൽനിന്നു പൂർണ്ണമായി വിഭിന്നമല്ല. തന്മൂലം ഒന്നൊന്നിനെക്കൂടാതെ സാധ്യവുമല്ല. ദൈവത്തെ സ്നേഹിക്കുന്നുവെന്നു പറഞ്ഞു മനുഷ്യനെ സ്നേഹിക്കാത്തവൻ നുണയനാണു്. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുക സാദ്ധ്യമല്ല. പിതാവിലേക്കുള്ള വഴി സഹോദരനിൽക്കൂടിയാണു്. വിശുദ്ധിയുടെ വിളനിലങ്ങളായ മഹത്തുക്കൾ നമുക്കു കാണിച്ചുതരുന്ന ജീവിതമാതൃകയും അവരുടെ സന്ദേശവും ഈ സത്യം പ്രഘോഷിക്കുന്നു.

ഫാ. ജോസഫ് കോയിക്കക്കുടി.

www.malankaralibrary.com

## പന്തക്കുസ്താത്തിരുന്നാൾ

### ജൂൺ 7: ശ്ലീഹാക്കാലം 1-ാം ഞായർ നടപടി 2: 1-13.

ഈശോയുടെ ഉത്ഥാനശേഷം ശിഷ്യന്മാരെല്ലാവരും ജറുസലേത്തു് ഒന്നിച്ചുകൂടി. പ്രാർത്ഥനയിൽ സമയം ചിലവഴിച്ചു. മിശിഹാ സ്വർഗ്ഗാരോഹണം ചെയ്തതിന്റെ പത്താംനാൾ പരിശുദ്ധാത്മാവു് അവരുടെമേൽ എഴുന്നള്ളിവന്നു. മിശിഹാ വാഗ്ദാനംചെയ്ത പരിശുദ്ധാത്മാവിന്റെ ആഗമനം ചിത്രീകരിക്കുന്ന ഭാഗമാണു് നടപടി 2; 1-13.

### വാക്യം $1^{a}$. പരിശുദ്ധാത്മാവിനെ പ്രതീക്ഷിച്ചുകഴിഞ്ഞ ശിഷ്യന്മാർ.

ഈശോയുടെ കല്പനപ്രകാരം ശിഷ്യന്മാരെല്ലാവരും ഒരു മുറിയിൽ സമ്മേളിച്ചു് പ്രാർത്ഥനയിൽ കഴിച്ചുകൂട്ടി. ഗുരുവിന്റെ കല്പനയോടു് വിധേയത്വവും വാഗ്ദാനങ്ങളിൽ വിശ്വസ്തതയും പ്രകടിപ്പിച്ചു. ശബ്ദമുഖരിതമായ ബാഹ്യലോകത്തിൽ നിന്നകന്നു് അടച്ചിട്ട മുറിയുടെ നിശബ്ദതയിൽ അവർ കഴിച്ചുകൂട്ടി. ഈശോ ഏകാന്തതയിലും നിശബ്ദതയിലും പിതാവിനോടു പ്രാർത്ഥിച്ചതവർ ഓർത്തുകാണും. ഒന്നിച്ചു് മിശിഹായുടെ നാമത്തിൽ പ്രാർത്ഥിക്കുവാൻ ഗുരു പഠിപ്പിച്ചതു് അവർ അപ്പോൾ പ്രാവർത്തികമാക്കുകയായിരുന്നു.

### (വാ.-$1^{b}$-3). പരിശുദ്ധാത്മാവിന്റെ ആഗമനം.

ശിഷ്യന്മാരും ഭക്തസ്ത്രീകളും പ്രാർത്ഥനയിൽ മുഴുകിയിരിക്കെ പെട്ടെന്നു് കൊടുങ്കാററുപോലൊരുശബ്ദം ആകാശത്തുനിന്നു് അവർ കേട്ടു. വേഗം അതു് അവരിരിക്കുന്ന മുറിക്കുള്ളിൽ എത്തി. ഒപ്പം തീനാളങ്ങളും അവ ഓരോരുത്തരുടെമേലും ഇറങ്ങിവന്നു. കേൾക്കുവാനും കാണുവാനും കഴിയുന്ന വിധത്തിലാണു് പരിശുദ്ധാത്മാവു് അപ്പോൾ പ്രത്യക്ഷപ്പെട്ടതു്. കൊടുങ്കാററും അഗ്നിയും സ്വയം വെളിപ്പെടുത്തുവാൻ പഴയനിയമകാലത്തു് ദൈവം ഉപയോഗിച്ച മാർഗ്ഗങ്ങളാണു്. ശിഷ്യന്മാർക്കനുഭവപ്പെട്ട ഈ ദൈവികവെളിപാടിലും അതേമാർഗ്ഗങ്ങൾതന്നെ ദൈവം ഉപയോഗിച്ചു. പരിശുദ്ധാത്മാവിനെ പ്രതീക്ഷിച്ചുകഴിയുന്ന എല്ലാവരിലും അവിടുന്നിറങ്ങിവരുന്നുണ്ടു്. ഒരു വ്യക്തിയേയും ഒഴിവാക്കുന്നില്ല.

### വാക്യം 4. ശിഷ്യന്മാരിലുണ്ടായ പരിവർത്തനം.

അവരെല്ലാവരും പരിശുദ്ധാത്മാവുകൊണ്ടു് നിറയുകയും അന്യഭാഷകൾ സംസാരിച്ചുതുടങ്ങുകയും ചെയ്തു. എന്തിനാണു് ദൈവം പരിശുദ്ധാത്മാവിനെ അയച്ചതു്? താൻ പഠിപ്പിച്ച കാര്യങ്ങൾ ശരിയായി ഗ്രഹിക്കുന്നതിനും, ഏല്പിച്ച ജോലി പരിപൂർണ്ണമായി നിർവ്വഹിക്കുന്നതിനുംവേണ്ടി ശിഷ്യരെ ശക്തരാക്കുവാൻ. മറെറാരു വാക്കിൽ പറഞ്ഞാൽ സഭയുടെ പ്രവർത്തനം ആരംഭിക്കുവാൻ. ആത്മാവു് ശിഷ്യരിൽ ആവസിച്ച ആ നിമിഷം തന്നെ അവരിൽ മാററങ്ങൾ സംഭവിച്ചു. അവർ പുതിയ മനുഷ്യരായിതീർന്നു. ആത്മാവു് നിർദ്ദേശിക്കുംവിധം അവർ മുമ്പോട്ടുനീങ്ങി. ആദ്യത്തെ മിഷനറിപ്രവർത്തനത്തിനു് സധൈര്യരായി അവർ ഇറങ്ങിത്തിരിക്കുകയും ചെയ്തു.

www.malankaralibrary.com

## വാ. 5–13. ആദ്യത്തെ ശ്രോതാക്കൾ.

അവർ ഭക്തരായിരുന്നു; ദൈവഭയമുള്ളവരായിരുന്നു. അവർ ജറുസലേത്തു് താമസിച്ചിരുന്നതു തന്നെ അവരുടെ ഭക്തിയെ സൂചിപ്പിക്കുന്നു. എല്ലാ രാജ്യങ്ങളിലും നിന്നെത്തിയവരാണവർ. ഭാഷയിലും ആചാരരീതിയിലും വ്യത്യാസമുണ്ടായിരുന്നു. ശിഷ്യന്മാർ മാത്രമല്ല; അവരും കേട്ടു, പരിശുദ്ധാത്മാവു വന്നപ്പോഴുണ്ടായ ആരവം, ദൈവം അവരെ പ്രത്യേകം തിരഞ്ഞെടുത്തുവെന്നതിനുള്ള തെളിവാണതു്. അവരാരും പരിശുദ്ധാത്മാവിനെ പ്രതീക്ഷിച്ചു വന്നവരല്ല. എന്നാൽ തൻെറ ദാനം നല്കുവാൻ ദൈവം അവരെ വിളിക്കുകയാണു് ചെയ്തതു്. ശിഷ്യന്മാർ വിവിധ ഭാഷകൾ സംസാരിക്കുന്നതു കേട്ടു് അവർ അത്ഭുതപ്പെട്ടു. അവർ കണ്ടതും കേട്ടതും എന്തെന്നു മനസ്സിലാക്കുവാൻ തന്നെ അപ്പോൾ അവർക്കു കഴിഞ്ഞില്ല. കാരണം, അപ്പോൾ അവരുടെ ദൈവവിളിയുടെ തുടക്കം കുറിച്ചതേ ഉണ്ടായിരുന്നുള്ളു. പത്രോസിൻെറ പ്രസംഗമാണു അവർക്കു് കൂടുതൽ പ്രകാശം നല്കുന്നതു്. അപ്പോഴാണു് അവർ മാനസാന്തരപ്പെടുന്നതു്.

ചിന്തിക്കാൻ

1. നിശബ്ദതയിലാണു് ദൈവം സംസാരിക്കുക. ബഹളത്തിൽ നിന്നകന്നു നിന്നാലേ! ദൈവത്തിൻെറ സ്വരം ശ്രവിക്കാനൊക്കൂ.
2. ക്രിസ്തുവിൻെറ കല്പനകൾ അനുസരിക്കുകയും വാഗ്ദാനങ്ങളിൽ വിശ്വസിച്ചു് പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ അവിടുന്നു് നമ്മെ ശ്രവിക്കുന്നു.
3. പരിശുദ്ധാത്മാവിനെ സ്വീകരിച്ചവർ എല്ലാററിലും ആത്മാവിനാൽ നയിക്കപ്പെടണം.
4. പരിശുദ്ധാത്മാവു ദൈവത്തിൻെറ ദാനമാണു്. ദൈവം ഈ ദാനത്തിനായി എല്ലാവരേയും വിളിക്കുന്നു. സുവിശേഷം പ്രസംഗിക്കുവാനാണു് ഈ ദാനം നല്കപ്പെടുക.

## മനുഷ്യൻ രക്ഷിക്കപ്പെട്ടിരിക്കുന്നു.

### ത്രിത്വത്തിൻെറ തിരുനാൾ.

ജൂൺ 14: ശ്ലീഹാക്കാലം 2–ാം ഞായർ റോമ. 5: 1–5

വിശ്വാസം വഴി മനുഷ്യൻ രക്ഷപ്രാപിച്ചതെങ്ങനെയെന്നു വിശദീകരിക്കുകയാണു് വി പൗലോസ് ശ്ലീഹ റോമാക്കാർക്കെഴുതിയ ലേഖനത്തിലൂടെ. ആദ്യത്തെ 4 അദ്ധ്യായങ്ങളിൽ നീതികരണത്തെക്കുറിച്ചു് പ്രതിപാദിച്ചശേഷം 5–ാം അദ്ധ്യായം മുതൽ മനുഷ്യരക്ഷയെക്കുറിച്ചു് ചർച്ചചെയ്യുകയാണു് ശ്ലീഹാ. മിശിഹാ തൻെറ മരണവും ഉത്ഥാനവുംവഴി മനുഷ്യനെ പിതാവുമായി രമ്യപ്പെടുത്തി. ഇപ്രകാരം രമ്യപ്പെട്ട ക്രൈസ്തവർ രക്ഷപ്പെടുക, ഉത്ഥിതനായ മിശിഹായുടെ ജീവിതത്തിൽ പ്രത്യാശവഴി പങ്കുപററുന്നതുകൊണ്ടു് മാത്രമാണു്. ഈ സത്യമാണു് വി. ശ്ലീഹ ഇന്നത്തെ ലേഖനത്തിലൂടെ നമ്മെ അനുസ്മരിപ്പിക്കുക.

**വാക്യം 1.** ക്രൈസ്തവരായിത്തീന്ന നാം നീതീകരിക്കപ്പെടുകയും ദൈവവുമായി രമ്യപ്പെടുകയും ചെയ്തിരിക്കുന്നു.

www.malankaralibrary.com

വാക്യം 2. മിശിഹായിലുള്ള വിശ്വാസത്തിലൂടെയാണ് ഇതു സാധിക്കുന്നത്. മിശിഹായുടെ പ്രാധാന്യം ഇവിടെ എടുത്തുകാട്ടുന്നു. ദൈവകൃപയും ദൈവമഹത്വത്തിൽ പങ്കുചേരാമെന്നുള്ള പ്രത്യാശ നമുക്കു ലഭിച്ചതും അതിനു നമ്മെ പ്രാപ്തരാക്കിയതും അവിടുന്നുതന്നെയാണ്. നാമാരുടേയും കഴിവും യോഗ്യതയുമല്ല, ദൈവത്തിൻെറ സ്വതന്ത്രമായ ദാനമാണ് നമ്മെ അതിനു യോഗ്യരാക്കിയത്.

വാക്യം 3-4. അപ്പസ്തോലൻ തുടർന്നു പറയുന്നു: മിശിഹാ വഴി കൈവന്ന ദൈവത്തിൻെറ കൃപാവരത്തിൽ മാത്രം നാം അഭിമാനിച്ചാൽ പോരാ, നമ്മുടെ കഷ്ടതകളിലും അഭിമാനിക്കണം. കാരണം, ദൈവമഹത്വത്തിൽ പങ്കുചേരാമെന്ന നമ്മുടെ പ്രതീക്ഷയുടെ അടിസ്ഥാനം ദൈവകൃപയാണ്. എല്ലാവിധ പ്രതികൂല സാഹചര്യങ്ങളിലും ആവേശവും ആത്മവിശ്വാസവും പകരുവാൻ ശക്തിയുള്ളതാണ് ദൈവകൃപ. ആകയാൽ, കഷ്ടതകൾ കാണുമ്പോൾ നിരാശപ്പെടരുത്. അവയിലും നാം അഭിമാനിക്കണം. അവയിലും ദൈവം നമ്മെ സഹായിക്കുന്നു. കഷ്ടതകൾ നമ്മിൽ സഹനശീലം ഉളവാക്കുന്നു; സഹനശീലം സ്ഥിരോത്സാഹവും, സ്ഥിരോത്സാഹം പ്രത്യാശയും ജനിപ്പിക്കുന്നു.

വാക്യം 5. ഈ പ്രത്യാശയുടെ സ്വഭാവമെന്താണ്? ആശിച്ചിരുന്നിട്ട് ഒടുവിൽ നിരാശയിൽ നമ്മെ എത്തിക്കുന്നതാണോ അത്? അല്ല. കാരണം, പരിശുദ്ധാത്മാവിനെ സ്വീകരിച്ചവരിലേക്ക് ആത്മാവുവഴി ദൈവസ്നേഹം സമൃദ്ധിയായി ചൊരിയപ്പെട്ടിരിക്കുന്നു. മാനുഷികമായ പ്രത്യാശ നിരാശാജനകമായിരിക്കാം. ക്രൈസ്തവൻെറ പ്രത്യാശ ദൈവികമാണ്. മനുഷ്യരോടുള്ള ദൈവത്തിൻെറ സ്നേഹത്തിലാണതു് അടങ്ങിയിരിക്കുന്നത്. ഈ ദൈവസ്നേഹം മനുഷ്യർക്ക് ദൈവത്തോടുള്ള സ്നേഹമല്ല; മറിച്ച്, ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹമാണ്. ദൈവത്തിൽനിന്നാണ് ഈ സ്നേഹം ഉത്ഭവിക്കുക. ദൈവംതന്നെ ഓരോ ക്രൈസ്തവനിലും വസിക്കുന്നതുകൊണ്ട് തികഞ്ഞ പ്രത്യാശയോടെ അവർക്കു ജീവിക്കുവാൻ സാധിക്കും.

ചിന്തിക്കാൻ

1. പരി. ത്രിത്വത്തിൻെറ തിരുനാളാണിന്ന്. മനുഷ്യരക്ഷ സാധിക്കുന്നതിൽ പിതാവും, പുത്രനും, പരിശുദ്ധാത്മാവും വഹിച്ച പങ്കിനെക്കുറിച്ച് ചിന്തിക്കുക.
2. ദൈവത്തിലുള്ള നമ്മുടെ വിശ്വാസം എങ്ങനെ നാം പ്രകടമാക്കുന്നു.

## സുവിശേഷപ്രഘോഷണം ഒരു ചുമതല.

ജൂൺ 21: ശ്ലീഹാക്കാലം 3-ാം ഞായർ. 1 കൊറി. 9: 16-18.

പൗലോസ്ശ്ലീഹ രൂപംകൊടുത്തതാണ് കൊറീന്തിലെ സഭ. ആ സഭയിൽ ക്രൈസ്തവ വിശ്വാസത്തിന് നിരക്കാത്ത പലതും വളർന്നുവരുന്നതായി അപ്പസ്തോലൻ അറിഞ്ഞു. അതിനാൽ ഒന്നാം ലേഖനത്തിൽ അത്തരത്തിലുള്ള പ്രശ്നങ്ങളാണദ്ദേഹം ചർച്ച ചെയ്യുന്നത്. വിവാഹം, കന്യാത്വം, വിഗ്രഹങ്ങൾക്കർപ്പിച്ച മാംസം ഭക്ഷിക്കൽ, തുടങ്ങി പലതിനേയുംകുറിച്ച് അവരുടെ ഇടയിൽ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു: ഇക്കാര്യങ്ങളിൽ അപ്പസ്തോലൻെറ അഭിപ്രായം അവർ ആരാഞ്ഞിരുന്നു. 7 മുതലുള്ള

www.malankaralibrary.com

അദ്ധ്യായങ്ങൾ അപ്പസ്തോലന്റെ മറുപടിയാണ്. വിഗ്രഹങ്ങൾക്കർപ്പിച്ച മാംസം ഭക്ഷിക്കുന്നതിന്റെ ധാർമ്മികത ചർച്ച ചെയ്യുമ്പോൾ (8: 1– 11: 1) അപ്പസ്തോലൻ തന്റെ മാതൃക ചൂണ്ടിക്കാട്ടുന്നു. അതിലെ പ്രസക്തമായൊരു ഭാഗമാണ് 9: 16–18

വിഗ്രഹങ്ങൾക്കർപ്പിക്കപ്പെട്ട മാംസം വാങ്ങി പാകം ചെയ്ത് ഭക്ഷിക്കാമോ എന്നതാണ് പ്രശ്നം. അത്തരം മാംസം കടകളിൽ കിട്ടുമായിരുന്നു; അതു ഭക്ഷിച്ചു ശീലിച്ചവരാണ് കൊറീന്ത്യക്കാർ. ക്രിസ്ത്യാനികളായപ്പോൾ തുടർന്നും അവർക്കതു ഭക്ഷിക്കാമോ? അതിനുത്തരം നല്കുന്നതാകട്ടെ ഒരു പ്രത്യേക വിധത്തിലും. സഹോദരന്റെ നന്മയെപ്രതി ചില അവകാശങ്ങൾ നാം ത്യജിക്കേണ്ടിവരും. നിസ്വാർത്ഥ സ്നേഹമുള്ളവർക്കേ അവകാശങ്ങൾ ത്യജിക്കാനൊക്കുകയുള്ളു. നിസ്വാർത്ഥ സ്നേഹത്തിന്റെ മാതൃകയായി സ്വന്തം പ്രേഷിതവേല ചൂണ്ടിക്കാണിക്കുകയാണ് അപ്പസ്തോലൻ. അപ്പസ്തോലനെന്ന നിലയിൽ തനിക്കുള്ള അവകാശങ്ങളെക്കുറിച്ചാണ് 9: 1–14 വരെ ചർച്ച ചെയ്യുന്നത്.

വാ. 15–18. മേൽ വിവരിച്ച അവകാശങ്ങളൊന്നും തന്നെ അപ്പസ്തോലൻ ഉപയോഗിച്ചിട്ടില്ലത്രേ. ക്രിസ്തുവിനേയും സഹോദരങ്ങളേയും പ്രതി എല്ലാം ത്യജിച്ചു. സുവിശേഷ പ്രഘോഷണം അപ്പസ്തോലന്റെ കടമയാണ്; ആ കടമ സ്വയം ഏറ്റെടുത്തതല്ല; മറിച്ച്, ഏല്പിക്കപ്പെട്ടതാണ്. സ്വയം ഏറ്റെടുത്തതായിരുന്നെങ്കിൽപ്രതിഫലം അന്വേഷിക്കാമായിരുന്നു. ആകയാൽ, ആ കടമ നിറവേറ്റാതിരിക്കുക വലിയ തിന്മയാണ്. എന്നാൽ ഏല്പിക്കപ്പെട്ട കടമ നിറവേറ്റുന്നതിന്റെ പ്രതിഫലമെന്താണ്? സുവിശേഷപ്രഘോഷണം നല്കുന്ന അവകാശം ഉപയോഗിക്കാതെ, എല്ലാവർക്കും സുവിശേഷം എത്തിക്കുക. അതിനുള്ള സ്വാതന്ത്ര്യമാണ് അപ്പസ്തോലന്റെ പ്രതിഫലം — നിസ്വാർത്ഥ സേവനത്തിനുള്ള വിളി. എന്തിന്? "എല്ലാവർക്കും എല്ലാമായി തീരുവാൻ."

അപ്പസ്തോലനെ അനുകരിച്ച് കൊറിന്ത്യക്കാരും തങ്ങൾക്ക് അവകാശപ്പെട്ടതെന്നും, അനുവദനീയമെന്നും തോന്നുന്ന പലതും, സഹോദരന്റെ നന്മയെ കരുതി, സഹോദരനെ നേടുവാനായി ത്യജിക്കണമെന്ന് അപ്പസ്തോലൻ സമർത്ഥിക്കുന്നു. അതെ, നിസ്വാർത്ഥസേവനത്തിന് തയ്യാറാവുക.

## മൺപാത്രങ്ങളിലെ നിക്ഷേപം

### ജൂൺ 28: ശ്ലീഹാക്കാലം 4–ാം ഞായർ 2 കൊറി. 4: 7–12.

കൊറീന്ത്യർക്കുള്ള രണ്ടാം ലേഖനത്തിലൂടെ (4: 1–5: 21) അപ്പസ്തോലൻ തന്റെ സഹനത്തിലേക്കും അതിന്റെ ലക്ഷ്യത്തിലേക്കും വിരൽ ചൂണ്ടുകയാണ്. സുവിശേഷത്തിന്റെ പേരിലാണദ്ദേഹം സഹിക്കുന്നത്— ക്രിസ്തുവിന്റെ സഹനത്തിന്റെ ഫലം അവർക്കു പങ്കുവച്ചുകൊടുക്കുവാൻ 4: 7–12 വരെ സുവിശേഷപ്രഘോഷണത്തിന്റെ പ്രത്യേകത എടുത്തുകാട്ടുകയാണപ്പസ്തോലൻ.

1. സുവിശേഷപ്രഘോഷണം പാവനമായ കർമ്മമാണ്.
2. ദൈവത്തിന്റെ ശക്തിയാണ് സുവിശേഷപ്രഘോഷണത്തിലൂടെ പ്രവർത്തിക്കുന്നത്.
3. ആ ശക്തിയാകട്ടെ ബലഹീനരായ മനുഷ്യരിലൂടെ പ്രവർത്തിക്കുന്നു.

www.malankaralibrary.com

4. സുവിശേഷപ്രഘോഷകൻ നാനാവിധത്തിൽ പീഡിപ്പിക്കപ്പെടും.

5. അവർ ക്രിസ്തുവിനെപ്പോലെ സ്വയം 'മരിച്ചു'' മറ്റുള്ളവർക്കു ജീവൻ പ്രദാനം ചെയ്യണം.

വാക്യം 7. സുവിശേഷം പ്രസംഗിക്കുക തന്റെ കടമയായി കണ്ട (cor 9: 16) അപ്പസ്തോലൻ, ഈ കടമയെ ദൈവം തനിക്കു നല്കിയ ദാനമായി കാണുന്നു. സഭയെ പീഡിപ്പിച്ച സാവൂളിനെ ദൈവം വിളിച്ചതെങ്ങനെയെന്നു പൗലോസിന്നറിയാം. ദൈവമാണദ്ദേഹത്തെ നേരിട്ടു വിളിച്ചതു്. ദൈവം വിളിക്കാതെ സ്വയം ഏറ്റെടുക്കാവുന്ന ഒന്നല്ല ഈ ദൗത്യം. അതു വിജയിക്കുക മനുഷ്യന്റെ കഴിവുകൊണ്ടല്ല, ദൈവത്തിന്റെ പ്രവർത്തനത്താലാണു്. മാത്രമല്ല, പാവനമായ ഈ ദാനം അഥവാ ദൗത്യം ദൈവം ഏല്പിച്ചിരിക്കുന്നതു് ബലഹീനരായ മനുഷ്യരെയാണു്: ''മൺപാത്രങ്ങൾ'' എന്ന പദം ഈ ദാനം സ്വീകരിച്ച മനുഷ്യരേയും അവരുടെ കഴിവില്ലായ്മയേയും സൂചിപ്പിക്കുന്നു. മൺപാത്രം ബലഹീനമാണു്. പെട്ടെന്നു് തകർന്നുപോകാം. ദൈവമെന്തിനാണു് ഇത്ര വലിയ ദൗത്യം ബലഹീനരായ മനുഷ്യരെ ഏല്പിച്ചതു്, അവർ അഹങ്കരിക്കാതിരിക്കുവാൻ. അവരല്ല, അവരിലൂടെ ദൈവമാണു് പ്രവർത്തിക്കുന്നതെന്നു കാണിക്കുവാൻ.

വാ. 8-10. അപ്പസ്തോലൻ തന്റെ ബലഹീനത എടുത്തുകാട്ടുന്നു. സുവിശേഷത്തിന്റെ പേരിൽ താൻ നാനാവിധത്തിൽ പീഡിപ്പിക്കപ്പെടുന്നു. തനിക്കു നേരിടേണ്ടിവന്ന പീഡനങ്ങളെയാണദ്ദേഹം സൂചിപ്പിക്കുന്നതു്. എന്തെല്ലാം പ്രതിബന്ധങ്ങൾ ഉണ്ടായിട്ടും അദ്ദേഹം പരാജയപ്പെട്ടില്ല; സുവിശേഷപ്രഘോഷണത്തിൽനിന്നു പിന്മാറിയില്ല. എല്ലായ്പ്പോഴും തന്നെ താങ്ങി, തനിക്കു ശക്തിനല്കി നയിച്ച ദൈവത്തിന്റെ പ്രവർത്തനമാണു് ശ്ലീഹാ ഇവിടെ കാണുക.

വാ. 11_12. നമുക്കു ജീവൻ നല്കുവാൻവേണ്ടി ക്രിസ്തു മരിച്ചു. ക്രിസ്തുവിന്റെ അപ്പസ്തോലനും മറ്റുള്ളവക്കു് ആദ്ധ്യാത്മികജീവൻ നല്കുവാൻവേണ്ടി ശാരീരികമായ പീഡനങ്ങളും ചിലപ്പോൾ മരണംതന്നെയും കൈവരിക്കേണ്ടിവരുമെന്നു് അദ്ദേഹം മുൻകൂട്ടി കാണുന്നു. ഇപ്രകാരം ക്രിസ്തുവിനുവേണ്ടി പീഡകൾ സഹിക്കുവാൻ ഓരോ സുവിശേഷപ്രഘോഷകനും തയ്യാറാകണം.

ചിന്തിക്കാൻ

1. മാമോദീസവഴി ഓരോ ക്രൈസ്തവനും സുവിശേഷപ്രഘോഷണത്തിനു വിളിക്കപ്പെട്ടിരിക്കുന്നു. അതൊരു ദാനവും, നീക്കിവയ്ക്കുവാൻ വയ്യാത്ത കടമയുമാണു്.

2. ക്ലേശങ്ങളും ബുദ്ധിമുട്ടുകളും സഹിക്കാതെ ക്രിസ്തുശിഷ്യനാകുവാനും, സുവിശേഷം പ്രസംഗിക്കുവാനും സാദ്ധ്യമല്ല. ക്ലേശങ്ങൾ കണ്ടു് പിൻതിരിയുമ്പോൾ ദൈവത്തിലല്ല നാം ആശ്രയിക്കുക.

3. നമ്മുടെ കഴിവിലോ കഴിവുകേടിലോ ആശ്രയിക്കരുതു്. ദൈവമാണു് ആ കടമ നമ്മെ ഏല്പിച്ചിരിക്കുന്നതെങ്കിൽ അതു നിറവേറ്റുവാൻ വേണ്ട ശക്തിയും അവിടുന്നു് നമുക്കു നല്കും.

ഡോ. വിൽസൺ ഊക്കൻ.

www.malankaralibrary.com

Reg. No. R. N. 27314/72

Printing: St. Joseph's Press, Mannanam
Published from St. Thomas Ap. Seminary, Kottayam-10
By Msgr. Z. Vazhappilly.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com